

Malayalee
Association of the UK

# ജനനി

സെപ്റ്റംബർ 2017

ഓണാശംസകൾ

## നാഴിയിടങ്ങഴി മണ്ണും നാരായണക്കിളിക്കൂട്ടും

പി. സുജാതൻ

## വാൻഗോഗിന്റെ ചെവിയും മലയാളികളും

ജോസ് ആന്റണി

## മലയാളത്തിന്റെ മാറ്റുരയ്ക്കുമ്പോൾ

വി പ്രദീപ്

## സ്വിറ്റ്സർലാൻഡിലെ കുലീനസ്ത്രീ

അലക്സ് കണിയാംപറമ്പിൽ

## കട്ടൻകാപ്പിയും കവിതയും

## Sheila Chandra

WORLD FAMOUS UK MALAYALEE MUSICIAN TURNS SUCCESSFUL AUTHOR

# ജനനി

Malayalee Association of the UK

പത്രാധിപ സമിതി
**പ്രിയവ്രതൻ**
**ശ്രീകല നായർ**
**ജോസ് ആന്റണി**
**മുരളി മുകുന്ദൻ**

ഡിസൈൻ & ലേ ഔട്ട്
**അനിൽരാജ്**
**തിരുവനന്തപുരം**

ചിത്രീകരണം
**ജോസ് ആന്റണി**

ഒരു മലയാളീ
അസോസിയേഷൻ ഓഫ് ദ
യൂ കെ പ്രസിദ്ധീകരണം.



## മുഖക്കുറി

ജനനി വാർഷികപ്പതിപ്പ് വായനക്കാരുടെ കൈകളിൽ സമർപ്പിക്കുകയാണ്.

പ്രഗൽഭരുടെയും പ്രശസ്തരുടെയും കൃതികൾ ഉൾപ്പെടുത്തി ഇത് പോലൊരു പ്രസിദ്ധീകരണം തയ്യാറാക്കുന്നത് വളരെ അനായാസം കഴിയുന്ന കാര്യമാണ്. പക്ഷെ അത് ഈ ഉദ്യമത്തിന്റെ ലക്ഷ്യത്തെത്തന്നെ തടയിടുമെന്ന് ഞങ്ങൾ കരുതുന്നു .

ലണ്ടനിലുള്ളവരുടെ രചനകൾക്ക് പ്രാധാന്യം നൽകിയാണിത് തയ്യാറാക്കി യിരിക്കുന്നത്. ബ്രിട്ടനിലെ മലയാളികളുടെ ചരിത്രത്തോടൊപ്പം സഞ്ചരിച്ച, പലപ്പോഴും ഒരു സാംസ്കാരിക മാർഗ്ഗ രേഖ കൂടി വരച്ചിട്ട ജനനിയുടെ പ്രസാധകർ കൂടിയായ മലയാളീ അസോസിയേഷൻ ഓഫ് ദ യൂ കെയുടെ സേവന മേഖലകളും പ്രവർത്തന രംഗത്തെ അഭിമാനകരമായ നാഴികക്കല്ലുകളും ഇവിടെ പരിചയപ്പെടുത്തുന്നു. അതിന്റെ ഒരു ആഘോഷവും കൂടിയായി ഈ വാർഷികപ്പതിപ്പ് നിങ്ങളുടെ കൈകളിൽ എത്തുകയാണ്.

വായിക്കുക, സ്വീകരിക്കുക, അഭിപ്രായങ്ങൾ അറിയിക്കുക.

സ്നേഹാദരങ്ങളോടെ

**മണമ്പൂർ സുരേഷ്**
(എഡിറ്റർ)
sureshmsj@gmail.com

inside






Malayalee
Association of the UK

Malayalee
Association of the UK

ജനനി

# THE EVOLVING ROLE OF MAUK

Malayalee Association of the UK (MAUK), which can trace its roots back to Shri V K Krishna Menon's Kerala Samajam of the 1930s, has a proud history of being at the forefront of serving the Malayalee community for many decades. Through grassroot level interaction, innovative and timely projects, disciplined and structured management style and meticulous fiscal management, MAUK has provided diverse and devoted services to the Malayalee community and led from the forefront to ensure the voice of our community is heard.

MAUK has always held a fond place in the hearts and minds of the first and second generation Malayalees, as it was their focal point to meet and make friends. It gave them a common platform to celebrate their unique cultural identity in a society that was new and inadmissible to them. Despite this strong bond with the community members, MAUK, in the last decade or so, have not managed to find the same affection among the newly migrated cohort and have somehow become distant from the third generation as well.

The influx of Malayalees since the mid Nineties has transformed the dynamics of the UK Malayalee population. This increased and diversified the needs of our community and the challenges it posed. In turn, this has led to many gatherings and organisations mushrooming all over U.K. based on villages, towns and districts in Kerala. Whilst these groups may necessitate provisions for social gatherings, their limited vision and scope are at times hindering the exposure of their members to the wider vision of modern British society, its values and lifestyles. It is also obstructing institutions like MAUK in their attempt to unite our community as one, build on the unique identity as British Malayalees and collectively enhance the living standards of Malayalees from all walks of life.

The cultural gap between generations, the uncertain future of those who overstayed their visa, the challenges to preserve Malayalam among the next generation, the excessive expectation of parents for their children to excel and follow the prescribed paths that parents envisage for them, are just a few of the many ongoing challenges that the Malayalee community face today.

However, in my opinion, the biggest threat that we face as a community is the recent surge in religion, caste and politics-based organisations that are not only dividing our community but it is also stalling the newly arrived community members from integrating with the host culture and community. It is creating secluded and isolationist pockets of caucuses within our society. MAUK should challenge the rise in fundamentalism and segregation- head on and without fear. We are continuing with our endeavour to build a British Malayalee culture that combines the best principles of both Indian and Western culture, which are based on individual freedom, family values and community spirit. This, along with the modernisation of MAUK for a smooth transition to the next generation is among the top priorities of the current Director Board. We believe that the focus should be on more integration whilst preserving our inherited culture, tradition and customs. We aim to achieve this by providing opportunities for our community members to explore the diverse cultures that London has to offer, whilst enabling people from other cultures to experience what both Kerala, and we as a community have to offer. I hope that you will support us in this mission.

Be it your views on this article or this Souvenir or maybe you have an opinion or suggestion regarding MAUK, or perhaps you have ideas or projects that MAUK could help with- we would love to hear from you! Call me on 07960212334 or email us at info@mauk.org.

**Sreejith Sreedharan**
Secretary | MAUK


MALAYALEE ASSOCIATION OF THE UK
Kerala House, 671 Romford Road
Manor Park, London E12 5AD
Charity no. 1102663, Company no. 4934048

mauk.org
info@mauk.org
0044 (0)208 553 4667
mauklondon

പി. സുജാതൻ

# നാഴിയിടങ്ങഴി മണ്ണിൽ നാരായണക്കിളിക്കൂട്ടം

ഇന്ത്യയുടെ തെക്കുപടിഞ്ഞാറെ തീരത്ത് ഒരു തേരട്ടയെപ്പോലെ നീണ്ടുകിടക്കുന്ന കേരളത്തിലെ മനുഷ്യജീവിതം വളരെ വ്യത്യസ്തവും ഏറെക്കുറെ വിചിത്രവുമാണ്. രാഷ്ട്രീയമായും സാമൂഹികമായും രാജ്യത്തിന്റെ ഇതര പ്രദേശങ്ങളെക്കാൾ വിഭിന്നമായി ചിന്തിക്കുന്ന ഒരു ജനവിഭാഗമാണ് മലയാളി. നൂറ്റാണ്ടുകളായി വൈദേശിക ഭാവങ്ങളെ ഉൾക്കൊണ്ടതിനാലോ വാണിജ്യാവശ്യങ്ങൾക്കെത്തിയ വിദേശികളുമായി നിരന്തരം ഇടപഴകിയതുകൊണ്ടോ ചരിത്രപരമായിത്തന്നെ മലയാളിസമൂഹം ദേശീയ പൊതുധാരയിൽ അലിയാൻ കൂട്ടാക്കുന്നില്ല. അതുകൊണ്ട് മലയാളി സ്വന്തം നാട്ടിൽതന്നെ പണ്ടേ ആഗോളവൽക്കരിക്കപ്പെട്ട ഒരു ജനസമൂഹമാണ്.

ഭാഷാ സംസ്ഥാന രൂപീകരണത്തിനുശേഷം ഇന്ത്യൻ യൂണിയനിൽ നടന്ന ആദ്യത്തെ പൊതു തിരഞ്ഞെടുപ്പിലെ (1957) ഫലം പരിശോധിച്ചു നോക്കുക. കേരളം ഒഴികെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നയിച്ച കോൺഗ്രസ്സ് മഹാഭൂരിപക്ഷത്തോടെ ജയിച്ച് അധികാരത്തിൽ വന്നു. കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി ജയിച്ചു. ജയിക്കാനും ഭരിക്കാനുമായി ഇലക്ഷനിൽ മത്സരിച്ചതല്ല കമ്യൂണിസ്റ്റ് പാർട്ടി. തൊഴിലാളിവർഗ്ഗ സമരത്തിലൂടെ വിപ്ലവം നടത്തി അധികാരത്തിൽ വരാൻ ഇഷ്ടപ്പെട്ടിരുന്ന കമ്യൂണിസ്റ്റ് പാർട്ടി തെരഞ്ഞെടുപ്പിൽ മത്സരിച്ചത് ആശയപ്രചരണാർത്ഥം ആയിരുന്നു. വിപ്ലവാശയങ്ങൾ ജനങ്ങളിലെത്തിക്കാനുള്ള ഒരു അവസരം മാത്രമായി തെരഞ്ഞെടുപ്പിനെ കണ്ടവർക്ക് അപ്രതീക്ഷിതമായി കേരളം ഭൂരിപക്ഷം നൽകി. രാജ്യത്തിനുള്ളിലും വെളിയിലും രാഷ്ട്രീയ ചിന്തകരിൽ അത് അളവറ്റ വിസ്മയം ജനിപ്പിച്ചു. പക്ഷേ മലയാളിക്ക് അത് സഹജവും സ്വാഭാവികവുമായ ഒരു തീരുമാനമായിരുന്നു. അടിമുടി വ്യത്യസ്തബാലന്മാരുടെ നാടാണ് മലയാളികളുടെ മാതൃഭൂമി. ലോകം ഉദാരവൽക്കരണം തുടങ്ങും മുമ്പേതന്നെ വളരെ ഉദാരമതികളായവർ. പണ്ടുപണ്ടേ ആഗോളവൽക്കരിക്കപ്പെട്ടവർ. സ്വകാര്യമായി സമത്വബോധവും സാഹോദര്യവും താലോലിക്കുന്ന മലയാളിയുടെ ജീവിതത്തിൽ സൂക്ഷിച്ചുനോക്കുക.



ഉപയോഗിച്ചു വലിച്ചെറിയുന്ന ആഗോള സംസ്കാരം മലയാളിക്ക് നൂറ്റാണ്ടുകളായി ശീലമാണ്. സദ്യ ഉണ്ടശേഷം ഇല ദൂരേക്ക് എറിയുന്ന മലയാളിയുടെ എല്ലാ കറികളിലും കറിവേപ്പില അവശ്യഘടകമാണല്ലോ. 'നീ എന്നെ വെറും കറിവേപ്പില ആക്കരുത്'' എന്ന് ഒരു മലയാളി പരിഭവപ്പെട്ടാൽ അതിന്റെ അർത്ഥം വ്യക്തം. ഉപയോഗിച്ച ശേഷം നിഷ്ക്കരുണം വലിച്ചെറിയരുതെന്നു തന്നെ.

സാമ്പത്തിക ശാസ്ത്രത്തിൽ നൊബേൽ സമ്മാനം നേടിയ അമർത്യാസെൻ ലോകത്തോട് 'കേരള മോഡൽ' വികസനത്തെക്കുറിച്ച് വാചാലനായി സംസാരിച്ചു. യു.എസ് വൈസ് പ്രസിഡന്റായിരുന്ന അൽഗോറിന് 'എർത്ത് ഇൻ ദ ബാലൻസ്'' എന്ന ഗ്രന്ഥരചനയ്ക്കുള്ള വിഷയത്തിൽ കേരളത്തിന്റെ മാതൃകാ വികസനത്തെക്കുറിച്ച് പരിചയപ്പെടുത്തിയത് അമർത്യാസെൻ ആണ്. പട്ടിണിരാജ്യമായ എത്തിയോപ്യയിലെ ആളോഹരി വരുമാനത്തെക്കാൾ താഴ്ന്ന വരുമാനമുള്ള കേരളീയർ ന്യൂയോർക്ക് നഗരത്തിലെ മനുഷ്യരുടെ സാമൂഹിക ജീവിത സാഹചര്യം കൈവരിച്ചു. ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, ശിശുമരണ നിരക്കിലെ കുറവ് എന്നിങ്ങനെയുള്ള കാര്യങ്ങളിലും ആയുർദൈർഘ്യത്തിലും അതിവികസിത അമേരിക്കയുടെ ഒപ്പം നിൽക്കുന്നു പട്ടിണിപ്പാവങ്ങളുടെ രാജ്യമായ ഇന്ത്യയിലെ കേരളം. വരുമാനമല്ല ജീവിത നിലവാരത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്ന അടിസ്ഥാന ഘടകമെന്ന സാമ്പത്തിക സിദ്ധാന്തം പരിചയപ്പെടുത്താൻ ഡോക്ടർ സെൻ കേരളത്തെ ഉത്തമമായ ഉദാഹരണമായി ഉയർത്തിക്കാട്ടി. 'ഉള്ളതുകൊണ്ട് ഓണംപോലെ' എന്നൊരു പഴഞ്ചൊല്ല് ഉള്ള ഭാഷയാണ് മലയാളിയുടേതെന്ന് അൽഗോറിനും അമർത്യാസെന്നിനും അറിയില്ലല്ലോ.


കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളായി കേരളത്തിന്റെ മഹനീയവും ലോകപ്രശസ്തവുമായ ഈ വികസനമാതൃക തകിടംമറിയുകയാണ്. കള്ളവും ചതിയും എള്ളോളം പൊളിവചനവും ഇല്ലാത്തവരായി ജീവിക്കാൻ മലയാളിക്ക് കഴിയുന്നില്ല. കള്ളപ്പറയും ചെറുനാഴിയും കള്ളത്തരങ്ങളും കേരളത്തിൽ നിത്യജീവിത ശീലമായി വളരുന്നു. കൈക്കൂലി കോമരങ്ങൾ സർക്കാർ ഓഫീസുകളിൽ പതിയിരുന്ന് പെരുച്ചാഴികളായി വളർന്നു. തൊഴിലില്ലായ്മാ വേതനം പറ്റാൻവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് ചേർത്തശേഷം നാടുവിട്ടോ നാട്ടിൽ തരികിടകൾ കാട്ടിയോ ധനമുണ്ടാക്കി ജീവിക്കുന്ന 40 ലക്ഷം യുവാക്കൾ കേരളത്തിലുണ്ടെന്നാണ് ഔദ്യോഗിക കണക്ക്. ശാരീരികാദ്ധ്വാനം ആവശ്യമുള്ള വിയർക്കുന്ന പണിയെല്ലാം ബംഗാളി, ബീഹാറി, തമിഴൻ, ഒറിയൻ, ആസാമി തുടങ്ങിയ അന്യസംസ്ഥാനത്തൊഴിലാളികളെ ഏൽപ്പിച്ച ശേഷം മലയാളി യുവത്വം കുറുക്കുവഴികളിലൂടെ പണമുണ്ടാക്കി അതിവേഗ ഇരുചക്രവാഹനങ്ങളിൽ മതിമറന്നുപായുന്നു. ഭക്ഷിക്കാനുള്ളതെല്ലാം അയൽസംസ്ഥാനങ്ങളിൽ നിന്നു വരണം. വയലേലകളും കൃഷിയിടങ്ങളും നികത്തി മണിമാളികകൾ നിർമ്മിച്ച് ആൾപാർപ്പില്ലാതെ അടച്ചിട്ടിരിക്കുന്നു. ഗൾഫിൽ നിന്നും മറ്റ് വിദേശനാട്ടുകളിൽ നിന്നും എൻ.ആർ.കെ എന്ന പ്രവാസി മലയാളികൾ അധ്വാനമിച്ചമായി സ്വരൂപിച്ച് അയയ്ക്കുന്ന പണം ആർഭാടങ്ങൾക്കായി ധൂർത്തടിക്കുന്നു. സ്വർണ്ണത്തിലും തരിശുഭൂമിയിലും നിക്ഷേപമായി പരസഹസ്രം കോടിരൂപ ചത്തുകിടക്കുന്നു. ശവശരീരം മറവു ചെയ്യാൻപോലും ആറടി മണ്ണ് സ്വന്തമായില്ലാത്ത നാലുലക്ഷം കുടുംബങ്ങൾ കേരളത്തിൽ ഉണ്ടെന്ന് സർക്കാരിന്റെ ലൈഫ് മിഷൻ സർവെ ഈയിടെ കണ്ടെത്തി. അതേസമയം ഒരു ലക്ഷത്തിലേറെ ഏക്കർ സ്ഥലം തുണ്ടുതുണ്ടുകളായി വിലകൂട്ടുമെന്ന പ്രതീക്ഷയിൽ വാങ്ങി വെറുതേ ഇട്ടിരിക്കുന്നതും കണ്ടെത്തിയിട്ടുണ്ട്. ഭൂമിയെ ഉൽപ്പാദനക്ഷമമാക്കിയില്ലെങ്കിൽ അതിനെന്തു വില? ഭൂക്ഷാമത്തിന്റെ മറവിൽ വില വർദ്ധനവു പ്രതീക്ഷിച്ച നിക്ഷേപം നടത്തിയവർ കർഷകരോ വ്യവസായികളോ അല്ല. റിയൽ എസ്റ്റേറ്റ് എന്ന വ്യാപാരം കുത്സിതമായ ഭൂമാഫിയ ആയി വളർന്ന് കേരളത്തിൽ അധോലോക സംസ്കാരത്തോട് കൂട്ടുചേർന്നു. ഉദ്യോഗസ്ഥർ, രാഷ്ട്രീയക്കാർ, കരാറുകാർ, കയ്യേറ്റക്കാർ, മണൽ–റിയൽ എസ്റ്റേറ്റ് മാഫിയ, ക്വട്ടേഷൻ സംഘങ്ങൾ, അബ്ക്കാരികൾ എന്നിവർ ഉൾപ്പെട്ട തൽപ്പരകക്ഷികളുടെ ഇരുണ്ട സാമ്രാജ്യമായി മാറിക്കഴിഞ്ഞ കേരളത്തിൽ സാധാരണ ജീവിതം ഒരു പേക്കിനാവായി തീർന്നിട്ട് കാലം കുറച്ചായി. പുറമേ കാണുന്ന പച്ചപ്പ് ഭൂമി കയ്യേറ്റക്കാരും മലമറിപ്പന്മാരും തുരപ്പന്മാരും ചേർന്ന് നശിപ്പിച്ചുകൊണ്ടിരിക്കുന്നതിന്റെ നിലവിളിയാണ് മൂന്നാറിൽ നിന്ന് ഇടയ്ക്കിടെ കേൾക്കുന്നത്. ജീവവാഹിനികളായിരുന്ന 44 നദികൾ വരണ്ട് ഉണങ്ങിക്കിടക്കുന്നു. അതിവൃഷ്ടിയും അനാവൃഷ്ടിയും പതിവായി. ദൈവത്തിന്റെ സ്വന്തമെന്ന് പറയപ്പെട്ട കേരളം ചെകുത്താന്റെ വാസസ്ഥലമാണെന്ന് തിരിച്ചറിയാൻ ഒരു പകൽ സഞ്ചാരം മാത്രം മതി. തിരുവനന്തപുരത്തുനിന്ന് രാവിലെ മംഗലാപുരത്തേയ്ക്ക് പുറപ്പെടുന്ന പരശുറാം എക്സ്പ്രസ്സ് ട്രെയിനിൽ ഒരു രണ്ടാംക്ലാസ്സ് ജനറൽ കമ്പാർട്ട്മെന്റിൽ കയറി ഇരിക്കുക. കാസർകോട് വരെ 650 കിലോമീറ്ററോളം നീണ്ട ഒരു യാത്ര. പ്രതിജന ഭിന്നവിചിത്രമായ കേരളം മനോഹരവും ഭീതിജനകവും വിസ്മയാവഹവുമായ ഒരു ചിത്രീകരണമായി ഏതാനും മണിക്കൂറിനുള്ളിൽ യാത്രികന്റെ മുന്നിലൂടെ മിന്നിമറയും. മലയാളത്തിലെ എക്കാലത്തെയും മികച്ച ഒരു സിനിമയോ നോവലോ യാത്രാവിവരണമോ ആ ട്രെയിൻ യാത്രാനുഭവത്തിൽ നിന്ന് രസകരമാംവിധം ഉണ്ടായെന്നുവരാം. അതിന് യാത്രികൻ നല്ല സംവേദന ശീലമുള്ള ഒരാളായിരിക്കണമെന്നുമാത്രം.

കൈക്കൂലി നൽകാൻ മടിയുള്ള കർഷകൻ വില്ലേജ് ഓഫീസിൽ രാത്രി കെട്ടിത്തൂങ്ങി ജീവിതം അവസാനിപ്പിക്കേണ്ടിവരുന്നതിനുള്ള ഉത്തരം ഒരു ഭരണകൂടത്തിന്റെയും പക്കലില്ല. പ്രാദേശിക രാഷ്ട്രീയ ദുസ്വാധാനം മൂലം വില്ലേജ് ഓഫീസർ പാവപ്പെട്ട ആ കൃഷിക്കാരന്റെ ഭൂനികുതി വാങ്ങി രസീതു നൽകാൻ വിസമ്മതിച്ചു. മാസങ്ങളോളം നടന്ന് നിരാശനായ അയാൾ ആത്മഹത്യ ചെയ്തതിന്റെ പിറ്റേന്ന് വില്ലേജ് ഓഫീസർ നിരാലംബമായ ആ കുടുംബത്തോട് 'നീതി' കാട്ടി. ഭൂമിയുടെ കൈവശരേഖ കിട്ടാൻ വില്ലേജ് ഓഫീസ് മണ്ണെണ്ണ ഒഴിച്ച് കത്തിക്കേണ്ടിവന്നു തിരുവനന്തപുരത്തെ വെള്ളറട വില്ലേജിൽ ഒരു സാധാരണക്കാരന് അടുത്തകാലത്ത് 'പോക്കുവരവ്' എന്ന നടപടിക്രമം പൂർത്തിയാക്കിക്കിട്ടാൻ അരലക്ഷം രൂപ കൈക്കൂലി വാങ്ങുമ്പോൾ കണ്ണൂരിൽ ഒരു വില്ലേജ് ഓഫീസർ വിജിലൻസിന്റെ പിടിയിലായി.

തൊട്ടതിനും പിടിച്ചതിനും നാട്ടുകാരോട് കൈ നീട്ടാനും സമ്മർദ്ദതന്ത്രങ്ങളിലൂടെ കൈക്കൂലി ആവശ്യപ്പെടാനും ഉദ്യോഗസ്ഥരെ പഠിപ്പിച്ച് നാണംകെട്ടവർഗ്ഗമാക്കിയത് രാഷ്ട്രീയ നേതാക്കളാണ്. റവന്യൂ, രജിസ്ട്രേഷൻ, വിദ്യാഭ്യാസം, പൊതുമരാമത്ത്, ഗതാഗതം, ആരോഗ്യം തുടങ്ങിയ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ ഉപയോഗിച്ച് രാഷ്ട്രീയ പാർട്ടികൾ പലപേരുകളിൽ പിരിവ് നടത്തും. പൊതുജനങ്ങൾ നിരന്തരം നേരിട്ട് ബന്ധപ്പെടേണ്ട ഇത്തരം ഓഫീസുകൾ വഴി ആവശ്യത്തിലേറെ തുക പിരിച്ച ശീലിച്ച ഉദ്യോഗസ്ഥർക്ക് കണക്കറ്റ് കൈക്കൂലി ചോദിക്കാൻ യാതൊരു ലജ്ജയും ഇല്ലാതായി. 'ആദർശ'ത്തിന്റെ ചെറുരോഗമുള്ളവർക്ക് ഒന്നുകിൽ ആത്മഹത്യ ചെയ്യാം; അല്ലെങ്കിൽ കൊലപാതകി ആകാം. അൽബേർ കാമു ആധുനിക മനുഷ്യന് രണ്ട് മരുന്ന് വിധിച്ചു. ആത്മഹത്യയും കൊലപാതകവും. വിപ്ലവം സൃഷ്ടിക്കാൻ പുറപ്പെടുന്നവർ ജീവിതത്തിന്റെ ഏതെങ്കിലും നിർണ്ണായക നിമിഷത്തിൽ ഇവയിൽ ഏതെങ്കിലും ഒന്ന് സ്വീകരിക്കേണ്ടിവരും. മാതൃകാ കേരളത്തിൽ ഇപ്പോൾ അതാണ് സാമൂഹികാവസ്ഥ. ആത്മഹത്യയും കൊലപാതകവും കുറഞ്ഞിട്ടുണ്ടെന്നാണ് സംസ്ഥാന ആഭ്യന്തര വകുപ്പ് പറയുന്നതെങ്കിൽ അതിന്റെ അർത്ഥം നമ്മുടെ വിപ്ലവകാരികൾ കപടവിപ്ലവകാരികളായി മാറിയെന്നാണ്. നൂതനകേരളം കപടമായ ഒരു നിയോ കൊളോണിയൽ തുരുത്താണ്. ഭക്ഷണത്തിലും വെള്ളത്തിലും വായുവിലും വിഷം. ആശയങ്ങളിൽ അതിലും ഭയങ്കരമായ വിഷം.

'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്. അതിൽ നാരായണക്കിളി കൂട്ടുപോലുള്ളൊരു നാലുകാൽ ഓലപ്പുരയുണ്ട്' എന്ന് പാടാൻ ഇന്നത്തെ മലയാള കവിക്ക് കഴിയില്ല. പകരം അയാൾ ഇങ്ങനെ എഴുതും. "ആത്മഹത്യയ്ക്കും കൊലപാതകത്തിനും ഇടയിലൂടാർത്തനാദംപോലെ പായുന്നു ജീവിതം......"





വാൻഗോഗിന്റെ ഛായാചിത്രം

# വാൻഗോഗിന്റെ ചെവിയും മലയാളികളും

ജോസ് ആന്റണി

മലയാളികൾക്കേറെ പ്രിയങ്കരനായ പാശ്ചാത്യ ചിത്രകാരനാണ് വിൻസെന്റ് വില്ലെം വാൻഗോഗ്. ഡച്ച് ചിത്രകാരനായ വിൻസെന്റിന്റെ സംഭവബഹുലമായ ജീവിതമാണോ, അതോ

ചിത്രകലയോടുള്ള അദ്ദേഹത്തിൻറെ ഭ്രാന്തമായ അഭിനിവേശമാണോ, അതുമല്ലെങ്കിൽ കലാചരിത്രത്തിലെ നിർണ്ണായക കണ്ണിയെന്ന നിലക്കാണോ മലയാളിയെ അദ്ദേഹത്തിലേക്ക് ആകർഷിച്ചത്? ഉത്തരം നൽകുക എളുപ്പമല്ല.

വാൻഗോഗ് സ്വന്തം ചെവി മുറിച്ചെടുത്തതിനെക്കുറിച്ചും അത് സമ്മാനിക്കപ്പെട്ട പെൺകുട്ടിയെക്കുറിച്ചും പല ഊഹാപോഹങ്ങളും നിലവിലുണ്ട്.

താൻ സ്ഥിരം സന്ദർശിക്കുമായിരുന്ന വേശ്യയായ കാമുകിക്ക് ഉന്മാദത്തിന്റെ പാരമ്യതയിലെപ്പഴോ ചെവി മുറിച്ച് കൊടുത്തുവെന്നതാണ് ഇതുവരെ രേഖപെടുത്തപ്പെട്ട ചരിത്രം. എന്നാൽ തന്റെ ഏഴുവർഷം നീണ്ട അന്വേഷണത്തിൻറെ ഫലമായി, കലാചരിത്രകാരി ബെർനാടററ് മർഫി കണ്ടെത്തിയ തെളിവുകൾ 'The true story of Vangogh's ear' എന്ന പുസ്തകത്തിലൂടെ ലോകമറിയുമ്പോൾ,





**വാൻഗോഗിന്റെ ജീവിതത്തെ ആസ്പദമാക്കി സിനിമ നിർമ്മിക്കുകയും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ആരും തന്നെ ചെവി മുറിച്ച മാറ്റിയതിന്റെ സത്യാവസ്ഥ അന്വേഷിച്ചതായി ചരിത്രത്തിലില്ല. ഇതാണ് മുറിച്ചുമാറ്റപ്പെട്ട ചെവിയുടെ സത്യാവസ്ഥ അന്വേഷിച്ചിറങ്ങാൻ ബെർനാഡറ്റിനെ പ്രേരിപ്പിച്ചത്**

അതുവരെയുള്ള വാൻഗോഗ് കഥകളുടെ പൊളിച്ചെഴുത്താണ് നിർവഹിക്കപ്പെടുന്നത്.

സ്വന്തം ചെവിയുടെ മുകൾ ഭാഗം മുറിച്ചെടുത്ത് കാമുകിയായ വേശ്യക്ക് വാൻഗോഗ് സമ്മാനിച്ചതെന്നാണ് ഇതുവരെ അറിയപ്പെട്ടിരുന്നത്. എന്നാൽ ബെർനാഡറ്റിന്റെ അന്വേഷണത്തിൽ വെളിപ്പെട്ടത്, ചെവി മുഴുവനായും മുറിച്ചുമാറ്റിയെന്നും അത് സമ്മാനിക്കപ്പെട്ട പെൺകുട്ടി വേശ്യയുമല്ലായിരുന്നുവെന്നുമാണ്.

വാൻഗോഗിന്റെ ജീവിതത്തെ ആസ്പദമാക്കി സിനിമ നിർമ്മിക്കുകയും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ആരും തന്നെ ചെവി മുറിച്ച മാറ്റിയതിന്റെ സത്യാവസ്ഥ അന്വേഷിച്ചതായി ചരിത്രത്തിലില്ല. ഇതാണ് മുറിച്ചുമാറ്റപ്പെട്ട ചെവിയുടെ സത്യാവസ്ഥ അന്വേഷിച്ചിറങ്ങാൻ ബെർനാഡറ്റിനെ പ്രേരിപ്പിച്ചത്.

ബ്രിട്ടീഷുകാരിയായ ബെർനാഡററ് വർഷങ്ങളായി തെക്കൻ ഫ്രാൻസിലെ ആർളിലാണ് ജീവിക്കുന്നത്. 1994 ൽ ഒഴിവുകാലം ആഘോഷിക്കാൻ ആളിൽ (Arles) പോയ ബെർനാഡററ്, അവിടെത്തന്നെ തുടരാൻ തീരുമാനിക്കുകയായിരുന്നു. യാദൃച്ഛികമായാവാം, ഇതിനും നൂറു വർഷങ്ങൾക്ക് മുൻപാണ് വാൻഗോഗ് നെതർലാന്റിലെ സുൻഡർട് (Zundert) എന്ന ഗ്രാമത്തിൽനിന്ന് ആർളിൽ എത്തിച്ചേരുന്നത്. തെക്കൻ ഫ്രാൻസിലെ, സൂര്യപ്രകാശത്താൽ അനുഗ്രഹീതമായ പ്രകൃതി ദൃശ്യങ്ങൾ തന്റെ ചിത്രങ്ങളെ ജീവസ്സുററതാക്കുമെന്നു വാൻഗോഗ് വിശ്വസിച്ചു. ആർളിലുള്ള ബെർണഡറ്റിന്റെ ജീവിതം ആ പ്രദേശത്തുള്ള മ്യൂസിയങ്ങളിലെ വാൻഗോഗ് പെയിന്റിങ്ങുകളുമായി അടുത്തിടപഴകാനും, സൂക്ഷ്മനിരീക്ഷത്തിണനുമുള്ള അവസരത്തിന്നിടയാക്കി. ആർളിൽ താൻ കണ്ട വാൻഗോഗ് ചിത്രങ്ങൾക്ക് ചരിത്ര രചനയുമായി യോജിപ്പില്ലാത്ത വസ്തുതകൾ കണ്ടുപിടിച്ച ബെർനാഡററ് വിശദമായ അന്വേഷണത്തിന്


വാൻഗോഗ് തന്റെ ചെവി ഛേദിക്കാനുണ്ടായ കാരണങ്ങൾ പലതാണ്. തന്റെ ഇളയ സഹോദരൻ തിയോവിന്റെ സ്നേഹത്തിലും, സാമ്പത്തിക സഹായത്തിലും കഴിഞ്ഞിരുന്ന വിന്സെന്റിനു



DOCTEUR REY FÉLIX
6, RAMPE DU PONT
ARLES-SUR-RHONE

ARLES, LE 18 août 1930





വാൻഗോഗിനെ ചികിൽസിച്ച ആശുപത്രിയും, അവിടെയിരുന്നു വരച്ച ചിത്രവും



1988ൽ വാൻഗോഗ് വരച്ച Yellow House, ഇതേ തെരുവിലാണ് വേശ്യാലയം. അതിനടുത്ത തെരുവിലാണ് വാൻഗോഗ് താമസിച്ചിരുന്നത്

തിയോ തന്നിൽ നിന്നും അകന്നു പോകുന്നത് സഹിക്കാൻ കഴിയുന്നതിനപ്പുറമായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് 1888 ഡിസംബർ ഇരുപത്തി ഒന്നിന് അനുജൻ തിയോയുടെ കത്ത് വിൻസെന്റിന് കിട്ടിയത്. തന്റെ വിവാഹനിശ്ചയം കഴിഞ്ഞ കാര്യമാണ് കത്തിലെ മുഖ്യവിഷയം. തിയോ തനിക്കു പ്രിയപ്പെട്ടവനെങ്കിലും കത്തിലെ ഉള്ളടക്കം വിൻസെന്റിനെ ഗ്ലാനിയാക്കി. എങ്കിലും ചിത്രകാരൻ ഗോഗൈൻ കൂടെയുള്ളത് വിൻസെന്റിന്റെ ആത്മവിശ്വാസം ഉലയാതെ നിർത്താൻ സഹായിച്ചു.

മുട്ടാളനും തന്തോന്നിയുമായ ഗോഗൈന്റെ കൂടെയുള്ള ജീവിതം വാൻഗോഗിന് അത്ര സുഖകരമായിരുന്നില്ലെങ്കിലും രണ്ട് ദിവസത്തിനു ശേഷം ഡിസംബർ ഇരുപത്തിമൂന്നിനു താൻ ആർൾ വിട്ടുപോകുകയാണെന്ന കാര്യം ഗോഗൈൻ പറഞ്ഞത് വിൻസെന്റിനെ വീണ്ടും അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിട്ടു. തന്നെ ബാധിച്ചിട്ടുള്ള ചുഴലിയും സ്കിസോഫ്രീനിയയും ഇതിന് പുറമെ അമിത മദ്യപാനവും കൂടിയായപ്പോൾ തൻറെ ജീവിതത്തിന്മേലുള്ള പിടി വിട്ടുപോകുകയും ചെയ്ത വിൻസെന്റിനു ഈ മാനസികാവസ്ഥയിൽ ഒരു താൽകാലിക മോചനമായിരുന്നു സ്വന്തം ചെവി മുറിക്കലും അത് അടുത്തുള്ള വേശ്യാലയത്തിലെ വീട്ടുജോലിക്കാരി ഗബി യെന്ന ഗാബ്രിയേലക്ക് കൊടുക്കുന്നതിലേക്കും കൊണ്ടുചെന്നെത്തിച്ചത്.

എന്തിനാണ് ഗബി എന്ന പെൺകുട്ടിക്ക് വിൻസെന്റ് സ്വന്തം ചെവി സമ്മാനമായി കൊടുത്തതെന്ന ചോദ്യം പ്രസക്തമാണ്. പേ വിഷ ബാധക്ക് ചികിത്സക്കായിട്ടാണ് ഗബി ആ നഗരത്തിൽ എത്തുന്നത്. 18 ദിവസങ്ങൾക്കകം, 20 കുത്തിവയ്പ്പുകൾക്കുള്ള പണം സ്വരൂപിക്കുവാൻ ഗബി അടുത്തുള്ള ബ്രോതൽ ഹൌസിൽ വീട്ടുജോലിക്കാരിയായി.

ഇവിടത്തെ സന്ദർശകനായ വിൻസെന്റിനു ഗബിയോടുള്ള അനുകമ്പ വളർന്ന് അത് സ്വന്തം ചെവി സമ്മാനിക്കുന്നത് വരെയെത്തി. ഒരുപക്ഷെ ഗബിക്ക് ആ സമ്മാനം ആശ്വാസമേകിയേക്കാം എന്ന് വിൻസെന്റ് കരുതിക്കാണണം. ഇതൊരു ഭ്രാന്തൻ പ്രവൃത്തിയായിരുന്നില്ല, മുറിച്ച ചെവി പൊതിഞ്ഞ് കൊടുത്തിട്ട് വിൻസെന്റ് ഗബിയോട് പറഞ്ഞു 'ഇത് സൂക്ഷിച്ച് വക്കണം എന്റെ ഓർമക്കുവേണ്ടി'. ബോധപൂർവ്വം മുറിച്ചുനല്കിയ സമ്മാനമാണത്.

ഈ പുസ്തകം പ്രസിദ്ധീകരിച്ചതോടെ കലാലോകത്ത് 129 വർഷങ്ങളോളം മറഞ്ഞിരുന്ന സത്യം പുറത്തുവന്നിരിക്കയാണ്. ഇതിനുവേണ്ടി ബെർനാഡററ് ആംസ്റ്റർഡാമിലെ വാൻഗോഗ് മ്യൂസിയവും അമേരിക്കയിലെ Bancroft ലൈബ്രറിയും സന്ദർശിച്ചു. ആർളിൽ വാൻഗോഗിനെ ചികിത്സിച്ച ഡോക്ടർ ഫെലിക്സ് റേയുടെ കത്ത് കണ്ടെടുത്തത് Berkley യൂണിവേഴ്സിറ്റി ലൈബ്രറിയിൽ നിന്നാണ്. ഈ കത്തിലാണ് ചെവി മുറിച്ച് മാറ്റപ്പെട്ടതിന്റെ രേഖാ ചിത്രമുള്ളത്. അന്വേഷണത്തിന്റെ ഭാഗമായി പതിനയ്യായിരത്തോളം ആളുകളുടെ വിവരങ്ങൾ തനിക്ക് പരിശോധിക്കേണ്ടിവന്നു വെന്ന് ബെർനാഡററ് ഓർമ്മിക്കുന്നുണ്ട്.

വാൻഗോഗ് 1890 ൽ മുപ്പത്തേഴാം വയസ്സിൽ മരിച്ചെങ്കിൽ ഗബി 1952 ൽ എൺപതാം വയസ്സിലാണ് ഈ ലോകം വെടിയുന്നത്. വാൻഗോഗിനെ തലമുറകൾ ഓർമിക്കുന്നിടത്തോളം കാലം ഗബിയും

സ്മരിക്കപ്പെടും എന്നത് ചരിത്ര നിയോഗമായിരിക്കണം. അസാധാരണമായ വിവിധ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയ ഒരു പ്രതിഭയുടെ ജീവിതത്തിലെ പ്രകടമായ സ്നേഹവും കഷ്ടതകളുമല്ലാതെ വേറെയെന്തായിരിക്കാം മലയാളി കലാസ്വാദകരെ വാൻഗോഗിനെ തങ്ങളുടെ പ്രിയപ്പെട്ട ചിത്രകാരനാക്കിയത്?





കവിത

# ഹുക്ക വലിക്കുന്ന നക്ഷത്രങ്ങൾ

ഇക്ബാൽ വെളിയങ്കോട്

മേയാനിറങ്ങിയ മണൽക്കുന്നുകൾ
മരുക്കടൽ തീരത്ത് തമ്പടിക്കുന്നു.
ഒട്ടകങ്ങൾക്കു കുട പിടിച്ചിരുന്നൊരു
നരച്ച മേഘത്തുണ്ട്
മലഞ്ചെരുവിൽ വിശ്രമിക്കാൻ
പായ തിരക്കുന്നു.
കാരവനുകൾ കടന്നു പോയ മരുപ്പാതയിലേക്ക്
ഒരീന്തപ്പനമരം ഇടക്കിടെ കണ്ണുപായിക്കുന്നു.
ഒളിഞ്ഞിരിക്കുന്ന പുഴ ഞരമ്പുകൾ
മരുച്ചെടികളിൽ ലഹരിയായ് പടരുന്നു.
പകലിലും നക്ഷത്രങ്ങളെ കാണുന്ന
ഒരു ജോഡി ബദുവിയൻ കണ്ണുകൾ
പടിഞ്ഞാറേ ചരുവിൽ
പ്രാർത്ഥനക്കായ് കൈകളുയർത്തുന്നു.
നിലാവു മുറിച്ചു കാണിച്ച
പ്രവാചകനെയും
പ്രണയം വഴി നടത്തിച്ച
മരുപ്രാന്തനെയും
ഒരു മുത്തശ്ശി കഥയായ് വിളമ്പുന്നു.
മരുപ്പച്ച തേടി കടലു കടന്നെത്തിയവൻ
ഗഹവാ പാത്രത്തിനു
കനൽച്ചൂട് കൊള്ളിക്കുന്നു.



# കട്ടൻകാപ്പിയും കവിതയും



**ശ്രീകുമാരൻ തമ്പി, സാറാ ജോസഫ്, കെ സച്ചിദാനന്ദൻ, പി സുജാതൻ, ജയൻ ചെറിയാൻ, പ്രൊഫ ജീ ബാലചന്ദ്രൻ, അശോകൻ ചരുവിൽ, ഡോ രവി രാമൻ, കാവാലം നാരായണ പണിക്കർ, അനിതാ തമ്പി തുടങ്ങി എത്രയോ അതി പ്രഗൽഭരായ പ്രതിഭകൾ കട്ടൻകാപ്പിയും കവിതയും ആസ്വദിക്കാനും ആസ്വദിപ്പിക്കാനും എത്തി. ഏഴ് വര്ഷം കൊണ്ട് അറുപതു തവണ ഒത്തുകൂടി "കട്ടൻകാപ്പിയും കവിതയും" ലണ്ടൻ മലയാളികളുടെ സാംസ്കാരിക വിഹായസ്സിൽ നിരവധി ചിത്രങ്ങൾ ചാലിച്ചെടുത്തു.**

**മണമ്പൂർ സുരേഷ്**



കട്ടൻകാപ്പിയും കവിതയും ചുരുങ്ങിയ കാലത്തിനിടയിൽ ലണ്ടന്റെ സാംസ്കാരിക ഭൂമികയിലെ സൗഹൃദ ലാവണ്യമായി തെളിഞ്ഞു നിൽക്കുകയാണ്. ഇവിടെ കഥയും, കവിതയും നോവലും, നാടകവും, ചലച്ചിത്രവും എല്ലാം ഇഴവേർപെടുത്തിയെടുത്ത് ആസ്വാദ്യതയുടെ പുതിയ തലങ്ങൾ കണ്ടെത്തുന്നു. അതേസമയം ആരുടെയും അറിവിന്റെ തട്ടകം ഇറക്കി പ്രദർശിപ്പിക്കാനുള്ള  വേദിയായും ഇത് മാറുന്നില്ല. ഓരോരുത്തരും ഓരോ കൃതികളെ, നാടകത്തെ, സിനിമയെ എങ്ങനെ ആസ്വദിക്കുന്നു എന്ന് വളരെ ലളിതമായി വിവരിക്കുന്നു. അത് തന്നെ ഒരു സർഗ്ഗ സൃഷ്ട്ടിയോടടുക്കുന്ന പ്രക്രിയ ആയി മാറുന്നു. ഇവിടെ ചലച്ചിത്ര, സാഹിത്യരംഗത്തെ അതിപ്രഗത്ഭർ മുതൽ പുതിയ എഴുത്തുകാർ വരെ തങ്ങളുടെ കൃതികളെപ്പറ്റിയും സൃഷ്ടിരഹസ്യങ്ങളെക്കുറിച്ചും സംസാരിച്ചിട്ടുണ്ട്. ചിത്ര കലയുടെ നൂതന സങ്കല്പ്പങ്ങളെക്കുറിച്ച ആർട്ടിസ്റ്റ് ജോസ് ആന്റണി, മാസ്ടർ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഇനിയും  കട്ടൻകാപ്പിയും കവിതയും എന്ന മലയാളി അസോസിയേഷന്റെ ഈ സ്വതന്ത്ര സാഹിത്യവേദിയിൽ പങ്കെടുത്തിട്ടില്ലെങ്കിൽ, ഇതൊരു നിമിത്തമായിത്തീരട്ടെ എന്നാശിക്കുന്നു.

കട്ടൻകാപ്പിയും കവിതയും എന്ന പേര് തന്നെ സഹൃദയരെ പിടിച്ചു നിർത്തുന്ന ഒരു ആകർഷകത്വം സൂക്ഷിക്കുന്നു. ആരാണീ പേരിനു പിന്നിൽ എന്ന് തിരഞ്ഞാൽ അത് പ്രിയവ്രതനിൽ വന്നു നിൽക്കും.

കട്ടൻകാപ്പിയും കവിതയുടെ കേളികൊട്ടായി വന്നത് സാഹിത്യത്തേക്കാൾ ചലച്ചിത്രമാണെന്നു പറയാം. വിശ്വപ്രസിദ്ധയായ സംവിധായിക കിംലോഞ്ചിനോറ്റോയുടെ ബീഹാറിലെ സ്ത്രീ ശാക്തീകരണത്തെപ്പറ്റിയുള്ള "പിങ്ക്സാരീസ്" എന്ന ചിത്രത്തിന്റെ പ്രദർശനവും സംവിധായികയുമായുള്ള സംവാദവുമായിരുന്നു എം എ യൂ കെ യുടെ കുട്ടികൾ ഉൾപ്പെടുയുള്ള സദസ്സ് അതീവ താല്പര്യത്തോടെ പങ്കെടുത്ത് വിജയിപ്പിച്ചത്. കിംലോഞ്ചിനോറ്റോയുടെ പുതിയ ചിത്രവും തമിഴ്നാട്ടിലെ പ്രസിദ്ധമായ ഒരെഴുത്തുകാരിയെക്കുറിച്ചും സ്ത്രീ ശാക്തീകരണത്തെപ്പറ്റിയുമാണ്. കിംലോഞ്ചിനോറ്റോയെ കട്ടൻകാപ്പിയും കവിതയിലേക്കും ഇനിയും കൊണ്ട് വരേണ്ട ഒരു സംവിധായികയാണ്.

മാധവിക്കുട്ടിയുടെ –ഇടയ്ക്ക് കമലാസുരയ്യ– ക്യാനഡയിൽ പുറത്തിറക്കിയ "ദ ലവ് ക്വീൻ ഓഫ് മലബാർ" എന്ന ഗ്രന്ഥം കട്ടൻ കാപ്പിയിലും ചർച്ചയ്ക്ക് വന്നു, പുസ്തകം ക്യാനഡയിൽ പുറത്ത് വന്നയുടൻ. ക്യാനടയിലെ മക്ഗിൻ യൂണിവേഴ്സിറ്റി പ്രൊഫസറായ മെറിലി എം വീസ്ബോർഡ് ആണ് ഗ്രന്ഥകർത്താവ്. മാധവിക്കുട്ടിയുടെ "എന്റെ കഥ", അന്നത്തെ പ്രസിദ്ധമായ മലയാളനാട് വാരികയിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയപ്പോൾ തന്നെ വിവാദങ്ങൾക്കും തിരി കൊളുത്തിയിരുന്നു. അതിന്റെ മറുപകുതിയാണ് "ദ ലവ് ക്വീൻ ഓഫ് മലബാർ". ഈ പുസ്തകത്തിന്റെ ഒരു സവിശേഷത മാധവിക്കുട്ടിയുടെ ജീവിതത്തിന്റെ അവസാനത്തെ പത്തുവർഷത്തെ, സംഘർഷഭാരിതവും സംഭവ ബഹുലവുമായ കഥ, അവർ നേരിട്ട് തന്റെ സുഹൃത്തായ മെറിലി വീസ് ബോർഡിനോട് പറഞ്ഞ്, ഈ പുസ്തകത്തിലൂടെ പ്രകാശം കാണുന്നു എന്നതാണ്.

താനേറെ ഇഷ്ടപ്പെട്ടയാളെ വിവാഹം കഴിക്കാനായി ഹിന്ദു മതത്തിൽ നിന്നും മാറി മുസ്ലീം ആയപ്പോൾ തീവ്രവാദികളായ ഹിന്ദുഗ്രൂപ്പുകൾ മാധവിക്കുട്ടിക്കെതിരെ ഭീഷണി ഉയർത്തുകയും ആക്രമണങ്ങൾ നടത്തുകയും ചെയ്തു. പ്രേമനൈരാശ്യത്തെത്തുടർന്ന് മുസ്ലീം മതം ഉപകേഷിച്ച് പോരണമെന്ന് അവർ ആഗ്രഹിച്ചിരുന്നുവെങ്കിലും മുസ്ലീം തീവ്രവാദികളുടെ തിരിച്ചടിയെ ഭയന്ന് അത് ഉപേക്ഷിക്കുകയായിരുന്നു.

അവസാനം മാധവിക്കുട്ടി എത്തുന്നത് ഒരാൾക്ക് പ്രത്യേകിച്ച് ഒരു മതത്തിന്റെയും ആവശ്യമില്ലെന്നും എല്ലാ മതങ്ങളും ഒന്നുതന്നെയാണ് പറയുന്നത് എന്ന ആ വലിയ ചിന്തയിലേക്കാണ്.

ഹൃദയസരസ്സിൽ നിന്ന് പ്രണയപുഷ്പമിറുത്ത് മലയാളിക്കു നൽകിയ ശ്രീകുമാരൻ തമ്പി കട്ടൻകാപ്പിയും കവിതയുടെ ചെറിയസദസ്സിൽ എത്തിയത് "കല" എന്ന സംഘടനയും കൗമുദി യൂറോപ്പും സഹകരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായാണ്. മലയാളി അസോസിയേഷന്റെ ആസ്ഥാനമായ കേരള ഹൗസിലേക്ക് കടന്നുവന്നപ്പോൾ തന്നെ ഇതൊരു കുടുംബസദസ്സുപോലുണ്ട് എന്ന കവിയുടെ പ്രതികരണം ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും വന്നതായിരുന്നു. തലേദിവസത്തെ "കല"യുടെ വലിയ സദസ്സിൽ നിന്നും ഒരു കുടുംബ സദസ്സിന്റെ സാമീപ്യസമ്പന്നതയും സഹൃദയത്വവുമായിരുന്നു കട്ടൻകാപ്പിയും കവിതയെ സവിശേഷമാക്കിയത്. അവിടെ  ചെറുതിന്റെ ആ ഊഷ്മളത തന്നെയായിരുന്നു കട്ടൻകാപ്പിയും കവിതാ വേദിയെ കവിയോടടുപ്പിച്ചത് . തുറന്ന മനസ്സുള്ള ഒരതിഥിയാകുമ്പോൾ ഇത്തരം സംവാദങ്ങൾ കൂടുതൽ ആസ്വാദ്യകരമാകുന്നു. അങ്ങിനെ ഈയടുത്ത





## പി. സുജാതൻ

കലാകൗമുദി വാരികയുടെയും കേരള കൗമുദി പത്രത്തിന്റെയും പത്രാധിപസമിതിയിലുണ്ടായിരുന്ന പി സുജാതൻ "ചരിത്രസാക്ഷികൾ" എന്ന തന്റെ പുസ്തകമാണ് കട്ടൻകാപ്പി കവിതയിൽ അവതരിപ്പിച്ചത്. ചരിത്രത്തോടൊപ്പം നടക്കുകയും പലപ്പോഴും ചരിത്രത്തിന്റെ ഗതി തന്നെ മാറ്റി മാറിക്കുകയും ചെയ്ത പത്രാധിപന്മാരെക്കുറിച്ചായിരുന്നു ആ ഗ്രന്ഥം. പി. സുജാതന്റെ വാക്കുകൾ, ഈ പത്രാധിശ്രേഷ്ഠന്മാരുടെ ജീവിതത്തിലൂടെ ചരിത്രത്തിലേക്കുള്ള മടക്കയാത്രയായി മാറി. ഇനിയും എഴുതാൻ ഏറെ, സ്ഥല പരിമിതി പ്രതിബന്ധമാകുന്നു. കലയെയും സാഹിത്യത്തെയും സിനിമയെയും പുസ്തകങ്ങളെയും സ്നേഹിക്കുന്നവർക്ക് ഒഴിച്ചുകൂടാനാവാത്ത വേദി, അതാണ് കട്ടൻ കാപ്പിയും കവിതയും. കേരളാ ഹൗസിലെ ഈ കൂട്ടായ്മയിലേക്ക് സ്വാഗതം !

കാലത്തൊന്നും ലണ്ടനിലെ മലയാളികൾക്ക് ഇത്രയും ഹൃദ്യമായ ഒരു സാഹിത്യ സായാഹ്നം ലഭിച്ചിട്ടുണ്ടാവില്ല.

ജയൻ ചെറിയാൻ സംവിധാനം ചെയ്ത "പാപ്പിലിയോ ബുദ്ധ" ഈയിടെ മലയാളത്തിൽ ഇറങ്ങിയ ഏറ്റവും ചർച്ചചെയ്യപ്പെട്ട അതിശക്തമായ ചലച്ചിത്രമാണ്. ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ഫെസ്റ്റിവലിൽ സജീവശ്രദ്ധ നേടുകയും തുടർന്ന് നിരവധി അന്താരാഷ്ട്ര ഫെസ്റ്റിവലുകളിൽ അവാർഡ് നേടുകയും ചെയ്ത പാപ്പിലിയോ ബുദ്ധ കൗമുദി യൂറോപ്പിന്റെ സഹകരണത്തോടെ കട്ടൻകാപ്പിയുടെ വേദിയിലെത്തി.



പാപ്പിലിയോ ബുദ്ധ കേരളത്തിലെ അധസ്ഥിത ദളിത് സമൂഹത്തിന്റെ നൂറ്റാണ്ടുകളായി നീണ്ടു നിലനില്ക്കുന്ന അടിച്ചമർത്തലിന്റെയും, അംബേദ്കറുടെയും ബുദ്ധമതത്തിന്റെയും വെളിച്ചത്തിൽ അവർ തങ്ങളുടെ പുതിയ വഴിത്താര വെട്ടിത്തുറക്കുന്നതിന്റെയും കഥയാണ്. ചിത്രപ്രദർശനത്തിനു ശേഷം സംവിധായകനുമായുള്ള സംവാദം യാഥാർത്ഥ്യങ്ങളുടെ തീവ്രത കൊണ്ടും തുറന്ന പ്രതികരണം കൊണ്ടും തന്റെ വിഷയത്തെക്കുറിച്ചുള്ള സംവിധായകന്റെ അഗാധമായ അറിവ്കൊണ്ടും വെളിച്ചം പരത്തുന്നതായിരുന്നു. നല്ലൊരു ചലച്ചിത്രാനുഭവവും മറക്കാനാവാത്ത സംവാദാനുഭവവും ആയി മാറി കട്ടൻകാപ്പിയും കവിതയും സംഘടിപ്പിച്ച ന്യൂയോർക്ക് ആസ്ഥാനമായ ജയൻ ചെറിയാന്റെ ചലച്ചിത്രമായ പാപ്പിലിയോ ബുദ്ധയുടെ പ്രദർശനവും ചർച്ചയും.

സുകുമാർ അഴീക്കോട് അന്തരിച്ചപ്പോൾ വ്യക്തിയേയും ജീവിതത്തെയും രചനകളെയും അദ്ദേഹം സമ്പന്നമാക്കിയ പൊതുമണ്ഡലത്തേയും പരിചയപ്പെടുത്തി കട്ടൻകാപ്പിയും കവിതയും ആദരിച്ചു. അഴീക്കോടിന്റെ തത്വമസിയും (ഫ്രാൻസിസ് ) ആത്മകഥയും (സുഗതൻ) അഴീക്കോടുമായി നിരവധി തവണ കൂടിക്കാഴ്ച നടത്തി തയ്യാറാക്കിയ പി.വി. മുരുകന്റെ പുസ്തകവും (ഈ ലേഖകൻ) ചർച്ചയ്ക്ക് വന്നു. തെറ്റായ വഴികളിലൂടെ സമൂഹം നീങ്ങുമ്പോൾ നില്ക്കു എന്ന ബോർഡുമായി വന്നു താക്കീത് നല്കാൻ ഒരു മാഷിവിടെ ഇല്ല. ഇന്ന് അതാണ് നഷ്ടമായിരിക്കുന്നതെന്ന പ്രിയന്റെ നിരീക്ഷണം ശ്രദ്ധേയമായിരുന്നു.

രണ്ടര വർഷം മുമ്പ് ഈ ചർച്ച തുടങ്ങിയപ്പോൾ എല്ലാ മാസവും ഇത് നടത്താനാവുമോ എന്നതിൽ സന്ദേഹമുണ്ടായിരുന്ന ഒരാളാണിതെഴുതുന്നത്. ഇന്നിപ്പോൾ ഓരോ മാസത്തേയും രണ്ടാമത്തെ ശനിയാഴ്ച കട്ടൻകാപ്പിയ്ക്കായി ഉറ്റുനോക്കുകയാണ്.




## സാറാജോസഫ്

പുരുഷന്മാരേ, സ്ത്രീകളോടുള്ള നിങ്ങളുടെ സമീപനം അടിമുടി മാറേണ്ടിയിരിക്കുന്നു. ആദ്യം അവരെ വീട്ടിൽ സഹായിക്കു, ഒപ്പം സ്നേഹിക്കു. സാറാടീച്ചറുടെ വാക്കുകൾ ആശയങ്ങളുടെ അഗ്നിസ്ഫുലിംഗമാവുകയായിരുന്നു. സംവാദങ്ങളുടെ ഒരു മാലപ്പടക്കം തന്നെ അത് സൃഷ്ടിച്ചു







ഇത് തങ്ങളുടെ മേഖലയാണ് മറ്റാരും ഇതിൽ ഇടപെടണ്ട എന്ന സങ്കുചിതത്വമില്ലാതെ തുറന്ന മനസ്സോടെ എല്ലാ അഭിപ്രായങ്ങളും സ്വീകരിക്കാൻ കഴിയുന്നതു കൊണ്ടു മാത്രമാണ് ഇത്രയും കാലം ഇത് തുടർന്ന് പോയതും ഇപ്പോഴും ശക്തി ആർജ്ജിക്കുന്നതും. ഇനിയും കൂടുതൽ കട്ടൻകാപ്പി കുടിക്കാനാവട്ടെയെന്നാശിക്കാം. (പാലുണ്ടെങ്കിൽ പോലും കട്ടൻകാപ്പിയെ കിട്ടുകയുള്ളൂ. അതുറപ്പാണ്!) ഇവിടെ മറ്റൊരു കാര്യം ഓർക്കാം. അറിവിനെ ചിന്തയെ കൂട്ടിലടയ്ക്കാനാവില്ല. ഭൂഖണ്ഡങ്ങൾക്കുമിപ്പുറം ന്യൂഡൽഹിയിലെ ഹോളിഡേ സമയത്തിരുന്നിത് എഴുതി പൂർത്തിയാക്കാൻ തയ്യറാകുന്നതിന്റെ പിന്നിലെ ചിന്തയും മറ്റൊന്നല്ല.

2013 ആഗസ്റ്റ് മാസം ഡെൽഹിയിൽ വച്ചെഴുതിയ ഈ ലേഖനം അതിനു ശേഷം നടന്ന നാല് വർഷത്തെ കട്ടൻകാപ്പി കവിത വിശേഷങ്ങളിലേക്ക് കടക്കുകയാണിവിടെ.

മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിച്ച ഡൽഹിയിലെ സ്ത്രീ പീഢനം കട്ടൻകാപ്പിയിലും ചർച്ചയ്ക്കു വന്നു. ഇന്നത്തെ സ്ത്രീയുടെ അവസ്ഥ ചിത്രീകരിക്കുന്ന വസ്തുതകൾ കൊണ്ട് ഒരു എക്സിബിഷൻ പോലായി ചർച്ചയുടെ വേദിയായ കേരളാ ഹൗസ് – ഇതിനു പിന്നിലുള്ള ചിന്തയ്ക്കും പ്രയത്നത്തിനും പ്രിയനെ അഭിനന്ദിക്കാതിരിക്കാനാവില്ല. സ്ത്രീകളുടെ സജീവമായ സാന്നിദ്ധ്യംകൊണ്ടും അഭിപ്രായങ്ങൾ കൊണ്ടും ഏറെ ശ്രദ്ധേയവും കാലോചിതവുമായ പരിപാടി ആയി അത് മാറി.

സ്ത്രീപക്ഷ ചിന്തകൾ അവിടെ നിന്നും മുന്നേറുകയായിരുന്നു– മലയാളികളുടെ പ്രിയപ്പെട്ട നോവലിസ്റ്റും, കേരളത്തിന്റെ അവബോധവുമായ സാറാജോസഫിന്റെ സാന്നിദ്ധ്യത്തിലൂടെ. പുരുഷന്മാരേ, സ്ത്രീകളോടുള്ള നിങ്ങളുടെ സമീപനം അടിമുടി മാറേണ്ടിയിരിക്കുന്നു. ആദ്യം അവരെ വീട്ടിൽ സഹായിക്കു, ഒപ്പം സ്നേഹിക്കു. സാറാടീച്ചറുടെ വാക്കുകൾ ആശയങ്ങളുടെ അഗ്നിസ്ഫുലിംഗമാവുകയായിരുന്നു. സംവാദങ്ങളുടെ ഒരു മാലപ്പടക്കം തന്നെ അത് തിരി കൊളുത്തി.

ജീവിതത്തിൽ സമസ്തമേഖലകളെയും സ്പർശിക്കുന്നതായിരുന്നു സാറാടീച്ചറുടെ വാക്കുകൾ. "രാമായണത്തെയും മഹാഭാരതത്തെയും കുറിച്ച് ഞാൻ പറയും. അതെന്റെ അവകാശമാണ്. രാമായണം എന്റെ സമ്പത്തെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. രാമായണമാകട്ടെ, മഹാഭാരതമാകട്ടെ അത് മണ്ണിന്റെ സ്വന്തമാണ്. ഞാൻ പോയി കത്തോലിക്കാ സമൂഹത്തിൽ ജനിച്ചു എന്നത് എന്റെ കുറ്റമല്ല, എന്റെ തെരഞ്ഞെടുപ്പുമല്ല. പക്ഷേ, രാമായണം എന്റെ തെരഞ്ഞെടുപ്പാണ്, ബൈബിൾ എന്റെ തെരഞ്ഞെടുപ്പ് ആകുന്നതുപോലെ." തന്റെ വിശാല മാനവികതയെ വ്യക്തമാക്കിക്കൊണ്ട് സാറാജോസഫ് തന്റെ നിൽപ്പ് തറ വരച്ചിട്ടു. കലയും കൗമുദി യൂറോപ്പുമായി സഹകരിച്ച് നടത്തിയ പരിപാടി ആയിരുന്നു അത്.



### ക്രോയ്ഡൺ


ഇതിനിടെ കട്ടൻകാപ്പിയുടെ വേദി ക്രോയ്ഡണിലേക്കും എത്തിയത് സന്തോഷകരമായ ഒരു കാൽവയ്പായിരുന്നു. പുസ്തകം വായിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ ഈസ്റ്റ്ഹാമിലും ക്രോയ്ഡണിലും ഉള്ളവർ ഒത്തുചേർന്നപ്പോൾ കട്ടൻകാപ്പി കവിത കൂടുതൽ ക്രിയാത്മകമായി മാറി.

## ചരായ

### കയ്യെഴുത്തു മാസിക

കട്ടൻകാപ്പി ക്രോയ്ഡൻ സമ്മേളനങ്ങളുടെ ഒരു നല്ല സൃഷ്ടിയാണ് ചരായ കയ്യെഴുത്തു മാസിക. മനോഹരമായ കയ്യക്ഷരത്തിൽ നല്ല ചിത്രീകരണങ്ങളോടെ തയ്യാറാക്കുന്ന ഈ ത്രൈമാസികയുടെ ശില്പി വി. പ്രദീപ്കുമാറാണ്. ഇങ്ങനെ ഒരു ത്രൈമാസികയുടെ സൃഷ്ടിക്ക് പ്രചോദനം നല്കി എന്ന വസ്തുത കട്ടൻകാപ്പിക്കും കവിതയ്ക്കും അഭിമാനം നല്കുന്ന വസ്തുത തന്നെ.





# അനുവാചക സമക്ഷം







സിവി ഹരീന്ദ്രൻ
ഇലക്ട്രിസിറ്റി ബോർഡ്

**ബോ**ധം തെളിയുമ്പോൾ തന്റെ കണ്ണുകൾ മൂടിക്കെട്ടിയിരിക്കുകയാണ് എന്ന സത്യം അയാൾ മനസ്സിലാക്കി.............! തന്നെ വഹിച്ചുകൊണ്ട് ഒരു വാഹനം വളരെ പ്രയാസപ്പെട്ട് ഏതോ കയറ്റം കയറുകയാണ് എന്നും അയാൾ അറിഞ്ഞു..........! അത് നന്നായി ഉലയുന്നുണ്ടായിരുന്നു. പാറകൾ വെട്ടി രൂപപ്പെടുത്തിയ ഏതോ മലമ്പാതയിലൂടെയാവാം സഞ്ചാരം എന്ന തോന്നൽ അയാളെ ചകിതനാക്കി........! വൻ വൃക്ഷങ്ങളിൽ ഉരുമ്മി മേഘപാളികൾ ഊതിപ്പറപ്പിച്ച് എത്തിക്കൊണ്ടിരുന്ന ശീതക്കാറ്റ് അയാൾക്ക് ഒട്ടും ആസ്വദിക്കാനായില്ല.......

ശീതക്കാറ്റു പുതച്ച്, ദലമർമ്മരങ്ങൾ ശ്രവിച്ച്, വനഭംഗി ആസ്വദിച്ച് ഒരു യാത്ര അയാൾ വളരെമുമ്പേ ആഗ്രഹിച്ചിരുന്നു..........!

പാണ്ഡ്യരാജാക്കന്മാരുടെ ഗോത്രവർഗ സേനയായ മറവരുടെ ഊര് എന്നതുകൊണ്ടോ, പാണ്ഡവർ വനവാസകാലത്ത് മറഞ്ഞിരുന്ന ഊര് എന്നതുകൊണ്ടോ, മലകളാൽ ചുറ്റപ്പെട്ടതിനാൽ, മലകളുടെ മറവിൽ നിൽക്കുന്ന ഊര് എന്നതുകൊണ്ടോ മറയൂർ എന്നറിയപ്പെടുന്ന ആ സ്ഥലത്തേക്ക്........... തേയില തോട്ടങ്ങളിലൂടെ, കരിമ്പിൻ കാടുകളിലൂടെ, ചന്ദനമരങ്ങൾക്കിടയിലൂടെ, മുനിയറകളും, ഗുഹാക്ഷേത്രങ്ങളും, ശിലാലിഖിതങ്ങളും തേടി ഒരു യാത്ര............

എന്നാൽ ഇപ്പോൾ കൈവന്നതോ; ഒന്നും കാണാതെ, ഒന്നും അറിയാതെ, ഒന്നും ആസ്വദിക്കാതെ ഭയം മാത്രം ശ്രവിച്ച്, ഭയം മാത്രം മണത്ത്, ഭയം മാത്രം ശ്വസിച്ച്, ഭയം മാത്രം രുചിച്ച് ഒരു പതിത യാത്ര........!

എന്തിനുവേണ്ടി...........? ആർക്കുവേണ്ടി..........?

ഭയചകിതമായ ആ യാത്ര തുടരുമ്പോൾ സുദേവന്റെ ചിന്തകൾ പിന്നിലേക്കു തിരിഞ്ഞ് ശപിക്കപ്പെട്ട ആ നിമിഷങ്ങളിലേക്ക് യാത്രചെയ്തു.........!

പ്രധാന വീഥിയേക്കാൾ രണ്ടു കിലോമീറ്ററോളം യാത്ര കുറവുണ്ട് എന്ന ഒറ്റക്കാരണത്താലാണ് ജനസഞ്ചാരം തീരെ ഇല്ലാത്ത, വഴി വിളക്കുകൾ അപൂർവ്വമായി മാത്രം പ്രകാശിക്കുന്ന ആ ഇടവഴിയെ അയാൾ ആശ്രയിക്കുന്നത്.......... ജോലി കൂടുതലുള്ള ദിവസങ്ങളിൽ മാത്രമാണ് ആ ചെറുവഴിയിലൂടെയുള്ള യാത്ര........

ഓഫീസിൽ തീർത്താൽ തീരാത്ത ജോലികളായിരുന്നു......! നന്നേ ക്ഷീണിതനായിരുന്നതിനാൽ എത്രയും വേഗം വീട്ടിൽ എത്തുക, എവിടെയെങ്കിലും ഒന്നു ചായുക; അതിനുവേണ്ടി മാത്രമായിരുന്നു പല മുന്നറിയിപ്പുകളുണ്ടായിട്ടും ബൈക്ക് ആ വഴിയിലൂടെ തിരിച്ചുവിട്ടത്.......

രണ്ടാമത്തെ വളവുതിരിഞ്ഞ് മുമ്പോട്ടുവരുമ്പോൾ അപ്രതീക്ഷിതമായി അത് സംഭവിച്ചു......! വഴിയരികിൽ പാർക്കുചെയ്തിരുന്ന പഴയൊരു ജീപ്പ് ഒരു ഡ്രില്ലിംഗ് മെഷീന്റെ ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് സ്റ്റാർട്ടായി മുമ്പോട്ടു കുതിച്ച് റോഡിനു കുറകെ വന്നുനിന്നു........! നിയന്ത്രണം വിട്ട ബൈക്ക് റോഡിലേക്ക് മറിഞ്ഞ് ഓഫായി. അതിനടിൽപെട്ട കാലുവലിച്ചെടുത്ത് എഴുന്നേൽക്കാൻ ശ്രമിക്കുമ്പോഴേക്കും ജീപ്പിലുണ്ടായിരുന്നവർ ചുറ്റും നിരന്നിരുന്നു.....! സ്ട്രീറ്റ് ലൈറ്റുകൾ നിത്യനിദ്ര പ്രാപിച്ചിരുന്ന ആ റോഡിലേക്ക് അരിച്ചിറങ്ങിയ നേരിയ നിലാവെളിച്ചത്തിൽ, നാലു മനുഷ്യരൂപങ്ങൾ എന്നതിൽ കവിഞ്ഞ് ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല........

ആരാ........? എന്താ വേണ്ടത്...........?

അക്ഷരങ്ങൾ പലതും തൊണ്ടയിൽ കുടുങ്ങിക്കിടന്നു.........

മറുപടിയെന്നോണം നാലിലൊരാൾ കുനിഞ്ഞ് കൈവശമുണ്ടായിരുന്ന റിവോൾവർ യാതൊരു ദാക്ഷണ്യവുമില്ലാതെ നെഞ്ചിലേക്ക് അമർത്തി.......

മുമ്പ് സിനിമയിൽ മാത്രം കണ്ടുപരിചയമുള്ള ആ വസ്തുവിന്റെ സ്പർശം ചിന്തകൾക്കു പോലും മങ്ങൽ ഏൽപ്പിച്ചപ്പോൾ നാൽവർ സംഘത്തിനു വിധേയനായി റോഡിൽ മലർന്നു കിടന്നു........!

ക്ലോസ് യുവർ ബ്ലഡി ഐസ്........

കാതടപ്പിക്കുന്ന ശബ്ദത്തിനൊപ്പം റിവോൾവർ കണ്ണുകൾക്കു മുകളിലൂടെ ചലിച്ചപ്പോൾ, അവ അടയുന്നതിനൊപ്പം പ്രജ്ഞയും നഷ്ടമായി........

അതിശക്തമായി ഉലഞ്ഞും, വളവുകൾ തിരിഞ്ഞും, കയറ്റത്തിൽ ഇരമ്പിയും മുമ്പോട്ട് പായുന്ന ജീപ്പിന്റെ ഏതോ കമ്പിയിൽ താൻ പിടിമുറുക്കിയിരുന്നതായി സുദേവൻ അറിഞ്ഞു. ബോധം തെളിയുമ്പോഴേ ആ പിടി ഉണ്ടായിരുന്നു.

ഒരുവേള ഉപബോധ മനസ്സിന്റെ പ്രേരണയാൽ തനിയെ പിടിച്ചതാവാം, അല്ലെങ്കിൽ തന്നോടൊപ്പമുള്ള നാൽവർ സംഘത്തിലെ ആരെങ്കിലും ബലമായി പിടിപ്പിച്ചതാവാം; എന്തുമാവട്ടെ.......

മൂടിക്കെട്ടിയ കണ്ണുകളിൽ നിറഞ്ഞ ഇരുട്ട് ഭയത്തിന്റെ പാളികളായി അയാളെ ആവരണം ചെയ്തിരുന്നു......! ഓർമ്മകളിൽ തെളിഞ്ഞ ആ നാലു മനുഷ്യരൂപങ്ങൾ

അതിന് ശക്തി പകർന്ന് ഒപ്പം നിന്നു........!

ആ ഇടവഴിയിലൂടെയുള്ള രാത്രിയാത്രകൾ ഒഴിവാക്കുവാൻ ആരെല്ലാം തന്നോട് പറഞ്ഞതാണ്.........

If you too late, you must take a call taxi...... night riding on byke is risk; especially that road– എംഡി

വീട്ടിലെത്താൻ ലേറ്റാവുംന്ന കരുതി ഏട്ടൻ ഇടവഴിക്കുടൊന്നും വരാൻ നിക്കല്ലേ. ഇരുട്ടായോണ്ട് പിടിച്ചുപറിക്കാരൊക്കെ ഉണ്ടാവും – ഭാര്യ

സുദാ, നീ ഇന്നത്തെ പത്രം കണ്ടില്ലേ.........? നിന്റോഫീസീന്നുള്ള ആ എളുപ്പവഴിയെപ്പെറ്റി ഇന്നൊരു കോളം ന്യൂസ് ഉണ്ട്. ഇബി*യുടെ അലംഭാവം കാരണം ഇരുളടഞ്ഞ വഴി സാമൂഹ്യവിരുദ്ധരുടെ ആവാസകേന്ദ്രമാവുന്നു എന്നാ റിപ്പോർട്ട് – അച്ഛൻ

എടാ സുദേവാ, പെട്രോള് ലാഭം കരുതി നീ സ്ഥിരം ഇടവഴിയാ യാത്ര അല്ലേ........? രാത്രി അത് വേണ്ടെടാ പിശുക്കാ........

നൈറ്റ് ഡ്യൂട്ടിക്ക് എത്തിയ ആ സുഹൃത്തിന്റെ വാക്കിനെയും ഒരു ചിരിയിൽ ഒഴിവാക്കി പുറപ്പെട്ടതാണ്. ഇവരിൽ ആരുടെയെങ്കിലും വാക്കിന് വിലകൽപ്പിച്ചിരുന്നെങ്കിൽ....... എന്തുചെയ്യാം, വരാനുള്ളത് വഴീൽ തങ്ങില്ല എന്ന് പണ്ടുള്ളോര് പറഞ്ഞത് എത്രശരിയാ........

അയാളിൽ നിന്നുയരാൻ ത്രൂപംകൊണ്ട ഒരു ദീർഘനിശ്വാസത്തെ സഡൻ ബ്രേക്കിൽ ഒതുക്കിക്കൊണ്ട് ജീപ്പ് ഒന്നു കുലുങ്ങി നിന്നു.......

എല്ലാവരും വണ്ടിയിൽ നിന്നും ഇറങ്ങുകയാണ് എന്ന് ശബ്ദങ്ങളിലൂടെ അയാൾ തിരിച്ചറിഞ്ഞു. അതിനിടെ ആരുടെയോ ബലിഷ്ഠമായ കരങ്ങൾ അയാളുടെ മേൽ വന്നുപതിച്ചു. അവ അയാളെ ജീപ്പിൽനിന്നും പിടിച്ച് പുറത്തേക്കിട്ടു. പാറക്കല്ലുകൾ മുഴച്ചു നിൽക്കുന്ന പരുക്കൻ പ്രതലത്തിലേക്ക് ചെന്നു പതിച്ച അയാളുടെ ശരീരഭാഗങ്ങളിൽ ചെറു മുറിവുകൾ പ്രത്യക്ഷപ്പെടുകയും, അവയിൽനിന്ന് ചോര പൊടിയുകയും ചെയ്തു. മുറിവുകളിൽ തടവിക്കൊണ്ട് മെല്ലെ എഴുന്നേൽക്കാൻ ശ്രമിച്ച അയളെ ആരോ ശക്തമായി പിടിച്ചുയർത്തി കൈകൾ പിന്നിലേക്കു പിടിച്ച് തുണിയാൽ ബന്ധിച്ചു........

നിങ്ങളൊക്കെ ആരാണ്.........? താൻ ചെയ്ത തെറ്റ് എന്താണ്........? ഈ പീഡനങ്ങൾ ഏൽപ്പിക്കുന്നത് എന്തിനുവേണ്ടിയാണ്.........? തന്നെ എവിടേക്കാണ് കൊണ്ടുപോകുന്നത്........?

ഇവയൊക്കെ അറിയുവാനുള്ള അവകാശം അയാൾക്കുണ്ട്; എങ്കിലും അയാൾ ഒന്നും മിണ്ടിയില്ല. ചോദ്യങ്ങളെല്ലാം അയാൾ മനസ്സിലൊതുക്കി. തന്നെ കടത്തിക്കൊണ്ടുവന്ന, തനിക്കൊപ്പം ഇത്രദൂരം യാത്രചെയ്ത ആ നാലുപേരും തമ്മിൽ തമ്മിൽ പോലും ഇത്രനേരവും ഒരു വാക്കു മിണ്ടിയില്ല എന്ന സത്യം ശ്രദ്ധയിൽ പെട്ടതാണ് അതിനു കാരണം........

ഉം.......



ശക്തമായി മൂളിക്കൊണ്ട് ആരോ അയാളുടെ കഴുത്തിൽ പിടിച്ച് മുമ്പോട്ട് തള്ളി.....! കല്ലുകളിൽ തട്ടി കാലിലുണ്ടായിരുന്ന ചെരിപ്പ് അഴിഞ്ഞ് പാദങ്ങളിലേക്ക് കൂർത്ത കല്ലുകൾ തുളച്ചുകയറി........! വേദന കടിച്ചമർത്തിക്കൊണ്ട് അയാൾ മുമ്പോട്ട് ആഞ്ഞു. ഷർട്ടിന്റെ കോളറിൽ പിടി മുറുക്കിയിരുന്നതിനാൽ അയാൾ വീഴാതെ മുമ്പോട്ടു നീങ്ങി. ആ കൈയ്യുടെ നിയന്ത്രണത്തിൽ നാൽവർസംഘത്തിനൊപ്പം അയാളും നടന്നു.........

സമർത്ഥനായ ഒരു പാവകളിക്കാരന്റെ ചരടിൽ ആടുന്ന ഒരു പാവയായി അയാൾ സ്വയം സങ്കൽപ്പിച്ചു......

സാധാരണ പാവക്കൂത്തുകളിൽ ഒരു പാവകളിക്കാരൻ പല പാവകളെ നിയന്ത്രിക്കുമ്പോൾ, താൻ ഒരാൾ നാലുപേരുടെ നിയന്ത്രണത്തിൽ ആടുകയോ, ഓടുകയോ ആണ്......... എവിടേക്ക്.........? എന്തിന്........? താൻ എന്ത് തെറ്റാണ് ചെയ്തത്........? സാധാരണ പത്രറിപ്പോർട്ടർമാരെയോ, മന്ത്രിമാരെയോ, എംഎൽ.എ മാരെയോ, അല്ലെങ്കിൽ പ്രശസ്തിയുടെ കൊടുമുടിയിൽ നിൽക്കുന്ന നടീനടന്മാരെയോ ഒക്കെ ചില തീവ്രവാദി സംഘടനകൾ കടത്തിക്കൊണ്ടുപോകുന്നതായും അവരുടെ ചില ആവശ്യങ്ങൾക്ക് വില പറയുന്നതായും കേട്ടിട്ടുണ്ട്; അതുപോലെ മോചനദ്രവ്യം ആവശ്യപ്പെട്ട് ധനികരായ വ്യവസായികളുടെയോ, ഉന്നത ഉദ്യോഗസ്ഥരുടെയോ മക്കളെ തട്ടിക്കൊണ്ടു പോകുന്നതായും കേട്ടിട്ടുണ്ട്. ഇതിപ്പൊ ഒരു സാധാരണ പാർസൽ ഓഫീസ് ജീവനക്കാരനായ തന്നെ കടത്തിക്കൊണ്ടു പോകുന്നതുകൊണ്ട് എന്താണിവർ ഉദ്ദേശിക്കുന്നത്....? ഇനിയിപ്പൊ തന്റെ കിഡ്നികൾ കവർന്നെടുക്കാനായിരിക്കുമോ..........? അല്ലെങ്കൽ കണ്ണുകൾ ചൂഴ്ന്നെടുക്കാനായിരിക്കുമോ.........? അതുമല്ലെങ്കിൽ മറ്റേതെങ്കിലും അവയവങ്ങൾ......... അങ്ങിനെയും ചിലർ ചെയ്യാറുള്ളതായി എവിടെയോ വായിച്ചിട്ടുണ്ട്..........!

പിന്നിൽനിന്നുണ്ടായ ശക്തമായ തള്ളലിൽ ചിന്തകൾ മനസ്സിനെ ഉപേക്ഷിച്ച് എവിടേക്കോ ഓടി മറഞ്ഞപ്പോൾ അയാൾ താഴേക്ക് വന്ന് വീണു. ഒരു നിരപ്പായ പ്രതലത്തിലേക്കാണ് താൻ വീണത് എന്ന അറിവ് ഏതോ രഹസ്യ സങ്കേതത്തിൽ അവർ തന്നെ എത്തിച്ചിരിക്കുന്നു എന്ന നിഗമനത്തിന് വഴിയൊരുക്കുകയും, ഉള്ളിലെ വിഹ്വലതയുടെ തോതിൽ വർദ്ധനവുണ്ടാക്കുകയും ചെയ്തു.....

എഴുന്നേൽക്കെടാ നായിന്റെ മോനേ........

ആക്രോശിച്ചുകൊണ്ട് ഒരുവൻ അയാളെ ഊക്കോടെ ചവിട്ടി......! തന്നെ ശകാരിക്കുവാൻ വേണ്ടിയെങ്കിലും വളരെനേരത്തിനു ശേഷം ഒരാൾ സംസാരിക്കുവാൻ താൽപ്പര്യം കാണിച്ചതിൽ ആശ്വസിച്ചുകൊണ്ട് അയാൾ എഴുന്നേൽക്കാൻ ശ്രമിച്ചു. കൈകൾ പിന്നിലേക്കു പിടിച്ചു കെട്ടിയിരുന്നതിനാൽ ചരിഞ്ഞും, തിരിഞ്ഞും വളരെ ബുദ്ധിമുട്ടി അവസാനം ഒരുവിധം എഴുന്നേറ്റിരുന്നു........! ആരോ ഒരാൾ അയാളുടെ കണ്ണിലെ കെട്ടഴിച്ചു. കൺപോളകൾക്കുമുകളിൽ മൂടിക്കെട്ടുന്നതിനു മുമ്പ് നിറച്ചിരുന്ന പൂഴിമണ്ണ് കെട്ടഴിഞ്ഞതോടെ നിലത്തേക്ക് ഊർന്നുവീണു. തല മെല്ലെ ഒന്നു കുടഞ്ഞുകൊണ്ട് അയാൾ കണ്ണുകൾ തുറന്നു. കൺപീലികളിൽ പറ്റിപ്പിടച്ചിരുന്ന മൺ

**മൂന്നാലാവർത്തി അടച്ചുതുറന്നപ്പോൾ മിഴിനീർഗ്രന്ഥികൾ പുറപ്പെടുവിച്ച ഷവറിൽ കുളിച്ച് മൺതരികൾ കൺകോണിലൂടെ പുറത്തേക്കു പോയി. മണിക്കൂറുകൾക്കു ശേഷം അയാളുടെ കണ്ണുകൾ കാഴ്ചകളെ സ്വീകരിച്ചുതുടങ്ങി......!**

തരികൾ കണ്ണുകളെ അസ്വസ്ഥമാക്കിക്കൊണ്ട് കൃഷ്ണമണികൾക്കു ചുറ്റും വിന്യസിച്ചു.

ഇപ്പോൾ തന്റെ ഭാര്യ അടുത്തുണ്ടായിരുന്നെങ്കിൽ....... മൃദുലാംഗുലികളാൽ കൺപോളകളെ മെല്ലെ അകറ്റി, ചെഞ്ചൊടികൾ കണ്ണോടടുപ്പിച്ച് മെല്ലെ ഊതിയിരുന്നെങ്കിൽ........ അവളുടെ ദന്തനിരകളിൽ തട്ടി പ്രവഹിക്കുന്ന ചെറു ചൂടുള്ള വായു കരടുകൾ അകറ്റി ഉള്ളിലേക്ക് മഴയായി പൊഴിഞ്ഞിരുന്നെങ്കിൽ......... അതിന്റെ ഒഴുക്കിൽപെട്ട് ഈ വൈതരണിയിൽ നിന്ന് രക്ഷപെടാൻ കഴിഞ്ഞിരുന്നെങ്കിൽ.........

അയാളിൽനിന്നും നിഷ്ക്രമിക്കാനിരുന്ന ഗദ്ഗദം നാൽവർസംഘത്തെ ഭയന്ന് ഉള്ളിൽ തന്നെ വിലയം പ്രാപിച്ചു......!

മൂന്നാലാവർത്തി അടച്ചുതുറന്നപ്പോൾ മിഴിനീർഗ്രന്ഥികൾ പുറപ്പെടുവിച്ച ഷവറിൽ കുളിച്ച് മൺതരികൾ കൺകോണിലൂടെ പുറത്തേക്കു പോയി. മണിക്കൂറുകൾക്കു ശേഷം അയാളുടെ കണ്ണുകൾ കാഴ്ചകളെ സ്വീകരിച്ചുതുടങ്ങി......!

അരണ്ട വെളിച്ചമുള്ള ആ പഴകിയ മുറിയും അതിൽ ഒരു ഭാഗത്ത് സജ്ജീകരിച്ചിരിക്കുന്ന കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും, തനിക്കൊപ്പമുണ്ടായിരുന്നവർ എന്നുകരുതുന്ന ആ നാലുപേരും അയാളുടെ കാഴ്ചകളായി. താനടക്കം അഞ്ചുപേരല്ലാതെ മറ്റാരും ആ മുറിയിൽ ഇല്ല എന്നതും ആ കാഴ്ചകളിലൂടെ അയാൾ ഉറപ്പിച്ചു.

പൊടുന്നനെ അയാളുടെ കണ്ണുകളിൽ നിന്നും കാഴ്ചകളെ പിൻവലിച്ചുകൊണ്ട് അയാളെ അതിനുസഹായിച്ച അരണ്ട വെളിച്ചം ഇല്ലാതായി. മുറിയിൽ ഇരുട്ട് വ്യാപിക്കുകയും ഒപ്പം മുകളിൽനിന്നും അയാൾക്കു മുമ്പിലേക്ക് ചുരുളുകൾ നിവർത്തി എത്തിയ വെള്ളിത്തിരയിൽ ചിദൃശ്യങ്ങൾ തെളിഞ്ഞ് മറയുകയും ചെയ്തു. അവ അയാളെ പരിഭ്രാന്തനാക്കി......!

അയാൾക്ക് സുപരിചിതരായ ചില വ്യക്തികൾ....... അവരിൽനിന്ന് ഒരിക്കലും പ്രതീക്ഷിക്കാത്ത ചില പ്രവർത്തികൾ.........

ആ ദൃശ്യങ്ങൾ അയാളെ തളർത്തുകയോ, ഉണർത്തുകയോ ചെയ്തു......!

നാൽവർ സംഘത്തിന്റെ ചുണ്ടുകൾ വിടർന്നു....... പുഞ്ചിരിയിൽ ആരംഭിച്ച് അട്ടഹാസത്തിലേക്ക് സഞ്ചരിച്ച ആ ശബ്ദവിന്യാസം സ്ക്രീനിൽ കണ്ട ദൃശ്യങ്ങളുമായി ലയിച്ച് അയാളിൽ പ്രവർത്തനം ആരംഭിച്ചു........!

എവിടെ അവസാനിപ്പിക്കണം എന്ന ചിന്തയിലായിരുന്നു ഇംതിയാസ്. അയാൾ അങ്ങനെയാണ്, ഒരിക്കലും തന്റെ രചനകൾ പൂർത്തിയാക്കാറില്ല.....! കഥയുടെ അവസാനം എങ്ങനെയാവണം എന്നു തീരുമാനിക്കാനുള്ള അവസരം എന്നും അനുവാചകന് വിട്ടുകൊടുക്കുകയാണ് പതിവ്. അതുകൊണ്ടുതന്നെ അയാളുടെ വായനക്കാർ പലപ്പോഴും എഴുത്തുകാരായി മാറാറുമുണ്ട്......! പലരും അവരവരുടെ ഭാവനയ്ക്കനുസരിച്ച് പല പല ക്ലൈമാക്സുകൾ സൃഷ്ടിക്കുകയും, അവ ചർച്ചക്ക് വഴിവയ്ക്കുകയും, ചർച്ചകൾ വായനക്കാർ തമ്മിലുള്ള വചക യുദ്ധത്തിലേക്ക് വളരുകയും, അതിലൂടെ ഇംതിയാസ് കിഴക്കേടം എന്ന എഴുത്തുകാരൻ ശ്രദ്ധ നേടുകയും ചെയ്യാറുണ്ട്.....! ചുളിവിൽ കിട്ടുന്ന പ്രശസ്തി എന്നും അയാൾക്ക് ഹരമാണ്. അതുകൊണ്ടുതന്നെ അതിനുള്ള അവസരങ്ങൾ ഒരിക്കലും അയാൾ പാഴാക്കാറുമില്ല......!

ഇപ്പോഴും അയാൾ അതുപോലൊരു ചിന്തയിലാണ്. കഥ എവിടെ അവസാനിപ്പിക്കണം....? അത് താൻ തന്നെ ചെയ്യണോ, അതോ അതിനുള്ള അവസരം അനുവാചകനുവേണ്ടി നീക്കി വയ്ക്കണോ........?

ചിന്തകൾക്ക് അൽപം വിശ്രമം കൊടുത്തുകൊണ്ട് തൂലിക റൈറ്റിംഗ് ബോർഡിൽ വച്ച് തിരിയുമ്പോൾ ഒരു റിവോൾവർ അയാളുടെ നെറ്റിയിൽ അമർന്നു..........

അയാളുടെ കാഴച്ചപ്പാടിൽ ചുറ്റും നാലുപേർ......! നീ ഞങ്ങളെപ്പെറ്റി കഥ എഴുതും അല്ലേ........? തോക്കു ചൂണ്ടിയ ആൾ ആക്രോശിച്ചു. അയാൾ സ്തബ്ധനായി ഇരുന്നുപോയി..........!

റിവോൾവർ മുഖത്താകെ ഒന്നുഴിഞ്ഞ ശേഷം അയാൾ പിന്മാറി.

മറ്റൊരുവൻ ബോർഡിൽ നിന്നും എഴുതിയ പേപ്പറുകൾ എടുത്ത് വലിച്ചുകീറി വലിച്ചെറിഞ്ഞു........

ഇനി ഇങ്ങനെ എന്തേലും ഉണ്ടായാൽ.........


മൂന്നാമൻ മുമ്പിലെത്തി താക്കീത് ചെയ്തു. നാക്കുകടിച്ചുകൊണ്ട് ചൂണ്ടുവിരൽ അനക്കി ആ താക്കീത് ഉറപ്പിച്ചുകൊണ്ട് നാലാമൻ തിരിഞ്ഞുനടന്നപ്പോൾ മറ്റുമൂന്നുപേരും അയാൾക്കൊപ്പം കൂടി.

അവർ നടന്നകലുന്നതും നോക്കി അയാൾ അന്തംവിട്ട് ഇരുന്നു......!

അവർ കീറി എറഞ്ഞ കഥാനുറുക്കുകൾ പങ്കയുതിർക്കുന്ന കാറ്റിന്റെ താളത്തിൽ അയാൾക്കു ചുറ്റും പറന്നുനടന്നു......







# മഴ

നവീൻ എസ്

ഓരോ മഴയും ഒരു തിരിച്ചു വരവാണ്.
കടലിന്റെം മാറിൽ നിന്നെന്നോ പറിച്ചു മാറ്റപ്പെട്ട
ഒരു ജലകണത്തിന്റെറ തിരിച്ചുവരവ്.
അനേകം ജലകണങ്ങളുടെ തിരിച്ചുവരവ്..

എന്നോ,
മാരിവില്ല് വിരിയുന്ന വാനം നോക്കി പറന്നു പൊങ്ങി,
സൂര്യതാപമേറ്റു വാടിപ്പോയവരുടെ
ദുഖം കനത്തോരു കാര്മേഘമാകുന്നു.
ഇളം തെന്നൽ തലോടലിലറിയാതെ വിതുമ്പുന്നു.

പിന്നെ,
പ്രവാസമുപേക്ഷിച്ച് മഴയായി പെയ്തിറങ്ങുന്നു
കടലിന്റെപ വിരിമാറിലേക്ക്.
സ്വന്തം സ്വത്വത്തിലേക്ക്.



# സ്വിറ്റ്സർലാൻഡിലെ കുലീനസ്ത്രീ

അലക്സ് കണിയാംപറമ്പിൽ

1977–ൽ സ്വിറ്റ്സർലൻഡിന്റെ തലസ്ഥാനമായ ബേണിന്റെ പ്രാന്തപ്രദേശത്തുള്ള ആര്ബെര്ഗ് (Aarberg) എന്ന സ്ഥലത്ത് ഞാനും മകളും എത്തി. അതിനൊരു മാസം മുമ്പേതന്നെ ഭാര്യ ഓസ്ട്രിയയിൽനിന്നും അവിടെയുള്ള ഒരു ഹോസ്പിറ്റലിൽ ജോലി കിട്ടി അവിടെ എത്തിയിരുന്നു.

ഞങ്ങൾ അവിടെ എത്തുന്നതിനു കുറെ വർഷങ്ങൾക്കുമുമ്പ് വിയന്നയിൽനിന്നും അല്പസ്വല്പം ജർമ്മൻ പഠിക്കാൻ ശ്രമിക്കുകയുണ്ടായി. താമസിയാതെതന്നെ ആ ശ്രമം ഉപേക്ഷിച്ചു; ആയുധം വച്ചു കീഴടങ്ങി.. ഇല്ല, യാതൊരു കാരണവശാലും ഈ ഭാഷ എന്റെ തലയിൽ കയറുകയില്ല. അധികം താമസിയാതെ ഞാൻ നാട്ടിലുംപോയി. അതുംകഴിഞ്ഞ് ഏതാണ്ട് ആറു വർഷങ്ങൾക്കുശേഷമാണ് 'ഭൂമിയിലെ പറുദീസ' എന്നു വിളിക്കപ്പെടുന്ന സ്വിറ്റ്സർലൻഡിൽ എത്തുന്നത്. അവിടെ ജർമ്മൻ, ഇറ്റാലിയൻ, ഫ്രഞ്ച് എന്നീ ഭാഷകൾ സംസാരിക്കുന്ന സ്ഥലങ്ങളുണ്ട്. (മറ്റൊരു അപ്രധാന ഭാഷയുമുണ്ട്, അതു വിട്ടുകളയുന്നു). ഞങ്ങൾ ചെന്നെത്തിയത് ജർമ്മൻ സംസാരിക്കുന്ന പ്രദേശത്തായിരുന്നു. .

പിറ്റേന്നുകാലത്ത് ജോലിയ്ക്കു പോകുന്നതിനു മുമ്പ് ഭാര്യ കടയിൽ പോകാനുള്ള വഴി പറഞ്ഞുതന്നു. വാങ്ങാനുള്ള കുറെ സാധനങ്ങളുടെ ലിസ്റ്റും. ഞാനും മകളുംകൂടി കടയിൽപോയി സാധനങ്ങളെല്ലാം വാങ്ങിവന്നു. കടയിൽ കൌണ്ടറിൽ ഞാൻ എന്തൊക്കെയോ ജർമ്മനിൽ തപ്പിത്തടഞ്ഞ് പറയുന്നതുകേട്ടപ്പോൾ മകൾക്ക് അത്ഭുതം, അഭിമാനം.. – 'പപ്പാ പച്ചവെള്ളം പോലെയാണല്ലോ ജർമ്മൻ പറയുന്നത്!'


ഞാൻ പറയുന്നത് പൊട്ടതെറ്റാണെന്ന് അവൾക്കെങ്ങനെ മനസിലാകും.. പാവം, ഞാനാ സുഖകരമായ തെറ്റിദ്ധാരണ തിരുത്താൻ പോയില്ല.

യുക്കെയിൽ വന്നുകഴിഞ്ഞ് എന്നോടു പലരും ചോദിച്ചിട്ടുണ്ട് – സ്വിറ്റ്സർലൻഡിൽ എവിടെയൊക്കെയാണ് കാണേണ്ടത്?

ചോദിച്ച എല്ലാവരോടും ഞാൻ പറഞ്ഞ ഉത്തരം ഇതായിരുന്നു..







'അങ്ങനെ ഒരു പ്രത്യേക സ്ഥലമില്ല. ആ രാജ്യത്തിന്റെ ഓരോ മുക്കുംമൂലയും ടൂറിസ്റ്റ് അറ്്റാക്ഷനാണ്.'

ഞങ്ങൾ ചെന്നെത്തിയ ആർബെർഗ് 'പട്ടിക്കാടാ പട്ടണമാ, രണ്ടും കെട്ട ലച്ചണമാ' എന്ന പഴയൊരു തമിൾപാട്ടിനെയാണ് ഓർമ്മിപ്പിച്ചത്. പട്ടണമല്ല, എന്നാൽ ഗ്രാമവുമല്ല. കാണാൻ കാര്യമായിട്ടൊന്നുമില്ല. പക്ഷെ ഉള്ളതെല്ലാം അതിമനോഹരം. താമസസ്ഥലത്തു നിന്നാൽ ഒരു വീഞ്ഞുഫാക്ടറി കാണാം.. അവിടെ നിന്നും എപ്പോഴും നല്ല സുഗന്ധം. ചെറിയൊരു മാർക്കറ്റ്. അവിടെയുമുണ്ട് ഒരു മിനി Tourist Information Centre.. തടിയിൽ പണിത പ്രാചീനമായ ഒരു പാലമാണ് അവിടെ എന്നെ ഏറ്റവും ആകർഷിച്ചത്. കുഞ്ഞൊരു റെയിൽവേ സ്റ്റേഷൻ, അതിന്റെ മുന്നിൽ പോസ്റ്റ് ഓഫീസ്, ബസ് സ്റ്റോപ്പ്. പിന്നെ വലിയൊരു പഞ്ചസാര ഫാക്ടറി. അത്രയൊക്കെതന്നെ. പക്ഷെ ഉള്ളതെല്ലാം ഒരു പെയിന്റിംഗ് പോലെ മനോഹരം. ക്രിസ്തുമസ് കാർഡിലെ ഭംഗിയുള്ള പടംപോലെ ചേതോഹരമായ ഗ്രാമം.

കടയിൽനിന്നും തിരിച്ചെത്തി ഭക്ഷണവും കഴിച്ച് മകളെയുംകൂട്ടി നടക്കാനിറങ്ങി. യുറോപ്പ് ആദ്യമായി കാണുന്ന മകൾക്ക് കാണുന്നതെല്ലാം അത്ഭുതം. സ്വിസ്സ് ഗ്രാമീണസൌന്ദര്യം നുകർന്നു ഞാനും.

പെട്ടെന്ന് പ്രാം ഉന്തി എതിരെ വന്ന ഒരു സ്ത്രീ മകളെ ചൂണ്ടിക്കാണിച്ച് എന്നോടു ജർമ്മൻ ഭാഷയിൽ ചോദിച്ചു..

'ഇത് ലൂസിയുടെ മകളല്ലേ?'

മകൾക്ക് അവളുടെ അമ്മയുടെ പേരുമാത്രം മനസിലായി.. എനിക്ക് കാര്യംപിടികിട്ടി.. ഞാൻ ആംഗലേയത്തിൽതന്നെ 'യെസ്' എന്നു മറുപടി പറഞ്ഞു.

ജർമ്മൻ അധികം എന്റെ കൈവശം സ്റ്റോക്ക് ഇല്ലാത്തതുകൊണ്ട് ഞാൻ പെട്ടെന്നു ചോദിച്ചു – 'ഡു യു സ്പീക്ക് ഇംഗ്ലീഷ്?'

ഇല്ല എന്നായിരുന്നു അവളുടെ മറുപടി.. എന്റെ പഴയ ജർമ്മൻ ഭാഷ കുറച്ചൊക്കെ തിരിച്ചെത്തി.. പരദൈവങ്ങളോട് പ്രാർഥിച്ചുകൊണ്ട് ഞാൻ ചോദിച്ചു...

'വീ ഹൈസൻ സീ?'

എന്നുവച്ചാൽ.. – വാട്ടീസ് യുവർ നെയിം..

അവൾ പേര് പറഞ്ഞു. യഥാർത്ഥ പേര് ഇവിടെ എഴുതുന്നില്ല. നമുക്കവളെ തൽക്കാലം മോണിക്ക എന്നു വിളിക്കാം.

ഭാര്യ ജോലി കഴിഞ്ഞുവന്നപ്പോൾ മകൾ പറഞ്ഞു.. 'മമ്മി ഇവിടെ വലിയ ഫേമസ് ആണല്ലോ.. ഞാനും പപ്പയുംകൂടി നടക്കാനിറങ്ങിയപ്പോൾ ഒരു മാദാമ്മ ഞാൻ ലൂസിയുടെ മോളാണോ എന്നു ചോദിച്ചു..'

'അപ്പോൾ, നിങ്ങൾ അതിനിടയിൽ തെണ്ടാനും പോയി, അല്ലെ? ആരായിരുന്നു മാദാമ്മ?'

ഞാൻ മാദാമ്മയെ വർണ്ണിച്ചു.

'ഏതാണ്ട് ഇരുപത്തിയെട്ടു വയസ്. ഒത്ത ശരീരം, നല്ല ഉയരം. ചട്ടുപടാലിറ്റിയുള്ള പ്രസന്നവദന. സുന്ദരി ആണോ എന്നു ചോദിച്ചാൽ, ആണെന്നും അല്ലെന്നും പറയാം. ഇംഗ്ലീഷ് അറിയില്ല..'

'അവളുടെ പേര് ചോദിച്ചോ?'

'ചോദിച്ചല്ലോ... മോണിക്ക.'



‘ഓ.. മോണിക്കാ. അവൾ എന്റെ ബോസിന്റെ ഭാര്യയാ..പാവം, നല്ല പെണ്ണാ.. എന്നോടു ഭയങ്കര സ്നേഹമാ.. അവൾ ആ കാലമാടനെ എന്തിനു കെട്ടിയെന്നുമാത്രം മനസിലാകുന്നില്ല..’

ബോസുമാരെല്ലാം (അവർ ലോകത്തെവിടെയായാലും) കാലമാടൻമാരാണല്ലോ..

അതിനുശേഷം മോണിക്ക പലവട്ടം ഞങ്ങളുടെ വീട്ടിൽ വന്നു. പ്രാമിലുണ്ടായിരുന്ന ആണ്കുട്ടിയ്ക്ക് രണ്ടര വയസ്. ഡാനിലോ. മകൾക്ക് അവനെ ഭയങ്കര ഇഷ്ടം. മോണിക്കയ്ക്ക് അന്ന് പന്ത്രണ്ടു വയസുണ്ടായിരുന്ന മകളെയും ഇഷ്ടമായിരുന്നു. മകൾ താമസിയാതെ സ്കൂളിൽ ചേരും. അവൾ അൽപമെങ്കിലും ഭാഷ കേൾക്കുകയെങ്കിലും ചെയ്യട്ടെ എന്നുകരുതി ഞങ്ങൾ മോണിക്ക വീട്ടിൽവരുമ്പോൾ എന്തെങ്കിലും ഇന്ത്യൻ ഭക്ഷണം നൽകും. സന്തോഷത്തോടെ അവൾ അതുമുഴുവൻ കഴിക്കും.

ഞാൻ എന്റെ ഭാഷയും ഒന്നു മിനുക്കാൻ കിട്ടിയ അവസരം പാഴാക്കിയില്ല. അതില്ലാതെ നിവൃത്തിയില്ലല്ലോ.. അവൾ നേഴ്സ് ആണെങ്കിലും ജോലി ചെയ്യുന്നില്ല. സമയം ഇഷ്ടംപോലെ. അങ്ങനെ ഞങ്ങൾ അടുത്ത പരിചയക്കാരായി. എന്റെ ഭാഷ കുറെയൊക്കെ മെച്ചപ്പെട്ടു.

മോണിക്ക ഒരു കുലീനസ്ത്രീ ആണെന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും യാതൊരു സംശയവും ഇല്ലായിരുന്നു. വരുമ്പോഴൊക്കെ മകൾക്കു കൊടുക്കാൻ ചോക്ലേറ്റ് കൈയിലുണ്ടാവും. തുറന്ന സംസാരം. ‘എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ചോദിക്കാൻ മടിക്കരുത്’ എന്ന് എപ്പോഴും പറയും. ഞങ്ങൾ അവരുടെ വീട്ടിലും കുറെ പ്രാവശ്യം പോയി. ഭർത്താവിന്റെ കാര്യം പറയുമ്പോൾ സ്നേഹം വഴിഞ്ഞൊഴുകും. മകൻ അവൾക്ക് പ്രാണനുതുല്യം..

ഈ നാട്ടിലും ഇത്ര നല്ല പെൺകുട്ടികൾ ഉണ്ടല്ലോ എന്ന് ഞാനും ഭാര്യയും പലപ്പോഴും തമ്മിൽ പറയാറുണ്ടായിരുന്നു.

ഒരു ദിവസം ഞാൻ അവളുടെ മാതാപിതാക്കളെക്കുറിച്ചു ചോദിച്ചു..

യാതൊരു ഭാവവ്യത്യാസവും ഇല്ലാതായിരുന്നു അവളുടെ മറുപടി.

‘എന്റെ അപ്പൻ ആരാണെന്ന് എനിക്കറിയില്ല..’

ഞാനും ഭാര്യയും ഒരേ സ്വരത്തിൽ ചോദിച്ചു – ‘വറൂം?’ (Why?)

വളരെ ശാന്തമായി അവൾ മൊഴിഞ്ഞു..

‘എന്റെ അമ്മ ഒരു വേശ്യയായിരുന്നു. അതുകൊണ്ട് ഞാൻ ആരുടെ മകൾ ആണെന്ന് അവർക്കറിയില്ല..’

എനിക്കും ഭാര്യയ്ക്കും കുറെ സമയത്തേയ്ക്ക് സംസാരശേഷി നഷ്ടമായി. അവൾ സന്തോഷവതിയായിതന്നെ സംസാരം തുടർന്നു.

ആർബെർഗ് വിടുന്നതുവരെ മോണിക്കയുമായുള്ള ഞങ്ങളുടെ ബന്ധം തുടർന്നു. പിന്നീട് അവളെ കാണുമ്പോൾ എനിക്കെന്തോ ഒരു ചമ്മൽ.. പക്ഷെ മോണിക്ക എന്നും സന്തോഷത്തിന്റെ ആൾരൂപം..


ഇതിനെയൊക്കെയാണോ ഈ ‘കൾച്ചറൽ ഷോക്ക്’ എന്നു പറയുന്നത്?

അതിനൊക്കെശേഷമാണ് നമ്മൾ ‘ബാസ്റ്റാർഡ്’ എന്നുവിളിക്കുന്ന കുട്ടികളെ സായിപ്പ് ‘Love Child’ എന്നും വിളിക്കും എന്നറിഞ്ഞത്.





27



# പ്രണയം

## പ്രസാദ് കല്ലമ്പലം

പ്രണയം
വർഷകാലത്തെ പുഴയാണെന്ന്
പറഞ്ഞതാരാണ്?
ആർത്തലച്ച് തകർത്തെറിഞ്ഞ് എത്രദൂരം.....

തീപിടിച്ച കൗമാരവും
തിരക്ക്പിടിച്ച യൗവ്വനവും
നിനക്കോർമ്മയുണ്ടോ?
മയ്യഴിയിൽ ഖസാക്കിൽ
നീർമ്മാതളതോപ്പുകളിൽ
പിന്നെ പുഴകടന്ന്–മരങ്ങൾക്കിടയിലൂടെ
എത്രനേരം....

കൊതിച്ചതെല്ലാം പറഞ്ഞുവോ?
ഉമ്മറത്തെ പാതിവിടർന്ന കണ്ണുകളിൽ
പരിഭവമുണ്ടായിരുന്നോ?
ചെമ്പകത്തിൻ ചുവട്ടിൽ കുപ്പിവള തേങ്ങിയോ?

ഊഷരതയിൽനിന്ന് ഉർവ്വരതിയിലേക്കുള്ള–
യാത്രയിൽ
തിരിഞ്ഞു നോക്കിയോ?
വൻനഗരത്തിലെ മഞ്ഞുമേഘങ്ങളിൽ
ഘനീഭവിച്ച സ്വപ്നങ്ങളിൽ
തിരയുന്നതാരുടെ മുഖം?

കണ്ണീരും കിനാവും
കടംതന്നവളെ
മാപ്പ്.



# മലയാളത്തിന്റെ മാറ്റുരയ്ക്കുമ്പോൾ

വി പ്രദീപ്


മലയാള ഭാഷയെക്കുറിച്ച് പറയുമ്പോൾ 'മലയായ്മ' എന്ന പദത്തിൽ നിന്നും തുടങ്ങുന്നതാവും ഉത്തമം. മലയാളം എന്ന നമ്മുടെ മാതൃഭാഷാ പദം ഒരു കാലത്ത് ദേശനാമം ആയിരുന്നു. ആ ദേശത്തെ (മലയാള ദേശത്തെ) ഭാഷ അന്നറിയപ്പെട്ടിരുന്നത് 'മലയായ്മ' എന്നായിരുന്നു. മലയാളഭാഷയുടെ ഉല്പത്തിയെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ഇല്ലെന്നിരിക്കെ, മലയാളം തമിഴിന്റെ ശാഖയായിരുന്നുവെന്നും സംസ്കൃത പദങ്ങളുടെ ബാഹുല്യം നിമിത്തം തമിഴിൽ നിന്ന് അകന്നു നിൽക്കുന്നു എന്നുമാണ് മലയാള ഭാഷയെക്കുറിച്ച് ആദ്യമായി പഠനം നടത്തിയ സ്കോട്ട്ലന്റുകാരനായ ഭാഷാ ശാസ്ത്രകാരൻ റോബർട്ട് കാൽഡ്വൽ അഭിപ്രായപ്പെട്ടത്. പിൽക്കാലത്ത്, മലൈനാടായ മലയാളത്തിലെ ആദിമ നിവാസികൾ തമിഴർ ആയിരുന്നു എന്നും അവർ ചെന്തമിഴ്, കൊടുന്തമിഴ് എന്നീ ഭാഷകൾ ഉപയോഗിച്ചിരുന്നുവെന്നും അതിൽ പലതരം കൊടുന്തമിഴിൽ ഒന്നാണ് മലയായ്മയായി തീർന്നതെന്നും എ ആർ രാജരാജവർമ്മ അഭിപ്രായപ്പെട്ടപ്പോൾ, മലയാളത്തിൽ (ദേശനാമം) മൊത്തമായും ഉപയോഗിച്ചിരുന്ന കൊടുന്തമിഴ് സംസ്കൃതത്തിന്റെ സ്വാധീനത്തിന് വഴങ്ങി സ്വന്തമായ വ്യക്തിത്വം പ്രകടപ്പിച്ച് വിഘടിത സ്വതന്ത്ര ഭാഷയായി എന്നുമാണ് ഉള്ളൂർ വിശ്വസിച്ചത്. തമിഴ്, തെലുങ്ക്, കന്നഡ എന്നീ ഭാഷകളെപ്പോലെ മലയാളവും ദ്രാവിഡം എന്ന മൂലഭാഷയിൽ നിന്നുമുണ്ടായതാണെന്നാണ് ഭാഷാ ശാസ്ത്രകാരന്മാരുടെ പൊതുവായ അഭിപ്രായം.

മറ്റു ഭാഷകളെപ്പോലെ തന്നെ മലയാള ഭാഷയും അന്യഭാഷകളിൽ നിന്നും അനേകം വാക്കുകൾ കടം കൊണ്ടിട്ടുണ്ട് എന്നതിനാൽ, ഇവിടെ പ്രതിപാദിക്കുവാനാഗ്രഹിക്കുന്നത് ശുദ്ധമലയാളം എന്ന ഭാഷാ തരംതിരിക്കലിനെക്കുറിച്ചാണ്. മലയാള ഭാഷയിൽ അന്യഭാഷാ പദങ്ങളുടെ പ്രയോഗത്തെ ഇഷ്ടപ്പെടാത്തവരാണ് ശുദ്ധമലയാളത്തിന്റെ വക്താക്കൾ എന്നുവേണം കരുതാൻ. മലയാളികൾ പരക്കെ ഉപയോഗിക്കുന്ന ആംഗലേയ ഭാഷയിലെ വാക്കുകൾ മലയാള ഭാഷയോട് ചേർത്ത് ഉപയോഗിച്ചാൽ എങ്ങനെയാണ് മലയാളം അശുദ്ധമാകുന്നത്? ബെഞ്ച് എന്ന ജെർമനിൽ നിന്ന് വന്ന ആംഗലേയ പദത്തെ ശുദ്ധമലയാളമാക്കിയാൽ അത് 'നാലുകാലിൽ ആസനം താങ്ങിപ്പലക' എന്നോ മറ്റോ ആകും. പലപ്പോഴും ഇങ്ങനെയുള്ള വാക്കുകൾ നാം കടംകൊണ്ടു, ഉപയോഗിച്ചു പഴകിയ രീതിയിൽ തന്നെ ഉപയോഗിക്കുകയല്ലേ ഉചിതം? ഒരു ഭാഷ സാഹിത്യ രചനയ്ക്ക് ഉപയോഗിക്കുന്നതിലുപരി ആശയ വിനിമയത്തിന് ഉപയോഗിക്കുന്നു എന്നതിനാൽ, അവിടെ ഉപയോഗിക്കുന്ന വാക്കുകൾ അന്യഭാഷാ പദങ്ങൾ ആയിരുന്നാൽ കൂടി ആശയ വിനിമയം എന്ന കർമ്മം അത് നിരർവഹിക്കുന്നുവെങ്കിൽ ആ പദങ്ങളുടെ ഉപയോഗം ഭാഷയെ എങ്ങനെ അശുദ്ധമാക്കും? ദ്രാവിഡ പൈതൃകവും ബ്രാഹ്മണ മേധാവിത്വവും മൂലമാകണം മലയാളത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ച രണ്ടു ഭാഷകൾ തമിഴും സംസ്കൃതവുമായത്. ഹിന്ദിയും, അറബിയും, ഉറുദുവും, യൂറോപ്യൻ ഭാഷകളും, ചൈനീസുമെല്ലാം മലയാള ഭാഷയ്ക്ക് ഏറെ സംഭാവനകൾ നൽകിയിട്ടുണ്ട്. ഭഗവത്ഗീതയും, ബൈബിളും, ഖുറാനുമുൾപ്പെടെയുള്ള മതഗ്രന്ഥങ്ങൾക്കു പുറമെ അനേകം മഹത്തായ സാഹിത്യ കൃതികൾ മലയാള ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്യുവാൻ ഈ ഭാഷകളുടെ സംഭാവനകൾ തീർത്തും ഉപകരിച്ചിട്ടുണ്ട്.

ഇന്ത്യയിൽ ഇന്ന് 780 വ്യത്യസ്തമായ ഭാഷകൾ സംസാരിക്കുന്നതായും, ഏകദേശം 250 ഭാഷകൾ ഉപയോഗിക്കാതെ നഷ്ടമായതായും പീപ്പിൾസ് ലിങ്ഗ്വസ്റ്റിക് സർവേ ഓഫ് ഇന്ത്യ നടത്തിയ സർവേയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ പല ഭാഷകൾ ഉപയോഗിക്കുമ്പോഴും അന്യഭാഷാ പദങ്ങൾ ചേർത്ത് സംസാരിക്കുന്നത് ഇന്ത്യയിൽ പതിവാണ്. ഇതിൽ ആംഗലേയ ഭാഷാ പദങ്ങളുടെ പ്രയോഗം വളരെയേറെയാണുതാനും. ശുദ്ധ മലയാളം എന്ന വാദം ഉന്നയിക്കുന്നവർ പോലും ജാതിമത ഭേദമന്യേ തങ്ങളുടെ കുട്ടികൾക്ക് നാമകരണം ചെയ്യുമ്പോൾ, നമ്മുടെ പൂർവികർ ഒരിക്കൽപ്പോലും കേട്ടിരിക്കുവാ[...] കൂടി സാധ്യതയില്ലാത്തതും, ഇന[...] പലർക്കും ഉച്ചരിക്കുവാൻ കൂടി കഴിയാത്തതും, നാമം കൊണ്ടു തന്നെ മനുഷ്യരെ മതങ്ങളുടെ ഭാഗമായി തിരിച്ചറിയാൻ കഴിയുന്നതുമായ അന്യദേശ ഭാഷാ നാമങ്ങളാണ് സ്വീകരിക്കാറുള്ളത്. എന്തുകൊണ്ട് ശുദ്ധ മലയാളം എന്ന തത്വത്തിൽ ഉറച്ചുനിന്ന് മലയാള ഭാഷയോടും ദേശത്തോടും ഏറെ അടുപ്പം തോന്നിപ്പിക്കുന്നതും ഏറെ പഴക്കമുള്ളതുമായ നാമങ്ങൾ നാം ഉപയോഗിക്കുന്നില്ല? അങ്ങനെയായാൽ കുഞ്ഞിരാമൻ ക്രിസ്ത്യാനിയെന്നും, പങ്കജാക്ഷി മുസൽമാനത്തിയെന്നും, കൊച്ചു ചെറുക്കൻ ഹിന്ദുവെന്നും, താമരാക്ഷി ക്രിസ്ത്യാനിയെന്നും, അപ്പുക്കുട്ടൻ മുസൽമാനെന്നും, ശങ്കരി ഹിന്ദുവെന്നും നാമകരണം ചെയ്ത് ശുദ്ധമലയാളം പരിപോഷിപ്പിക്കേണ്ടതായി വരും! ഇവിടെ മത സ്നേഹത്താൽ ഭാഷാ സ്നേഹം പിന്തള്ളപ്പെടുന്നു.

കേരളത്തിലെ ഇന്നത്തെ വിദ്യാഭ്യാസ സംമ്പ്രദായം എടുത്താൽ തന്നെ, സ്വന്തം കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ അയച്ചു പഠിപ്പിക്കുന്നതിനു പകരം സാധാരണ മലയാളം മീഡിയം സ്കൂളുകളിൽ അയച്ചു പഠിപ്പിക്കുവാൻ താൽപര്യപ്പെടുന്ന എത്ര രക്ഷകർത്താക്കളെ നമുക്ക് കാണുവാൻ കഴിയും. അന്യഭാഷയായ ഇംഗ്ലീഷ് മൂന്നാം വയസ്സു മുതൽ നഴ്സറി ക്ലാസ്സിൽ നിന്നും പഠിച്ചു തുടങ്ങി ബിരുദാനന്തര ബിരുദം എടുത്താൽ കൂടി ആ ഭാഷയുടെ പൂർണത ഉൾക്കൊണ്ടു സംസാരിക്കുവാൻ നമ്മുടെ വിദ്യാഭ്യാസരീതി കൊണ്ട് പലർക്കും കഴിയാറില്ല. അന്യഭാഷ പഠിപ്പിക്കുമ്പോൾ പോലും ആ ഭാഷയിൽ തന്നെ പറഞ്ഞു മനസ്സിലാക്കികൊടുക്കുന്നതിനു പകരം മലയാളത്തിൽ അർത്ഥം പറഞ്ഞു വിശദീകരിക്കുന്ന പഠനരീതിയാണ് ഇന്നും നാം സ്വീകരിക്കുന്നത്. ഇതും ശുദ്ധഭാഷാ സ്നേഹം കൊണ്ട് സംഭവിക്കുന്നതാണ് എന്ന് വേണമോ കരുതാൻ!

മലയാള സാഹിത്യത്തിലേക്ക് കടക്കുമ്പോൾ തമിഴ് സംമ്പ്രദായത്തിൽ പാട്ടു രീതിയിലുള്ള കൃതികളിലൂടേയും സംസ്കൃത സംമ്പ്രദായത്തിലുള്ള മണിപ്രവാള കൃതികളിലൂടേയും മലയാളത്തിലുള്ള സന്ദേശകാവ്യങ്ങൾ ചമ്പുക്കൾ മറ്റു ഭാഷാ കൃതികൾ എന്നിവയിലൂടേയും ആയിരുന്നു മലയാള സാഹിത്യത്തിന്റെ തുടക്കം. ചെറുശ്ശേരിയുടെ കൃഷ്ണഗാഥയോടെയാണ് മലയാളകാവ്യ പാരമ്പര്യം കുറച്ചുകൂടി പുഷ്ടിപ്പെടുന്നത്. തമിഴിന്റെയും സംസ്കൃതത്തിന്റെയും സ്വാധീനത്തിൽ നിന്നും അകന്നു നിന്ന് നാടൻ പാട്ടിന്റെ ഈണത്തിൽ രചിക്കപ്പെട്ട കൃതിയാണ് കൃഷ്ണഗാഥ. ഇതിൽ തന്നെയും അന്യഭാഷാ സ്വാധീനം പ്രകടമാണ്. മണിപ്രവാളത്തിന്റെയും മധ്യയുഗത്തിൽ തമിഴ്നാട്ടിൽ നിലനിന്നിരുന്ന [...]പാട്ടിന്റെയും സാദൃശ്യം ഈ [...]തിയിൽ ചൂണ്ടിക്കാണിക്കുവാൻ [...]കഴിയും.



ശുദ്ധ മലയാളം എന്ന വാദത്തിന്റെ പേരിൽ പാശ്ചാത്യ ഭാഷകളിലെ വാക്കുകളുടെ, പ്രത്യേകിച്ചും ആംഗലേയ ഭാഷാ പദങ്ങളുടെ, ഉപയോഗത്തിന് അയിത്തം കല്പിക്കുമ്പോൾ പാശ്ചാത്യ സാഹിത്യത്തിന്റെ സ്വാധീനം കൊണ്ട് മലയാള സാഹിത്യ ലോകത്ത് വന്ന മാറ്റങ്ങളെക്കുറിച്ച് [...]ഓർക്കുന്നത് നല്ലതായിരിക്കും. [...]കാളോണിയൽ ഭരണകാലത്ത് [...]ാപ്യൻ ഭാഷകൾ പഠിക്കുവാനും കൃതികൾ വായിക്കുവാനും മലയാളിക്ക് ലഭിച്ച അവസരങ്ങൾ സാഹിത്യപരമായ നവോത്ഥാന ചിന്തകൾക്ക് വഴി തെളിക്കുകയായിരുന്നു. നിഘണ്ടു, വ്യാകരണ ഗ്രന്ഥങ്ങൾ, പ്രസിദ്ധീകരണ ഉപകരണങ്ങൾ, വാർത്താ പത്രങ്ങൾ എന്നിവയുടെ ലഭ്യതയും ഇതിനു സഹായകമായി. കൊളോണിയൽ ഭരണകൂടങ്ങൾ നിഷ്കർഷിച്ച വിദ്യാഭ്യാസ വ്യവസ്ഥകൾ മൂലം ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ കൈവരിച്ച അറിവും, ദേശീയ അവബോധവും ആധുനിക മലയാള സാഹിത്യത്തിനു തുടക്കം കുറിച്ചു. അന്യഭാഷാ കൃതികൾ വിവർത്തനം ചെയ്യുവാൻ തുടങ്ങിയതോടുകൂടിയാണ് മലയാള ഗദ്യ സാഹിത്യത്തിന് പ്രാധാന്യം കൈവന്നത്. ജർമ്മൻകാരനായ ഹെർമൻ ഗുണ്ടർട്ടിന്റെ പരിശ്രമ ഫലമായാണ് മലയാള ഭാഷയ്ക്ക് ആദ്യത്തെ നിഘണ്ടുവും വ്യാകരണ ഗ്രന്ഥവും സൃഷ്ടിക്കപ്പെട്ടത് എന്നുള്ളത് ഏറെ ശ്രദ്ധേയമാണ്.

മലയാള ചലച്ചിത്രങ്ങൾക്ക് മലയാളം പേരിട്ടാലെ



സബ്സിഡി കൊടക്കാവൂ എന്ന വാർത്തയോടുള്ള കെ.എൽ മോഹന വർമ്മയുടെ പ്രതികരണം ഇവിടെ തീർത്തും പ്രാധാന്യമർഹിക്കുന്നു. 'എന്താണ് പ്യൂവർ മലയാളം? സിനിമ, ഓശാന, പാസഞ്ചർ, ഓർഡിനറി, കസേര, പ്രഭാതം, കമ്പനി, ജില്ല, മന്ത്രി, ലീഡർ, ബുക്ക്, സ്കൂൾ ഒന്നും പ്യൂവർ മലയാളമല്ല. പക്ഷെ അവയെല്ലാം ഇന്ന് മലയാളമാണ്. ഈ സംസ്കൃത, തമിഴ്, പേർഷ്യൻ, ഇംഗ്ലീഷ്, ലത്തീൻ വാക്കുകൾ  ഇന്ന് മലയാളത്തിന്റെ ഭാഗമാണ്. ഭാഷ ഭാഷയ്ക്ക് വേണ്ടിയല്ല. കമ്മ്യൂണിക്കേഷന് വേണ്ടിയാണ്. സംവേദനമാണോ കമ്മ്യൂണിക്കേഷനാണോ പരസ്പരാശ്രയ വിനിമയമാർഗത്തിന് നൽകേണ്ട ഒറ്റ വാക്ക്? മലയാളം വളരേണ്ടത് ഉള്ളിലേക്ക് വലിഞ്ഞല്ല. സാധാരണക്കാരാണ് ഭാഷയെ വളർത്തുന്നത്. നമ്മൾ മറ്റ ഭാഷക്കാരെക്കാളും ഗ്ലോബലാണ്. നമുക്ക് കൂട്ടതൽ കൂടുതൽ നമ്മുടെ നാവിനു വഴങ്ങുന്ന മറ്റ ഭാഷാ വാക്കുകളെ സ്വന്തമാക്കി മലയാളത്തെ വളർത്താം. മാള എന്ന സ്ഥലപ്പേര് പുരാതന ഹീബ്രൂവിൽ നിന്ന് 2300 കൊല്ലം മുന്പ് കടമെടുത്തവരാണ് നമ്മൾ. മാള മനോഹരമായ മലയാളമല്ലാതെ മറ്റെന്താണ്?'

ലൈംഗികാവയവങ്ങൾ പോലും പരസ്യമായി ആരാധിക്കപ്പെടുന്ന ഇന്ത്യയിൽ ലൈംഗീകാവയവങ്ങൾക്ക് മറ്റെല്ലാ ഭാഷകളിലും എന്നപോലെ പ്രാദേശിക ഭാഷാ ഭേദങ്ങൾ അനുസരിച്ച് വിവിധ പേരുകൾ നൽകി ഉപയോഗിക്കാറുണ്ട്. ശുദ്ധ സംഗീതവും ശുദ്ധ മദ്ദളവും പോലെ ഇവിടെ ശുദ്ധ മലയാളത്തിനും പ്രാധാന്യം ഉണ്ട് എന്ന് വേണമെങ്കിൽ പറയാം. കാരണം, രാഗ താള നിബദ്ധമല്ലാത്ത സംഗീതം മധുരമായ ശ്രവണാനുവഭവം തരില്ല എന്നതുപോലതന്നെ, സ്വന്തം ശരീരഭാഗങ്ങൾ ആണെങ്കിൽ കൂടി അവയ്ക്ക് ശാസ്ത്രീയമായ വാക്കുകൾ  ഉപയോഗിക്കുന്നതിനു പകരം  പല പല പേരുകൾ നൽകി ഉച്ചരിക്കുന്നത് കേൾക്കുമ്പോൾ അറപ്പുള്ളവാകും എന്നുള്ളതുകൊണ്ട് തന്നെ അവയുടെ ഉപയോഗം ഒഴിവാക്കാവുന്നതാണ്. ഉച്ചാരണത്തിൽ നിലനിൽക്കുന്ന പ്രാദേശിക ഭാഷാഭേദങ്ങൾ മൂലം ഒരു പ്രദേശത്ത് ഉപയോഗിക്കുന്ന പല വാക്കുകളും ചിലപ്പോഴെങ്കിലും മറ്റൊരു പ്രദേശത്ത് ഉപയോഗിക്കുവാൻ പാടില്ലാത്തതായി മാറാറുണ്ട്. തിരുവനന്തപുരം ജില്ലക്കാർ കുഞ്ഞിന്റെ ചന്തി കഴുകിയോ എന്നു ചോദിക്കുന്പോൾ കൊല്ലം ജില്ലക്കാർ കുഞ്ഞിന്റെ കുണ്ടി കഴുകിയോ എന്നാണ് ചോദിക്കുക. തമിഴ് സംസാരിക്കുന്ന ഒരുവനോട് നിന്റെ സംസാരം ശരിയല്ല എന്നു പറഞ്ഞാലുള്ള അവസ്ഥ എന്തായിരിക്കും?

ശ്രേഷ്ഠഭാഷയായി മലയാളത്തെ അംഗീകരിച്ചുവെങ്കിൽ കൂടി മലയാളത്തിന്റെ ഉപയോഗം പുതിയ തലമുറയിൽ കുറഞ്ഞു വരുന്നതായാണ് കരുതപ്പെടുന്നത്. മരിക്കുവാൻ കിടക്കുന്ന ഒരാൾ ഒരു ഗ്ലാസ്സ് വെള്ളം വേണമെന്നാവശ്യപ്പെടുമ്പോൾ ഗ്ലാസ്സിനു മലയാളം വാക്ക് പറഞ്ഞാൽ മാത്രമേ വെള്ളം തരികയുള്ളൂവെന്ന് വാശി പിടിക്കുന്നത് ഭാഷയെ എത്രകണ്ട് പരിപോഷിപ്പിക്കും.

മലയാളത്തിലെ ഏകഭാഷാ നിഘണ്ടുക്കളിൽ ഏറെ പ്രചാരത്തിലുള്ളതും സംപുഷ്ടമായതും  ശ്രീകണ്ഠേശ്വരം ജി പദ്മനാഭപിള്ളയുടെ 'ശബ്ദതാരാവലി'ആണ്. ഇതു തന്നെ ഒരു ഭാഷാസ്നേഹിയുടെ അന്വേഷണത്തെ തൃപ്തിപ്പെടുത്തുവാൻ പൂർണ്ണമായും പോന്നതല്ല എന്നുവേണം കരുതാൻ. മറിച്ച് ആംഗലേയ ഭാഷയിലെ മികച്ച ഓക്സ്ഫഡ് നിഘണ്ടുവിൽ ഒരു പദത്തിന് അർത്ഥം തേടിപ്പോയായാൽ അത് നമ്മെ പൂർണമായും തൃപ്തിപ്പെടുത്തും എന്നതിൽ ഒരു സംശയവും വേണ്ട. മാത്രവുമല്ല നിരന്തരം പുതിയ പദങ്ങൾ ചേർത്ത് അവ വിപുലപ്പെടുത്തുന്നുമുണ്ട്. അന്യഭാഷാ പദങ്ങൾ കടംകൊണ്ട് ഭാഷ വിപുലപ്പെടുത്തുന്നതിൽ ആംഗലേയ ഭാഷക്കാർക്കുള്ള താൽപര്യം നാം മലയാളികൾക്ക് ഇല്ല എന്നുതന്നെ പറയാം.

ദൈനംദിന ജീവിതത്തിൽ നാം ഉപയോഗിക്കുന്ന അന്യഭാഷാ പദങ്ങളെ ശുദ്ധിയുടെയും അശുദ്ധിയുടെയും മാറ്റ് ഉരച്ചു നോക്കി പടിയടച്ച് പിണ്ഡം വയ്ക്കുന്നതിന് പകരം, പദങ്ങളുടെ ഉപയോഗത്തിന് പ്രാധാന്യം നൽകി അവയെ മാതൃഭാഷയുടെ മാറോടണച്ചു നിർത്തി നമ്മുടെ ഭാഷാ പദസമ്പത്ത്  സമ്പന്നമാക്കുക – അത് തന്നെയാവും മലയാളഭാഷയെ പരിപോഷിപ്പിക്കുക.






There are many reasons why people prefer to bank with SBI UK. What's yours?

sbiuk.com
0800 532 532

State Bank of India
United Kingdom

CITY OF LONDON | BIRMINGHAM | COVENTRY | EAST HAM | GOLDERS GREEN | HARROW | HOUNSLOW | ILFORD | LEICESTER | MANCHESTER | SOUTHALL | WOLVERHAMPTON

25,000 STATE BANK BRANCHES IN 37 COUNTRIES • 500 MILLION CUSTOMERS • IN THE UK SINCE 1921

Personal Banking | Corporate Finance | Trade Finance | Money Transfer | NRI Services

*Your property may be re-possessed if you do not keep up with your mortgage repayments. You are responsible for making monthly repayments even if your property does not have a tenant. SBI's Buy-To-Let and commercial mortgages are not regulated by the FCA or PRA.

Authorised and regulated by Reserve Bank of India and Prudential Regulation Authority. Subject to regulation by the Financial Conduct Authority (FCA) and limited regulation by the Prudential Regulation Authority. Details about the extent of our regulation by the Prudential Regulation Authority and Financial Conduct Authority are available from us on request. State Bank of India is a member of the Financial Services Compensation Scheme established under the Financial Services and Market Act 2000. The Financial Services Compensation Scheme protects deposits held with our UK branches. Payments under this scheme are limited to £85,000 of your total deposits with us in the UK. In practice, this means that each eligible depositor will be compensated up to a maximum of £85,000 of their total deposits. Terms and conditions apply. For more information and clarification, visit us at our website www.sbiuk.com or visit your local branch or call 0800 532 532. The contact centre is open Monday, Tuesday, Wednesday and Friday 9.00am to 6.00pm, Thursday 9.00am to 5.00pm, Saturday 9.00am to 3.00pm and Sunday closed.





# Sheila Chandra:

## World famous UK Malayalee musician TURNS SUCCESSFUL AUTHOR

Dont miss to read this Kochi womans book 'Organizing for Creative People'

Balagopal Kent (ukmalayalee.com)

Sheila Chandra made some of the most beautiful and innovative recordings in the World Music category (beginning with her band Monsoon's 1982, top ten hit, 'Ever So Lonely') until voice problems forced her to retire in 2010.

Since then she has become a best-selling author with 'Banish Clutter Forever' – outlining her own system for home organizing – which she says "makes it possible to pretty much, never tidy up again."

Following its success Sheila has come out with another new book recently entitled Organizing for Creative People. The book gives tips to help disorganised individuals to take advantage of the opportunities that come their way. The book will also help those who dream of starting a creative career, but don't know what kind of support and business set-up one needs. Organizing for Creative People is the perfect guidebook to streamlining your work and life for career success in any creative discipline. Step-by-step, it walks you through the essential systems you'll need to thrive as an artist and shows you how good organisation can get you to the 'still point' of calm that liberates your creative 'magic'.

Sheila opens up to www.ukmalayalee.com about her Kerala connections and her career. Sheila, born in the UK, has her roots in Kochi, but lives a pure British life away from the Malayalee tradition or culture in Somerset.


Sheila says: "My immediate family did not want me to be a singer (it not being one of the 'golden triad' of 'doctor/engineer/lawyer'!) It was something I had to fight for. It took most of the 80s and the early 90s for the Asian community in the UK to stop saying 'You can't do that!' and 'You're bastardising our culture…'.

"And as I was the only full-time artist in Asian fusion in the 80s I caught most of the flak! It was 15 years or more before they saw it was something positive that would keep interest in our culture alive in the modern world, and lead people back to our fantastic classical tradition. And about that long before the second wave of Asian Fusion artists like Talvin Singh and NithinSahwney emerged.

"I suppose the consolation is that in the late 90s I used to be described as the 'first lady' of Asian Fusion in the US where I sold most records during my solo career".

Sheila attended Italia Conti Academy of Theatre Arts aged between 11 and 16.








Started her professional career in the arts at 14 on Grange Hill (BBC1) and was one of the few Asian characters. Sheila gave up acting at 16. She revelled in the music charts with a Top 10 hit around the world at 17 with 'Ever So Lonely' (Monsoon).

Speaking about Indian music Sheila says: "I adore Indian Classical music, mostly North Indian classical particularly Dhrupad and Khayal, but also greatly admire Yesudas. I have no formal training in Indian Classical music. The elements I used were from what I learned through listening and talking with other Asian musicians.

"This is because I didn't want to try to make what was then the new and emerging form of Asian Fusion music, with too many 'rules' in my head. Also, in the British music business, if you don't find success by the age of 25 you likely won't get signed by major record companies.

"I didn't have time to study music in any serious way if I was going to forge a proper career. Once I'd had a hit record, I had to move fast to capitalise on it.

Sheila retired from music due to having developed Burning Mouth Syndrome (a neurological problem in the mouth with no real cure), after singing and speaking became painful. Since then she has become a best selling author. You can buy her books from Amazon. Also listen to some of her melodious and mellifluous songs on Youtube.




# Kerala House

## The Home of British Malayalees!

It was an historic achievement when MAUK, UK's first Malayalee community organisation bought its own property in 1987 with the financial support of the local governmental bodies and contribution from Malayalees residing in London area. Sachidanandan Pillai and his team, which included Hilary D'Cruz, R Sambasivan, K R Nair, Narayanan Nair, Sreekumar Sadanandan, Sreedharan, led this monumental accomplishment of being the first Malayalee organisation in the western world to attain a freehold property despite a local Malayalee population of under a thousand. The property which is located at 671 Romford Road, Manor Park, London E12 5AD was named as Kerala House by the then Kerala Electricity Minister, The Hon. G Karthikeyan on Gandhi Jayanthi day in 1995.

Over the years, MAUK activities flourished from Kerala House. From birthday parties to various Dravidian art classes, elders centre to youth programmes and advice centre, meetings and debate forums to health and well-being projects, community members derived a multi-purpose use for Kerala House. MAUK's music, dance and drama troupe also found solace at having their own space at Kerala House and reached greater heights. The warm and welcoming atmosphere of Kerala House combined with pride of having owning our own premises earned Kerala House its title 'The Home of British Malayalees'. Kerala House has also played host to many dignitaries from the local community as well India, especially Kerala. In fact, it has become a custom and practice for dignitaries from Kerala to visit and sign the guest book at Kerala House.

Throughout the nineties and thereafter, as the Malayalee population grew, Kerala House underwent minor alterations and extensions to accommodate the growing needs of the community. As the 25th anniversary of Kerala House approached, it was evident that a complete overhaul and creation of extra space was essential. As a result, the seeds were sown for MAUK's most ambitious project to date and one of the largest to be undertaken by a UK based Malayalee organisation. The Kerala House Renovation Project (KHRP) was launched under the leadership of Sreejith Sreedharan at the 2012 Annual General Meeting. A project plan was submitted to the AGM and the idea to offer 50 life memberships at £400 each in order to raise funds was approved. The tremendous support from the community saw the life memberships increase to 70 with final 10 members paying £500 each for the proud privilege of becoming an integral part of the first and one of leading and largest Malayalee community organisation in the UK. This reinstated that the community supported MAUK to undertake such a challenging project.

The KHRP Team was formed to plan and execute the project. Various fundraising options were explored and ultimately it was decided to focus on life memberships, door-to-door collections and business sponsorships to raise funds. The building plan was drawn up by Anil Divakaran of Total Property Partnership, who initially arrived as a paid professional but ended up being a








volunteer after witnessing the sheer passion of the KHRP team. After careful consideration of the seven quotes received for the building work, Satpal Singh was awarded the contract as his quote was the most competitive and he had wide commendation from the community. Throughout the work and even when purchasing any equipment, a minimum of three quotes were obtained for all items before finally deciding on the best option.

All the MAUK services that were conducted at Kerala House were moved to London Tamil Sangam. The building work commenced on 1 November 2013 (Keralapiravi day) and it soon became evident that the initial budget of £85K and the completion time of 4 months was too ambitious. We had to extend the deadline for the completion of the work to the end of April 2014, and revise the cost to £115K. This was due to additional requirements instructed by the Planning Officers at Newham council, as well as unforeseen additional work. The renovation work was completed by the first week of May 2014 and a purpose-built Kerala House was ready for re-occupation. On Thursday 15 May 2014, MAUK services and activities returned to Kerala House and the Aunties of the 60+ Sisters Club marked this with a traditional house warming ceremony.

The completion of KHRP was a proud and prestigious moment for all those who were involved. Whilst the project lead, Sreejith Sreedharan and team member, Jayan Pillai, dedicated their Sundays from July 2013 to March 2014 to secure funds through door-to-door collections and sponsorship, the other key player of the Team Sreevalsalan Pillai, had been especially meticulous in keeping a close eye on every minute detail of the building work, visiting Kerala House daily for over 6 months. Other members of





the Director Board; Nash Rawther, Edwin Thomas, R Sambasivan, Balamurali Nair, Raveendran Nair, K.G Nair, Ravi Bhaskaran, Baldwin Simon Rajeswari Sadasivian, Lalitha Pillai, Nandini Dharmaseelan and Sudheer Vasudevan all played their part in assisting with fundraising to ensure the project was a success. MAUK Volunteers; Jestin Simon, Michael Joseph, and Vinod Navadhara also assisted with tasks that were not included in the builder's contract helping to reduce costs.

After all the lengths it took to successfully complete the task, it was only right to celebrate the accomplishment and important milestone for MAUK with the utmost splendour and elegance. Through consultation it became apparent that KHRP and MAUK supporters fall into different categories of people, who may not all share the same interests. It was only fair to respect the interests of everyone equally and make an effort to cater for them all. As a result, a three-day celebration was planned and MAUK volunteer Suprabha Nair, was aptly chosen to synchronise the re-opening ceremonies. The cultural events arranged were a collection of classical and contemporary dance, drama and music by a wide range of local and internationally renowned artists. Performances of children aged 5 to elders who are 80+ years added uniqueness and inclusivity to this celebration.

On Monday 9 June, the first day of the celebration titled 'Novel Buds – Celebrating the New Look', The High Commission of India, H.E. Shri Ranjan Mathai in the presence of K. S. Chitra, First Secretaries M. P Singh, Pritham Lal and other prominent guests from media, businesses and arts, officially re-open Kerala House. K S Chitra rendered a beautiful Keerthanam, which initiated performances by MAUK Elders Services users. Guest speaker Poet Meera Kamala reminded the audience of the untainted spirit and passion of MAUK in serving the community for decades. The focus of day one was to appreciate the elders in our community and MAUK ex-officials who were instrumental in the purchase of Kerala House.

Hon. Stephen Timms, MP for East Ham, was the chief guest on the second day, Saturday 14 June 2014, titled 'Creative Petals – Celebrating Cultural Excellence'. This day showcased the rich cultural heritage of India and opened a wonderful opportunity to enjoy excelling multi-cultural traditional and modern performances by a diverse range of superb artists.

The third day, titled 'Rainbow Flowers – Celebrating New Generation' on Sunday 15 June 2014, was lead by MAUK volunteers Jasline Shimmy Antony and focused activities for babies, children, and young people.

The KHRP team has achieved something that most voluntary sector organisations can only dream of. To find £116K from a minority community especially during severe austerity times, to renovate a building is such a great achievement. This was only possible due to the support of the local community and with the efforts of dedicated directors and committed volunteers as well as our well-wishers and sponsors.

KHRP Team wishes to acknowledge the invaluable support of the following individuals and organisations; T Haridas of Kerala Group of Restaurants, Joy Thomas of Allied Group, Jomon of Garshom TV, Lakshmi Narayanan, of UAExchange Europe (First corporate member of MAUK), Roy Pascal of Sam Travels, Anil and Sheeba of Swayam Property Services, Bhrama of Veena's Superstore, Sreekumar of Anand Media, Nordi Jacob of Schiermove.com, Sasi Nair of Neil Travels and all those who have supported MAUK over the years.



# എം.എ.യു.കെ ചെണ്ട ടീം















അസുരവാദ്യമായ ചെണ്ടയ്ക്ക് യു.കെ യിൽ അധികം പ്രചാരം ലഭിച്ചിട്ടില്ലാത്ത സമയത്താണ് മലയാളി അസോസിയേഷൻ ഓഫ് ദി യു.കെ (എം.എ.യു.കെ) തങ്ങളുടേതായ ഒരു ചെണ്ട ടീമിനെക്കുറിച്ചു ആലോചിക്കുന്നത്. കേരളത്തിന്റെ പരമ്പരാഗത വാദ്യോപകരണമായ ചെണ്ടയുടെ ഖ്യാതി അതിന്റെ തനതായ ശൈലി ഒട്ടുംതന്നെ ചോർന്നുപോകാതെ യൂറോപ്യൻ രാജ്യങ്ങളിലേക്കുകൂടി വ്യാപിപ്പിച്ച്, മലയാള സംസ്കാരം സംഗീതവുമായി എത്രത്തോളം ഇഴുകി ചേർന്നിരിക്കുന്നുവെന്ന് പ്രചരിപ്പിക്കുകയെന്ന ഉദ്ദേശത്തോടെ 2011ൽ ആണ് മലയാളി അസോസിയേഷൻ ഓഫ് ദി യു.കെ ചെണ്ട ടീം രൂപീകരിച്ചത്. കേരളത്തിലെ പ്രശസ്തരായ ചെണ്ട വിദ്വാന്മാരുടെ ശിക്ഷണത്തിൽ ചെണ്ട അഭ്യസിച്ച ശ്രീ. വിനോദ് നവധാരയുടെ കൃത്യവും ചിട്ടയുമായ പരിശീലനത്തിൽ കീഴിൽ അർപ്പണബോധമുള്ള ഒരു കൂട്ടം കലാകാരന്മാർ അണിനിരന്നപ്പോൾ, കേരളത്തിന്റെ ഹൃദയ താളമായ ചെണ്ടമേളം അതിന്റെ തനിമ ഒട്ടും നഷ്ടപ്പെടാതെതന്നെ യു.കെ യിൽ അവതരിപ്പിക്കപ്പെടുകയായിരുന്നു.

അധികം താമസിയാതെ തന്നെ യു.കെ യിലെ ആദ്യത്തെ വനിതാ ചെണ്ട ടീമിനു രൂപം കൊടുക്കാൻ മലയാളി അസോസിയേഷൻ ഓഫ് ദി യു.കെ ക്കു കഴിഞ്ഞു. ക്രമേണ, എം.എ.യു.കെ ചെണ്ട ടീം യു.കെ. യിലെ പ്രധാനപ്പെട്ട  വേദികളിലെല്ലാം തന്നെ തങ്ങളുടെ മിന്നുന്ന പ്രകടനം കാഴ്ചവച്ച് ആസ്വാദകരുടെ മുക്തകണ്ഠ പ്രശംസ നേടുകയുണ്ടായി. യു.കെ യുടെ മണ്ണിൽ അങ്ങിനെ ആദ്യമായി ചെണ്ടയുടെ ശ്രുദ്ധനാദം തിരിച്ചറിയപ്പെടാൻ തുടങ്ങി. 64 വർഷങ്ങൾക്കു ശേഷം 2012 ൽ ആദ്യമായി ലണ്ടനിൽ ഒളിമ്പിക്സ് അരങ്ങേറുന്നതിനു മുന്നോടിയായി നടന്ന ദീപശിഖാ പ്രയാണം ഈസ്റ്റ് ഹാമിൽ എത്തിയപ്പോൾ, കേരളത്തിന്റെ സാന്നിധ്യമറിയിച്ച് ദീപശിഖയ്ക്കു  അകമ്പടി സേവിച്ച എം.എ.യു.കെ ചെണ്ട ടീം നടത്തിയ ചെണ്ട മേളം ബ്രിട്ടൻ നിവാസികൾക്ക് പുതിയൊരനുഭവം ആക്കുകയായിരുന്നു. .

ദീപാവലി ആഘോഷങ്ങളുടെ ഭാഗമായി ലണ്ടൻ മേയർ 2015 ൽ സംഘടിപ്പിച്ച മേയർ ഷോയിൽ 60000 – ൽ അധികം വരുന്ന കാണികളുടെ മുന്നിൽ പഞ്ചാരി മേളവും ശിങ്കാരി മേളവും മുറുകിയപ്പോൾ എം.എ.യു.കെ യുടെ കലാകാരന്മാർക്ക് അത് അഭിമാനത്തിന്റെ മുഹൂർത്തം കൂടിയായിരുന്നു. ചേങ്ങിലയുടെയും വീക്ക് ചെണ്ടയുടെയും അലയൊലികൾ കടൽകടന്ന് ഇങ്ങിവിടെ ലണ്ടനിൽ എത്തിയപ്പോൾ അക്ഷരാർത്ഥത്തിൽ കാണികളുടെ കണ്ണിനും കാതിനും ഒരു പുതിയ അനുഭവമാകുകയായിരുന്നു കേരളത്തിന്റെ അഹങ്കാരമായ ഈ അസുരവാദ്യം. ലോകപ്രശസ്ത ചത്വരങ്ങളിൽ ഒന്നായ ട്രഫാൾഗർ സ്ക്വയറിൽ നടന്ന ഈ ആഘോഷങ്ങളിൽ യു.കെ യുടെ ചരിത്രത്തിലേക്കാണ് എം.എ.യു.കെ യുടെ ചെണ്ട ടീം കൊട്ടിക്കയറിയത്. ഇതിനോടകം തന്നെ യു.കെ യിൽ അങ്ങോളമിങ്ങോളം 100 ൽ പരം വേദികളിൽ ചെണ്ട മേളം നടത്തി ഏവരുടെയും മുക്തകണ്ഠ പ്രശംസ ഏറ്റുവാങ്ങി എം.എ.യു.കെ ചെണ്ട ടീം അതിന്റെ ജൈത്രയാത്ര തുടരുകയാണ്.



സെപ്റ്റംബർ 2017

# Learn music, learn dance

## Dip deep into the beauty of culture at MAUK

### Kalamandalam Sruthi TEACHES MOHINIYATTAM



Kalamandalam Sruthi is a highly skilled, talented and accomplished dancer, choreographer and teacher, who performs with sheer beauty, perfection and grace. Sruthi began learning Bharatanatyam from the tender age of five. Subsequently, she continued learning diverse aspects of the classical dance from a number of eminent Gurus and institutions. She has also learned Mohiniyattam and Kuchipodi making her versatile with the South Indian dance forms. She received the National Scholarship in Bharatanatyam and various other accolades. She is a postgraduate in Fine Arts in Bharatanatyam and has given performances at various National and Temple festivals across the India and the UK.





### Santosh G. Nair teaches Bharathanatyam

Santosh Nair is a scintillating Bharathanatyam performer and a gifted pupil of the eminent gurus, Guru Sri V.S.Ramamoorthy and Guru Smt. Manjula Ramaswamy. She is also fortunate enough to be trained under the guidance of Smt. Priyadarshini Govind, Chennai. She was also trained by Guru Rama Vaidyanathan and Guru Bragha Besel for Abhinaya.



She is extremely creative and her performance shows her inborn talent as a classical dancer. Santosh has always been regarded as a prodigy and a highly talented artist even as a child. Her abhinaya speaks volumes about her mimetic powers and she is well known for her high imagination and novelty in presentation of characters like Ravana, Hiranyakashipu, Duryodhana, Shiva, Krishna, Durga, Meera, Droupati, Goda, Devi, etc.





### Albert Vijayan teaches KEYBOARD AND GUITAR



Albert Vijayan, a real asset to MAUK, is a master musician, refined keyboard artist and well-established composer with over thirty years of extensive experience.

In 1989, Albert Vijayan worked with MG Radhakrishnan at Chitranjali Studios, when KS Chitra made her debut as a lead singer. His musical adventure was heightened when he became a devoted disciple of the renowned late Mr Devarajan of the Malayalam film industry. This priceless and endearing experience opened many avenues for Albert Vijayan and embodied his stepping-stones for success in the music industry. Albert Vijayan worked closely with Dr K J Yesudas and was an active part of the epic Tharangani team, scoring and conducting music for numerous popular Tharangani music albums and film songs.




### Vinod teaches TABLA, MRIDANGAM AND CHENDA



Mr. Vinod Navadhara (Vinodkumar Sukumaran) is a renowned percussionist who hails from Kerala is expertise and vast knowledge in handling various percussion instruments helped him to develop his career as a pure musician. Over a period of 25 years of experience, he has succeeded in securing his position in the act of live musical performance with an enviable record of having performed in more than 2500 stages across India and Europe.

Mr. Vinod Navadhara started learning Tabla and Mridangam, the percussion instruments, at the age of 9. Initially he studied Tabla, the membranophone percussion instrument, under the guidance of Mr. Das for 7 years and later on, to achieve grater proficiency, he became the student of Mr. Mohan, the teacher from Kalabhavan Cochin for further 4 years.










# പ്രായമോ? എന്ത് പ്രായം? കൂട്ടുചേരാൻ വരൂ കൂട്ടുകാരേ !

## സിസിലീ ജോർജ്

മലയാളമണ്ണിന്റേയും മലയാളിയുടേയും സാമീപ്യമറിയാത്ത ഒരു നീണ്ട കാലഘട്ടത്തിനു ശേഷം അവിചാരിതമായി പരിചയപ്പെട്ട ഒരു മലയാളിയാണ് എന്നെയും മാനർ പാർക്കിലെ റോം ഫോർഡ് റോഡിലുള്ള കേരളാ ഹൌസിൽ മലയാളികൾ ഒത്തു ചേർന്ന് സല്ലപിക്കുന്ന മലയാളി അസോസിയേഷൻ കൂട്ടായ്മയിലേക്ക് കൊണ്ടുവന്നത്. അതെന്റെ വാർദ്ധക്യ കാല ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു.

'സിക്സ്റ്റി പ്ലസ് സിസ്റ്റേഴ്സ് ക്ലബ്' എന്ന് ഓമന നാമം നൽകി ശ്രീമതി. ഗിരിജാ നായർ താലോലിച്ച് സംരക്ഷിച്ച് വളർത്തിയെടുത്തതാണ് ഈ പൊന്നോമനയെ. മലയാളിയ്ക്കൊരു മകുടം പോലെ ഇതിന്നും ഉത്തരോത്തരം വളർന്ന് പടർന്ന് പന്തലിച്ചു നിൽക്കുന്നു. ശ്രീമതി. ഗിരിജാനായരുടെ അകാല നിര്യാണത്തിനു ശേഷം 2012 മുതൽ എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുത്ത് സ്നേഹമയിയായ അമ്മയായി ശ്രീമതി രാജേശ്വരി സദാശിവൻ ഞങ്ങളെ താലോലിച്ച് സംരക്ഷിക്കുന്നു. 60 വയസ്സിൽ കൂടുതൽ പ്രായമായവർക്കിനി എന്തു ചെയ്യാനുണ്ട് എന്ന് ആരെക്കൊണ്ടും പരാതി പറയിക്കാതെ ഞങ്ങൾ ഇവിടെ വാർദ്ധക്യം മറികടന്ന് ജീവിതം ആസ്വദിക്കുന്നു. '60+ സിസ്റ്റേഴ്സിന്റെ പ്രതിവാര സമാഗമം എല്ലാ ചൊവ്വാഴ്ചകളിലും 12.30 നാണ് തുടങ്ങുന്നത്. ശരാശരി 25 ൽ കുറയാതെ അംഗങ്ങൾ അന്ന് അവിടെ സന്നിഹിതരായിരിക്കും.

മിസ്സിസ്സ് മേഴ്സി, മിസ്സിസ്സ് മാഗി നെറ്റോ ദാറമ്മ ടീച്ചർ എന്നിവരുടെ അകാല നിര്യാണത്തിൽ ഞങ്ങളിന്നും ദുഃഖിതരാണ്. ഞങ്ങൾ ഒത്തുചേർന്ന് നടത്തുന്ന സർവ്വമത പ്രാർത്ഥന, തുടർന്നുള്ള വായന, ചർച്ചകൾ, ഒരു മണിക്കൂർ നീളുന്ന എക്സർസൈസ് പ്രാക്ടീസ്, ചായസൽക്കാരം, ബിംഗോകളി, അന്താക്ഷരി എന്നിവയൊക്കെ വാർദ്ധക്യം അന്യമാക്കുന്നതിന് ഞങ്ങളെ സഹായിക്കുന്നു.

വ്യാഴാഴ്ചകളിൽ സ്ത്രീകൾക്കു പുറമേ പുരുഷൻമാരും ഇവിടെ ഒത്തുചേരുന്നുണ്ട്. അന്നും ഞങ്ങൾ സ്ത്രീകൾക്ക് എക്സർസൈസ് പ്രാക്ടീസ് ഉണ്ട്. ചൊവ്വാഴ്ചയും വ്യാഴാഴ്ചയും ട്രെയ്ൻഡ് ടീച്ചേഴ്സ് ആണ് ഇതിന് നേതൃത്വം നൽകുന്നത്. രാവിലെ 10 മണിക്ക് തുടങ്ങുന്ന സമ്മേളനം ഉച്ചഭക്ഷണം ഒത്തുചേർന്ന് കഴിച്ച് അന്താക്ഷരിയും മറ്റ് ആഘോഷകരമായ ചർച്ചകളും നടത്തി പിരിയുന്നു.

ഏകോദരസഹോദരങ്ങളെന്നപോലെ ഞങ്ങൾ കൂട്ടുചേർന്ന് ആഹ്ലാദിച്ച് വാർദ്ധക്യം സമ്പന്നമാക്കുന്നതിന് അവസരമൊരുക്കിത്തന്ന മലയാളി അസോസിയേഷന് ഞങ്ങൾ നന്ദി പറയുന്നു. വരുവിൻ സഹോദരിമാരെ! വീടുകളിൽ അടച്ചു പൂട്ടിയിരിക്കാതെ നിങ്ങൾ ഇറങ്ങി വരൂ നിങ്ങളെ സ്വീകരിക്കാൻ ഞങ്ങളുണ്ട്. "പ്രായമോ? എന്ത് പ്രായം ? അതൊക്കെ നമ്മുടെ മനസ്സിലല്ലേ ?'






# എം.എ.യു.കെ നിസരി ലൈവ് ഓർക്കസ്ട്ര

എം.എ.യു.കെ യുടെ ആദ്യകാല സംഗീത വിഭാഗമായ നിസരി അതിന്റെ ഗതകാല പ്രതാപം വീണ്ടെടുത്ത വർഷങ്ങളാണ് കഴിഞ്ഞു പോയത്. പുതിയ രൂപഭാവങ്ങളോടെ 2014 – ൽ ആണ് നിസരി വീണ്ടും അവതരിപ്പിക്കപ്പെട്ടത്. ലൈവ് ഓർക്കസ്ട്ര എന്ന ആശയത്തെ മുറുകെപ്പിടിച്ച്, ഒരു പറ്റം നല്ല കലാകാരന്മാരെ അണിനിരത്തി നിരവധി ജനപ്രിയ ഗാനമേളകളാണ് നിസരി ലൈവ് ഓർക്കസ്ട്ര അവതരിപ്പിച്ചത്. അനുഗൃഹീത കലാകാരനും എം.എ.യു.കെ യുടെ സംഗീതാധ്യാപകനുമായ ശ്രീ. വിനോദ് നവധാരയുടെ നേതൃത്വത്തിൽ യു.കെ യിൽ എമ്പാടും 50 –ൽ അധികം വേദികളിലാണ് ഈ കുറഞ്ഞ കാലയളവിൽ നിസരി ലൈവ് ഓർക്കസ്ട്ര നടത്തിയത്.

ശുദ്ധ സംഗീതത്തോടുള്ള അടങ്ങാത്ത ആവേശം നെഞ്ചിലേറ്റിയ ഒരു കൂട്ടം കലാകാരന്മാരുടെ ആത്മാർത്ഥമായ പരിശ്രമഫലമായി പ്രശസ്തരായ നിരവധി ചലച്ചിത്ര പിന്നണിഗായകർക്കൊപ്പം നിരവധി വേദികൾ പങ്കിടാൻ നിസരി ലൈവ് ഓർക്കസ്ട്രക്കു കഴിഞ്ഞുവെന്നത് എം.എ.യു.കെ യെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ കാര്യമാണ്. യു.കെ യിലെ മറ്റൊരു മലയാളി സംഘടനക്കും അവകാശപ്പെടാൻ കഴിയാത്ത നേട്ടമാണ് നിസരി ലൈവ് ഓർക്കസ്ട്ര വഴി എം.എ.യു.കെ കൈവരിച്ചിരിക്കുന്നത്. മലയാളികളുടെ പ്രിയപ്പെട്ട ഗായകരായ ബിജു നാരായണൻ, സുദീപ് കുമാർ, വിധു പ്രതാപ്, ജ്യോത്സ്ന, സിതാര, അൻവർ സാദ്ദത്, വിവേകാനന്ദൻ, അഖില, നജീം അർഷാദ്, വിൽ സ്വരാജ്, ശ്രീനാഥ്, വൃന്ദ ഷെമിക് എന്നിവരെ കൂടാതെ മാപ്പിളപ്പാട്ടിന്റെ രാജകുമാരൻ കണ്ണൂർ ഷെരിഫ്, നാടൻ പാട്ടിലെ പുത്തൻ താരോദയം പ്രസീത ചാലക്കുടി, ലോകറെക്കോഡിന് ഉടമയായ പ്രശസ്ത ഡ്രമ്മർ ശ്രീധർ എന്നിവർക്കൊപ്പം യു.കെ. യിൽ ഉടനീളം നിരവധി വേദികളിൽ നിസരി ലൈവ് ഓർക്കസ്ട്ര തങ്ങളുടെ പ്രാഗൽഭ്യം തെളിയിച്ചു കഴിഞ്ഞു. യു.കെ യിലെ മാഞ്ചസ്റ്റർ, ലെസ്റ്റർ എന്നിവിടങ്ങളിലെ വളരെ പ്രശസ്തമായ പള്ളിപ്പെരുന്നാളിനോടനുബന്ധിച്ചുള്ള ആഘോഷങ്ങൾ, കൂടാതെ ന്യൂ കാസിൽ, ബെൽഫാസ്റ്റ് എന്നിവിടങ്ങളിലും മറ്റ് നിരവധി പ്രദേശങ്ങളിലുമുള്ള മലയാളം, തമിഴ് സമൂഹങ്ങളുടെ സംഗീത പരിപാടികളിൽ നിസരി ലൈവ് ഓർക്കസ്ട്ര ആസ്വാദകർക്ക് ആവേശമായി വേദികൾ കീഴടക്കിയിട്ടുണ്ട്.

വിനോദ് നവധാരയെ കൂടാതെ ഗായകർ രാജേഷ് രാമൻ , ശ്രേയ സുനിൽ, കീബോർഡിസ്റ്റ് സന്തോഷ് നമ്പ്യാർ, ഗിറ്റാറിസ്റ്റുകൾ ആയ ഷിനോ തോമസ്, മിഥുൻ മോഹൻ, ഡ്രമ്മർ വരുൺ മയ്യനാട് എന്നിവരാണ് എം.എ.യു.കെ. നിസരി ലൈവ് ഓർക്കസ്ട്ര യിലെ കലാകാരന്മാർ. കരോക്കേ ഗാനമേളകൾ കണ്ടും കേട്ടും മടുത്ത ആസ്വാദകർക്ക് മുന്നിൽ ശുദ്ധ സംഗീതത്തിന്റെ ഒരിക്കലും നശിക്കാത്ത പുതുമകളുമായി വേദികളിൽ നിന്നും വേദികളിലേക്ക് തങ്ങളുടെ വിജയഗാഥ തുടരുകയാണ് എം.എ.യു.കെ. നിസരി ലൈവ് ഓർക്കസ്ട്ര.



ജനനി
Malayalee
Association of the UK












# Our Story **ONAM**

"Maaveli naadu vaneedum kaalam, maanusharellarum onnu pole..." ("When King Mahabali ruled the land, all people were equal") – this is a song that is sung by Malayalees everywhere in Kerala, India, and by Malayalees wherever they are in the world, during the harvest festival of Onam. The concept of equality, righteousness and the universal values that bind people of all races together in harmony echoes in each verse.

But has anyone ever imagined this resonating in an English Primary school in East London? That is exactly what happened at Hartley Primary School in the London Borough of Newham in February 2014. About 90 children from year 4 stood up in front of other pupils, parents and teachers, and sang the classic Malayalam verses with amazing clarity and harmony. The surprising element was that the majority of these children came from different ethnic backgrounds, with only a handful being Malayalees!

This special school assembly, organised by Hartley School in partnership with the Malayalee Association of the UK (MAUK), was the culmination of nearly three weeks of lessons in the classroom about Onam. Children took to the stage to tell the tale of King Mahabali, displayed colourful drawings of flower beds and demonstrated traditional games associated with Onam. 12 little girls mesmerised everyone with 'kaikottikkali' a beautiful Onam dance performance.

In 2013, MAUK embarked on an 18 month project, called 'Our Story - Onam', with funding from the Heritage Lottery Fund (HLF), to establish Onam as part of the heritage of the Malayalee community in the UK. Subsequently, for the first time, children at Hartley Primary School had the opportunity to learn about Onam, in addition to other celebrations such as Diwali, Christmas and Eid. The MAUK 'Our Story' Project has enabled learning resources and lesson plans on the topic of Onam to be introduced into different subject areas for children at Key Stage 2. This can now pave the way for other schools to teach Onam as a topic at Key Stage 2.

Jasline Antony, who prepared the Onam lesson plans to OFSTED expectations said "It has been an absolute honour to play an integral role in 'Our Story- Onam'. Until this project, Onam was unheard of among pupils in Newham, where ironically a large and well-established Malayalee community live. This is only the very first chapter of Our Story, which will be a valuable read for generations to come."

Kiran Bhangra, Deputy Head Teacher at Hartley school said: "The Onam project has been extremely well planned and resourced to ensure clear knowledge and understanding of the Onam story and key themes surrounding it. Lesson plans make clear links to spiritual, moral, social and cultural development and enhance a range of cross-curricular links. The training provided by the staff and volunteers from MAUK has been invaluable, instilling teachers with the confidence to deliver the lessons alongside specialists leading dance, drama and art workshops. The ONAM project has really enhanced the curriculum at Hartley, pupils and staff have really enjoyed being a part of the project. As a school piloting the project, we wish MAUK all the very best and believe many other schools will benefit in the future"

MAUK also produced a DVD and booklet about Onam as part of 'Our Story – Onam', which now serves as an educational resource in archives and libraries.









# TASTE OF KERALA Grandma's style

Abhinav Bejoy

The scandalous aroma of a Chicken Biriyani, the delectable taste of a fluffy Naadan Parota accompanied by the luscious gravy of Mutton curry... these are the simple majority of dishes God's own country has to offer.

Many of the Indian foods I favour are unfortunately not part of Kerelan cuisine but are closely related in terms of flavour and aroma. Anybody can make Malaylee food according to a recipe but the secret ingredient for every dish is a hint of passion. In all honesty, my grandma has to be the only person that cooks with her heart as well as her brain; each dish is faultless in terms of herbs andspices, exquisite flavouring and perfectly cooked meat.

A particular dish I am exceedingly fond of is an all-time family favourite, prawn roast. I'm not the greatest fan of the aroma of seafood but once it has left my grandma's kitchen, my nose almost begins to follow the scent of the dish if it hasn't appeared on the dining table within five minutes. An accumulation of variations of this dish has entered my mouth but I simply cannot describe the sensation I receive when I am in the presence of my Grandma's cooking.

The day my grandma entered through the doors at Heathrow airport, I knew that I was going to be spoilt (in every way) for three months. Every time she entered the door through to the kitchen, I'd often stare at the clock watching time progress till she had ceased cooking. In an instant, I would proceed to the pan the dish had been made and take a mischievous first taste of the prawn roast and quickly shift back to the dining table making it seem as if I was innocent. My Gran would always end up catching me red-handed as my mouth would be full even before everyone had commenced eating.

I'd much rather prefer living in this part of the UK compared to anywhere else mainly because of the ease of access to food back home whether it is freshly cooked from a restaurant or in a freezer at the local South Indian store. I not only adore the taste of food but I find it impossible to resist the scent. It's the thought of the food that makes my taste buds ravenous; it is the aroma that floats around the house. In my opinion, a Keralean dish is considered 'incomplete' if it lacks an appetising scent that teases your taste buds until the food has entered your mouth. The aroma of a Naadan mutton curry accompanied by crunchy parota is truly the dish I cannot resist. The thing that sets this dish apart from the rest is the variation in the taste of the mutton in terms of the spice and the fact that it is available at almost any South Indian restaurants in East London. The taste of the mutton almost dissolves in my mouth as if it's an ice cream; the parota makes that particular scrunching noise when it is squeezed. Unfortunately, my grandma couldn't produce this in her kitchen as it takes a parota specialist chef to produce this layered flatbread.

Overall I cannot describe my appreciation towards Kerelean cuisine and especially the passion put into my grandma's cooking. Sadly, it is only possible for me to consume my grandma's dishes once a year as I only have the prospect to visit India on a yearly basis.



# അവസ്ഥാന്തരം!

ശ്രീകലാ നായർ

ആഴത്തിൽ ചിന്തിച്ചാൽ, അഴലേറുമീ ജീവിതം നമ്മെ അത്ഭുതപ്പെടുത്തുന്ന ഒരു പ്രഹേളികയാണ്. ഉത്തരമില്ലാത്ത ഒരുപാട് ചോദ്യങ്ങൾ നൽകി ആരോ എവിടെയോ ഇരുന്നു നമ്മെ നിയന്ത്രിക്കുന്നത് പോലെ തോന്നും! ഏറെ തയ്യാറെടുപ്പുകളോടെ ഒഴുക്കിനെതിരെ നീന്താൻ ശ്രമിക്കുന്നവർക്ക് പോലും പലപ്പോഴും ഒഴുക്കിലെ പൊങ്ങുതടി പോലെ ചരിക്കേണ്ടി വരുന്ന അവസ്ഥകളും സുലഭം. ജനനത്തിൽ നിന്ന് മരണത്തിലേക്കുള്ള ഈ തീർഥയാത്രയിൽ ശരവേഗത്തിൽ പായുന്ന കാലത്തിനൊപ്പം ഓടിയെത്താൻ നമുക്ക് ഒരുപാട് ശ്രമം ആവശ്യമായി വരുന്നു. മുന്നോട്ടു കുതിക്കുന്ന കാലത്തിനൊപ്പം ചരിച്ചു നമ്മുടെ ചടുലവേഗം നഷ്ടപ്പെട്ടു തുടങ്ങുമ്പഴാണ് നാം പിൽക്കാല നഷ്ടങ്ങളെ കുറിച്ചും പറ്റിയ പാളിച്ചകളെക്കുറിച്ചും കണക്കെടുപ്പ് തുടങ്ങുന്നത്. അപ്പോഴും ജീവിതം ദൂരെ നിന്ന് മാടി വിളിച്ചു നമ്മെ മോഹിപ്പിച്ചു കൊണ്ടേയിരിക്കും. അപൂർവ്വം ചില നേരങ്ങളിൽ അത് നമ്മുടെ മണ്ടത്തരങ്ങൾ നോക്കി പരിഹസിച്ചു ചിരിച്ചെന്നും വരാം. 'നീറ്റിലെ പോളക്കു തുല്യമാം ജീവനെ പോറ്റുവാനെത്ര ദുഖിക്കുന്നു മാനുഷൻ' എന്ന കവി വചനം പോലെ ആഗ്രഹ സഫലീകരണങ്ങൾക്കിടയിൽ നാമറിയാതെ കൈക്കുമ്പിളിലൂടെ ഊർന്നു പോയ കണങ്ങളായി ജീവിതം നമ്മിൽ നിന്നകന്നു പോയെന്നുമിരിക്കും. ഒരു കെട്ടിടം പണിയുമ്പോൾ ശക്തമായൊരു അടിത്തറയില്ലെങ്കിൽ അതിനു ഇടയ്ക്കിടെ പ്രശ്നങ്ങളും നന്നാക്കലുകളും വേണ്ടി വരും; ചിലപ്പോൾ പൊളിഞ്ഞു വീഴുന്ന അവസ്ഥ പോലും ഉണ്ടായേക്കാം, അതുപോലെയാണ് ജീവിതവും, അടിത്തറ ശരിയല്ലെങ്കിൽ എന്നും പ്രശ്നങ്ങൾ തന്നെയാവും!

കാലം എന്നും നമുക്കൊപ്പം ഒരു കളിപ്പാട്ടം പോലെ സുഭദ്രമായി കൂടെ ഉണ്ടാകും എന്ന് ചിന്തിക്കുന്നവരും, കാലത്തെ കുറിച്ച് ചിന്തിക്കയേ ചെയ്യാത്തവരും മണ്ടന്മാരാണ്; അത്തരക്കാർ വിരളമായിരിക്കാമെങ്കിലും. ജീവിതത്തിൽ സർവ്വവും കാലാനുസൃതമാണ്. അതിന്റെ ഉദാഹരണമാണ് ചില വല്യ തെറ്റുകളിൽ നിന്ന് നല്ലകാലത്തു രക്ഷപ്പെട്ടുന്നവർ പതിറ്റാണ്ടിനു ശേഷം നിനച്ചിരിക്കാത്ത നിമിഷത്തിൽ പിടിക്കപ്പെട്ടു അതിന്റെ ശിക്ഷ അനുഭവിക്കേണ്ടി വരുന്നത്! അത് പോലെ തന്നെ ഒരിക്കൽ നമ്മൾ എത്ര ശ്രമിച്ചിട്ടും നടക്കാതെ പോയ ചില കാര്യങ്ങൾ നിനച്ചിരിക്കാത്ത നേരത്തു നമ്മിലേക്കെത്തുന്നത്. ചിലതൊക്കെ സ്വന്തമെന്നു കരുതി നമ്മൾ സന്തോഷിച്ചു മൂഢ സ്വർഗ്ഗത്തിൽ കഴിയുന്നു, പക്ഷെ ഈ ലോകത്തു 'സ്വന്തം' എന്നൊന്നില്ല! ശാശ്വതമായതുമൊന്നുമില്ല! കാലത്തിനൊപ്പം പരിണാമവും രൂപാന്തരവും സംഭവിച്ചു കൊണ്ടേയിരിക്കുന്നു എല്ലാത്തിനും. മനുഷ്യനും, ധനത്തിനും, സ്നേഹത്തിനും ആരോഗ്യത്തിനും തുടങ്ങി എല്ലാത്തിനും ബാധകമുണ ഒരേ ഒരു സത്യം ഈ 'മാറ്റം' മാത്രമാണ്. പലപ്പോഴും വൃദ്ധനായ ഒരാൾക്ക് കുറേ ധനം ഉണ്ടെങ്കിൽ നമ്മൾ അയാളെ ധനികനെന്നും ഭാഗ്യവാൻ എന്നുമൊക്കെ വിശേഷിപ്പിക്കും. പക്ഷെ അതിന്റെ പാതി പ്രായമുള്ള ധനമില്ലാത്തൊരാൾ, എന്നാൽ കയ്യിൽ യൗവ്വനവും മുന്നിൽ കാലവുമുള്ളപ്പോൾ എത്ര ധനികനാണെന്നു നാം ചിന്തിക്കുന്നില്ല! ഈ ജന്മത്തിൽ പറ്റിയ മഠയത്തരങ്ങൾ ഒക്കെ പരിഹരിച്ചു, പഠിച്ച പാഠങ്ങൾ ഒക്കെ പ്രയോഗികമാക്കി ജീവിക്കാൻ ഇനിയൊരു ജന്മം ഉണ്ടായെങ്കിൽ എന്ന് നമ്മളിൽ ചിലരെങ്കിലും ആശിക്കാറുണ്ട്. അത് തികച്ചും നിരർത്ഥകമാണ് . പുനർജ്ജന്മം ഉണ്ടെന്നതിനു തെളിവില്ല; അഥവാ ഇനി ഉണ്ടായാൽ തന്നെ ഇന്നത്തെ പരാജിതന് അന്ന് വിജയിക്കാൻ കഴിയുമെന്നു എന്താണുറപ്പ്?


തുടക്കം മുതൽ ഒടുക്കം വരെ നിമിഷത്തിന്റെ പോലും വില മനസ്സിലാക്കി ജീവിക്കുന്നവർക്കേ പിൽക്കാലത്തു വിജയവും സംതൃപ്തിയും നേടാനാകൂ. പക്ഷെ യൗവ്വനവും കാലവും ഒരുപാട് ബാക്കിയുള്ളപ്പോൾ അത്തരം ചിന്തകൾ ഒന്നും നമ്മെ ഒരിക്കലും അലോസരപ്പെടുത്താറില്ല. കാലം പോറലുകളേൽപ്പിച്ചു തുടങ്ങുമ്പോൾ നമ്മൾ വേറിട്ട് ചിന്തിച്ചു തുടങ്ങും. സംതൃപ്തി എന്ന വാക്കു ബാക്കി ഉണ്ടെങ്കിൽ വിജയിച്ചുന്നു നിച്ചയിക്കാം. മധ്യവയസ്സ് പിന്നിടുന്നതോടെ ഒരു വ്യക്തിക്ക് എന്തെല്ലാം പ്രശ്നങ്ങളാണ് ഒന്നിച്ചു

അഭിമുഖീകരിക്കേണ്ടി വരുന്നത്. നഷ്ട്ടപ്പെടുന്ന ചടുല വേഗം, ക്ഷണിക്കപ്പെടാത്ത അഥിതിയായി കടന്നു വരുന്ന ആരോഗ്യ പ്രശ്നങ്ങൾ, ചിറകിനു ശക്തി നേടി പറന്നകലുന്ന സന്തതികൾ. പലപ്പോഴും ഈ അകന്നു പോകൽ അന്പത്യതയേക്കാൾ വേദനാജനകമാണ്. അത് കൂടാതെ വാർദ്ധാക്യത്തിന്റെ അന്ത്യത്തോടു അടുക്കുന്ന സ്വന്തം മാതാപിതാക്കളുടെ ദുരവസ്ഥ. ഇന്നത്തെ മധ്യവയസ്സർക്കു മാത്രമായി മറ്റൊന്ന്, മാറുന്ന സാങ്കേതിക ശാസ്ത്രത്തിനൊപ്പം വളരാനുള്ള തത്രപ്പാടുകൾ, തീവ്രവാദ ഭീഷണി, ഔദ്യോഗിക സമ്മർദ്ദങ്ങൾ തുടങ്ങി നിര നീളുകയാണ് ! ഇനി പ്രവാസിയാണെകിൽ ഗൃഹാതുരാത, 'മനമങ്ങും മിഴിയിങ്ങും' എന്ന പോലെ നാട്ടിൽ പോകാനും പോകാതിരിക്കാനും വയ്യാത്ത അവസ്ഥ, നാടിന്റെ സംസ്കാരം വിട്ടു ജീവിക്കുന്ന മാതൃഭാഷ അറിയാത്ത മക്കളെ കുറിച്ചുള്ള ആശങ്ക തുടങ്ങി ആകുലതകളുടെ ആഴം ഏറുന്നു. വർത്തമാനകാല ജീവിതം ഉല്ലാസപ്രദമാക്കണം, ഭാവി ഭദ്രമാക്കണം കൂടാതെ ഈ മനോഹരതീരത്തു വരമായി കിട്ടിയ ഈ ജീവിതത്തിൽ നിയോഗിക്കപ്പെട്ട കടമകളും അപരന് പ്രയോജനപ്രദമായ കാര്യങ്ങളും സാധകമാക്കുകയും വേണം! ഭൂമി ഉരുണ്ടതെന്നു പറയും പോലെ ജീവിതം ഒരു ചക്രം ആണ്. വൃത്താകൃതിയിൽ ചലിച്ചു വൃദ്ധരാകുമ്പോൾ തുടങ്ങിയിടത്തു തന്നെ വന്നവസാനിക്കുന്ന ഒരു ചക്രം! കരഞ്ഞു കൊണ്ട് പിറക്കുന്ന മനുഷ്യൻ കരയിച്ചു കൊണ്ട് മരിക്കുമ്പോൾ ഇന്നത്തെ പ്രായോഗിക ജീവിതത്തിൽ കരച്ചിലിനും കദനത്തിനും ഒക്കെ കാഠിന്യം കുറയുന്നു എന്നതും സത്യം! പിറന്ന് വീണു പരസഹായത്തോടെ ജീവിക്കാൻ പഠിക്കുന്ന നമ്മൾ പലവട്ടം വീണും എണീറ്റും പിച്ച വെച്ചും നടക്കാൻ പഠിക്കുന്നു; ബുദ്ധിയും, ശക്തിയും,ഓർമ്മയും ആർജ്ജിക്കുന്നു പിന്നെ പതിയെ പതിയെ ജീവിക്കാനും പഠിക്കുന്നു. അത് തന്നെ വാർദ്ധാക്യത്തിലും ആവർത്തിക്കപ്പെടുന്നു പക്ഷേ പിൻ ദിശയിലേക്കാണെന്ന് മാത്രം. ജീവിക്കാൻ പരസഹായം വേണ്ടി വരുന്നു, അനുഭവങ്ങൾക്ക് തിടം വയ്ക്കുമ്പൾ ശരീരത്തിന് ശക്തി കുറയുന്നു. വേഗത കൈമോശം വന്നു പിടിച്ചു നടക്കാനും പിച്ച വെയ്ക്കാനും പോലും ചിലപ്പോൾ സഹായം വേണ്ടി വരുന്നു. ഓർമ്മയ്ക്കും ബുദ്ധിക്കും ചിന്താശേഷിക്കും മങ്ങലേൽക്കുന്നു, ഇനിയൊരു പുനരുജ്ജീവനമോ തിരിച്ചു പൊക്കോ ഉണ്ടാകാതെ പതിയെ ചലനവും ശ്വാസവും നിലയ്ക്കുന്ന അവസ്ഥയുണ്ടാകുന്നു. പക്ഷെ വിപരീത ദിശയിലേക്കു ചരിക്കുന്ന ഈ അവസ്ഥയും മുന്നോട്ടുള്ള അവസ്ഥയും തമ്മിൽ അജഗജാന്തരമുണ്ട്. കാരണം മുന്നോട്ടു ചരിക്കാൻ പിറക്കുന്ന പിഞ്ചു കുഞ്ഞിനെ സന്തോഷത്തോടെ പരിചരിച്ചു പിടിച്ചു നടത്താൻ മാതാപിതാക്കളുണ്ട് മറ്റൊരുപാട് പേരുണ്ട്. പിന്നോട്ട് നടന്നു മരണത്തിലെത്താൻ പരാശ്രയം വേണ്ടിവരുമ്പോൾ സഹായിക്കാൻ ആരെങ്കിലും ഉണ്ടായാൽ ഭാഗ്യം.ഇത്തിരി സ്നേഹവും കരുണയും ബാക്കി ഉണ്ടെങ്കിൽ അൽപ്പം ശ്രദ്ധയോ പരിചരണമോ ഈ വേളയിൽ കിട്ടിയേക്കാമെന്നല്ലാതെ ആർക്കും അത്രയ്ക്ക് താല്പര്യമുള്ളൊരു വിഷയമല്ല ഈ 'തിരിഞ്ഞു നോട്ടം'. അതിൽ തെല്ലും അതിശയമില്ല, കാരണം ജീവിതം ഒരു പുഴ പോലെയാണ്. അത് മുന്നോട്ടു മാത്രമേ ഒഴുകു. വടി പിടിച്ചു നടക്കാതെ വടിയായിക്കിടക്കണം; കിടന്നു ചാകാതെ ചത്തു കിടക്കണം എന്നൊക്കെ നമുക്ക് ആശിക്കാനേ പറ്റു;നിശ്ചയിക്കുന്നതു വിധാതാവാണ്! ഒരു മനുഷ്യന്റെ ഭാഗ്യം തീരുമാനിക്കപ്പെടുന്നത് ഒരിക്കലും അയാളുടെ ജീവിതം കണ്ടിട്ടല്ല; മരണം കണ്ടിട്ടാണ്; അത് കിടപ്പിലാക്കാതെയും കഷ്ടപ്പാടില്ലാതെയും, മറ്റുള്ളവരെ കഷ്ട്ടപ്പെടുത്താതെയുമാണെങ്കിൽ അയാളാണ് യാതാർത്ഥ ഭാഗ്യവാൻ!









# നരകത്തിനപ്പുറം

ബീന റോയ്

നീയെന്റെ കൈപിടിക്കുമെങ്കിൽ
ജീവിതമെന്ന നരകപഥത്തിലൂടെ
നമുക്കൊരു യാത്രപോകണം

ദുരിതങ്ങളുടെ അഗ്നിനാവുകൾ
നിന്റെ പൊള്ളിക്കാതിരിക്കാൻ
ഞാൻ ജപമന്ത്രങ്ങൾ ചൊല്ലാം

വേദനയുടെ രോദനങ്ങൾ
നിന്റെ കാതുകളറിയാതിരിക്കാൻ
ദേവരാഗങ്ങളാൽ പൂമഴപെയ്യിക്കാം


ഇരുട്ടിന്റെ ഗർത്തങ്ങളിൽ
നീ കാൽ വഴുതിവീഴാതിരിക്കാൻ
കിനാവെളിച്ചം തൂവിക്കൊണ്ടിരിക്കാം

വ്യഥകളുടെ ശിതാഗ്രങ്ങൾ
നിന്നെ ദംശനമേൽപ്പിക്കാതിരിക്കാൻ
പ്രാർത്ഥനയാൽ പാദരക്ഷതീർക്കാം

ഇടർച്ചകളുടെ ഹിമപാതമേറ്റ്
വഴിവക്കിൽ തളർന്നിരിക്കുമ്പോൾ
സ്നേഹം പാഥേയമേകാം

ഇരുളിൽനിന്നു തുറക്കപ്പെടുന്ന
വെളിച്ചത്തിന്റെ ഇടനാഴിയിലേക്ക്
നിഴലുപോലെ നിന്നെയനുയാത്രചെയ്യാം

ജീവിതമെന്ന നരകവീഥിയുടെ
അപ്പുറമല്ലോ സ്വർഗ്ഗത്തിന്റെ
സുവർണ്ണകവാടം സ്ഥിതിചെയ്യുന്നു.



# മങ്ങിമറയുന്ന വായനാശാലകൾ

നാരായണൻ കെ (ക്രോയ്ഡോൺ)

'അവിചാരിതമായ കണ്ടുമുട്ടലിൽ നിന്നുംസുഹൃത്തുക്കളായവരാണ്നമ്മൾ. നീ എന്റെ പ്രണയിനി അല്ല.എങ്കിലും നിന്നെ ഞാൻ ഇഷ്ടപ്പെടുന്നു.എന്റെനിലാവിൽ പ്രഭ ചൊരിയുന്ന നക്ഷത്രമാണ് നീ.പുലരി മഞ്ഞിന്റെ നൈർമല്യത്തിൽപുഞ്ചിരിയിട്ടു വിരിയുന്ന പ്രഭാത കിരണമാണ് നീ'... ഇതൊരു പൈങ്കിളി നോവലിന്റെതുടക്കമല്ല. എന്നാൽ വായനക്കും,വിജ്ഞാനത്തിനും പുറമേ കാമുകീ, കാമുകന്മാരുടെസ്വൈര വിഹാരങ്ങൾക്കും,സല്ലാപങ്ങൾക്കും ഏറെ സഹായകമായിട്ടുള്ളഗ്രന്ഥശാലകളുടെ ഇടനാഴികളിലും,അലമാരകൾക്ക് പുറകിലും കേട്ടിരുന്ന വിശുദ്ധപ്രണയത്തിന്റെ വിങ്ങലുകളാണ് മുകളിൽ പറഞ്ഞ വരികൾ.

അത് പോലെ തന്നെ സ്കൂളിൽനിന്നോ,കോളേജിൽ നിന്നോ താമസിച്ച വീട്ടിലെത്തുമ്പോൾ നേരിടേണ്ടി വരുന്നചോദ്യം ചെയ്യലുകളിൽ നിന്നും രക്ഷപ്പെടാനുള്ള ഏക മാർഗം ലൈബ്രറിയിൽപോയിരുന്നു എന്ന് പറയുന്നതുമായിരുന്നു.

അങ്ങിനെഅറിവിനും,ആനന്ദത്തിനും,വിജ്ഞാനത്തിനും,വിനോദത്തിനുമായി ഒരു കാലത്ത്നാമെല്ലാം അഭയം തേടിയിരുന്ന ലൈബ്രറികളുടെ ഇന്നത്തെ അവസ്ഥ എന്താണ്?

ഗ്രന്ഥശാലകൾ പൊതു ജനങ്ങൾക്കും അവകാശപ്പെട്ടതാണെന്ന അവബോധത്തോടെയാണ്ലോകത്താകമാനം പബ്ലിക് ലൈബ്രറികൾ രൂപം കൊണ്ടത്. പൊതു വിദ്യാഭ്യാസത്തിന്റെപ്രചാരം,സാക്ഷരതാ പുരോഗതി,വ്യാവസായിക വളർച്ച എന്നിവക്കെല്ലാം ഗ്രന്ഥശാലകൾനൽകിയിട്ടുള്ള സംഭാവനകൾ എണ്ണമറ്റതാണ്.അങ്ങിനെ ലോക ജനതയുടെവികസനത്തിനും,അഭിവൃദ്ധിക്കുമായി നൂറ്റാണ്ടുകളായി നിലകൊണ്ടിരുന്ന വായനശാലകളുടെപ്രൌഢിയും,പ്രതാപവും ആധുനിക തലമുറക്ക് അന്യം നില്കുന്ന സ്ഥിതിവിശേഷമാണ് നമുക്കിന്ന് കാണാൻ കഴിയുന്നത്.

അനുദിനം വളരുന്ന വിജ്ഞാന ശേഖരത്തിനിടയിൽ ഒളിഞ്ഞിരിക്കുന്ന അറിവ്പുറത്തു കൊണ്ട് വരാൻ ഈ യുഗത്തിൽ കമ്പ്യൂട്ടറുകൾക്ക് കഴിയുന്നു. ലോകത്തിന്റെവളർച്ച് കംപ്യൂട്ടറുകളുടെ കൈകളിൽ അമർന്നപ്പോഴും ആധുനികതക്കൊപ്പം പിടിച്ചുനില്ക്കാൻ ഒരു പരിധി വരെ കഴിഞ്ഞ വായനശാലകൾക്ക് 'ഇൻഫോർമേഷൻ സൊസൈറ്റിയുടെ' വരവോടെ പണ്ടുണ്ടായിരുന്ന പ്രസക്തിയും,പ്രതാപവുംഅപ്പാടെ നഷ്ടപ്പെട്ടിരിക്കുന്ന അവസ്ഥയാണിപ്പോൾ സംജാതമായിരിക്കുന്നത്.

ഇന്റർനെറ്റിന്റെ കുതിച്ചു കയറ്റം അറിവ് സമ്പാദനത്തിൽ പുതിയൊരു ലോകം തന്നെസൃഷ്ടിച്ചിരിക്കുന്ന ഇക്കാലത്ത് 'നാടോടുമ്പോൾ നടുവേ' എന്നോണം ശാസ്ത്രസാങ്കേതിക വിദ്യയ്ക്കൊപ്പം വളർന്ന വായനാശാലകൾ സൗജന്യമായി ഇന്റർ നെറ്റ്സൌകര്യങ്ങളും,ടിജിറ്റൽ ഓഡിയോ ആൻഡ് വീഡിയോ ബുക്സ് തുടങ്ങിയ ആധുനിക സംവിധാനംവരെ നടപ്പാക്കിയിട്ടും കഴിഞ്ഞ ഇരുപത് വർഷത്തിനിടെ വായനശാലകൾസന്ദർശിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നതായാണ്ബ്രിട്ടീഷ് ലൈബ്രറിയുടെ വാർഷിക റിപ്പോർട്ട് സൂചിപ്പിക്കുന്നത്.ലോകത്താകമാനംഈ സ്ഥിതി വിശേഷമാണുള്ളതെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇംഗ്ലണ്ടിൽ ആകെ 3400 ലൈബ്രറികളും,ഏകദേശം 530–ഇൽ പരം മൊബൈൽ ലൈബ്രറികളും ഉള്ളതായാണ് കണക്കുകൾ. ഇത് കൂടാതെ സ്കൂളുകളിലും, ആശുപത്രികളിലും,ജയിലുകളിലുംഉള്ള വായനാ സൌകര്യങ്ങൾ വേറെയും.വായിക്കുവാനവാം,അറിവ് നേടുവാനും ഇത്രയേറെസംവിധാനങ്ങൾ ഉണ്ടായിട്ടു പോലും യു.കേയിലെലൈബ്രറികളിൽ സന്ദർശകരുടേയും,ബുക്കുകൾഎടുക്കുന്നവരുടേയും എണ്ണം അനുദിനം കുറഞ്ഞ് വരികയാണിപ്പോൾ.1990 കാലഘട്ടവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏകദേശം 40% കുറവ്അനുഭവപ്പെടുന്നതായാണ് കണക്കുകൾ.

ആധുനികത എന്ത് തന്നെ ആയാലും പുസ്തക താളുകൾമറിച്ചുള്ള വായനയോളം ഫലപ്രദമല്ല ഇലക്ട്രോണിക് മാധ്യമങ്ങൾ എന്നിരിക്കെയു.കെയിലെ ലൈബ്രറികൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തിന് രണ്ടുകാരണങ്ങളാണ് വിദഗ്ദർ ചൂണ്ടി കാട്ടുന്നത്.

(1)ജനസംഖ്യ വർധനവ് യു.കെയെ മൾട്ടികൾച്ചറൽസൊസൈടി ആക്കിയതോടൊപ്പം ലൈബ്രറികളിൽ വിവിധ ഭാഷകളിലുള്ള പുസ്തകങ്ങളുടെലഭ്യതയും വർദ്ധിച്ചുവെങ്കിലും സാമുദായിക സംഘടനകളോ അതുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്നവരോസമൂഹത്തിൽ തങ്ങളുടെ ഭാഷയിലുള്ള പുസ്തകങ്ങൾ പ്രചരിപ്പിക്കുന്നതിനോ,ലൈബ്രറികളുടെ പ്രാധാന്യം തദ്ദേശീയർക്കുമനസിലാക്കി കൊടുക്കുവാനോ കാര്യമായ ശ്രമങ്ങൾ നടത്തുന്നില്ല. ഇലക്ട്രോണിക്ക്മാധ്യമങ്ങളിൽ 90% ത്തിലധികവും ഇംഗ്ലീഷ് ആണെന്നിരിക്കെ പ്രാദേശിക ഭാഷകളുടെ വളർച്ചക്കും,വികസനത്തിനും ലൈബ്രറികൾ ഏറെ ഫലപ്രദമാകുമെന്ന് സമൂഹത്തിൽപ്രചരിപ്പിക്കാൻ ഇത്തരം സംഘടനകൾ സന്നദ്ധരായാൽ ഒരു പരിധി വരെ ഇപ്പോഴത്തെഅവസ്ഥക്ക് മാറ്റമുണ്ടാക്കാൻ കഴിഞ്ഞേക്കുമെന്നാണ് കണക്കു കൂട്ടലുകൾ.

(2) നമുക്ക് ഇഷ്ടപ്പെട്ട ബുക്കുകളും,വാരികകളും,ദിനപത്രങ്ങളുമെല്ലാംതല്ക്ഷണം മുന്നിലെത്തിക്കുവാൻ പോന്ന വിധം ഇ–ബുക്കുകളും മറ്റു സെർച്ചുഎന്ജിനുകളും ധാരാളമുള്ളപ്പോൾ പുസ്തകങ്ങൾക്കായി വായനാശാലകൾ വരെ പോകുന്നത്എന്തിനാണെന്നുള്ള തെറ്റായ ധാരണ നമ്മുടെ സമൂഹത്തിൽ പടർന്ന്പിടിച്ചിരിക്കുന്നത്.

ഇതിൽ ആദ്യത്തെതിനോട് യോജിക്കുകയാണ് അഭികാമ്യം.കാരണം,മറു ഭാഷാ പുസ്തകശേഖരത്തിനൊപ്പം മലയാള പുസ്തകങ്ങളും,കവിതാ സമാഹാരങ്ങളുമൊക്കെ ഇവിടുത്തെഎല്ലാലൈബ്രറികളിലുംലഭ്യമാക്കിയുട്ടെങ്കിലും അവയെല്ലാം ഇപ്പോഴും ഭദ്രമായി അതാതു ലൈബ്രറികളുടെഅലമാരകളിൽ ഇരിപ്പുണ്ട് എന്നതാണ് സത്യം.വിജ്ഞാനത്തിനൊപ്പം വിനോദവും പുസ്തകപാരായണത്തിലൂടെ ലഭിക്കുന്നു എന്ന് നാം ഓർക്കേണ്ടിയിരിക്കുന്നു. നമ്മുടെകുട്ടികൾക്ക് പാഠപുസ്തകങ്ങളിൽ നിന്നും ലഭിക്കുന്ന അറിവ് അവരുടെപാഠ്യപദ്ധതിക്കുള്ളിൽ നിന്നുകൊണ്ടുള്ള അറിവ് മാത്രമാണ്.അതിനുപരി ഈ ലോകത്തിലുള്ള പലതും മനസിലാക്കേണ്ടത് അതിനെസംബന്ധിച്ചുള്ളപുസ്തകങ്ങളിൽ നിന്നുമാണ്.

വിവര സാങ്കേതിക വിദ്യയുടെ വികാസത്തോടെ വിജ്ഞാനം വിരൽത്തുമ്പിൽലഭിക്കുമ്പോഴും അറിവും, വായനയുംഅവിടെയും അനിവാര്യമാകുന്നുഎന്നതുംവിസ്മരിച്ചുകൂടാ.അതുകൊണ്ട് തന്നെ നമുക്ക് ചുറ്റുമുള്ള ഗ്രന്ഥ ശാലകൾ കാലയവനികക്കുള്ളിൽ മറയുന്നതിൽ നിന്നും പൂർണമായും സംരക്ഷിക്കാൻ ന്യൂനപക്ഷസമുദായമായ ബ്രിട്ടീഷ് മലയാളികൾക്ക് സാധിക്കില്ലെങ്കിലും നമ്മൾ മനസു വച്ചാൽഒഴിവു സമയങ്ങളിൽ അൽപ നേരം ലൈബ്രറികൾ സന്ദർശിച്ചും,നമ്മുടെ മാതൃ ഭാഷയിലുള്ളപുസ്തകങ്ങൾ എങ്കിലും എടുത്തും വായനാശാലകൾക്ക് ഒരു കൈത്താങ്ങാകുവാൻസാധിക്കില്ലേ എന്ന് നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

Live as if were to die tomorrowRead and learn as if were to live forever...(Mahatma Gandhi)



# 'ഗോ'സ്ഓൺ കൺട്രി

നവീൻ എസ്

ഉത്തരേന്ത്യയിലെ ജോലി സ്ഥലത്ത് നിന്നും നാട്ടിലേക്കുള്ള യാത്രയിലായിരുന്നു അയാൾ. ഉറക്കമുണർന്നപ്പോൾ ട്രെയിൻ ഏതോ സ്റ്റേഷനിൽ നിർത്തിയിട്ടിരിക്കുകയാണ്. നേരം മുഴുവനായും പുലർന്നിട്ടില്ല. ആ സ്റ്റേഷൻ ഏതാണെന്ന് അറിയില്ലെങ്കിലും അവിടെ ഒരു അരമണിക്കൂറോളം ഹാൾട്ട് ഉണ്ടെന്ന് അടുത്തിരുന്നയാൾ പറഞ്ഞു. തലേന്ന് ഏറെ വൈകിയാണ് ലീവ് സാങ്ഷനായത്. അതിനാൽ ഭക്ഷണം കഴിക്കാനൊന്നും നിൽക്കാതെ ആദ്യം കിട്ടിയ വണ്ടിക്ക് കയറിപ്പോരേണ്ടി വന്നു. നന്നായി വിശക്കുന്നുണ്ട്. ബാത്ത്റൂമിൽ കയറി പല്ലു തേച്ചെന്നു വരുത്തി അയാൾ പുറത്തേക്കിറങ്ങി. പ്ലാറ്റ്ഫോമിന്റെ അറ്റത്തായി ഒരു കട കാണാനുണ്ട്. അയാൾ അങ്ങോട്ട് നടന്നു.

തൂവെള്ള കുർത്തയും പൈജാമയും ധരിച്ച ഒരാൾ കടയുടെ മുന്നിൽ നിന്ന് ആളുകളെ സ്വീകരിക്കുന്നുണ്ട്. വെളുത്ത നെറ്റിയിൽ നീട്ടി വരച്ച ഗോപിക്കുറിയുമായി ഹിന്ദി സിനിമകളിലും സീരിയലുകളിലുമൊക്കെ കാണാറുള്ള പുരോഹിതനെ ഓർമ്മപ്പെടുത്തുന്ന അയാൾ കടയുടമയാവാനേ തരമുള്ളൂ. നേരം വെളുത്തില്ലെങ്കിലും കടയിൽ സാമാന്യം നല്ല തിരക്കുണ്ട്. ധൃതി വെച്ച് കഴിച്ച് പുറത്തിറങ്ങിയ അയാൾ ഒരു സിഗരറ്റ് കത്തിച്ച് ചുറ്റും കണ്ണോടിച്ചു. കടയുടെ മുന്നിൽ തൂക്കിയിട്ട റാന്തലിന്റെ വെട്ടത്തിനപ്പുറം പ്ലാറ്റ്ഫോമപ്പോഴും ഇരുട്ടിലാണ്. ചുണ്ടിലെരിയുന്ന സിഗരറ്റുമായി അയാളാ ഇരുട്ടിലൂടെ നടന്നു. പാതിയെരിഞ്ഞ സിഗരറ്റ് താഴെയിട്ട് ഷൂസ് കൊണ്ട് ഞെരിച്ച് അയാൾ അനങ്ങിത്തുടങ്ങിയ വണ്ടിയിലേക്ക് വലിഞ്ഞ് കയറി. ഉരുളുന്ന വണ്ടിയുടെ വാതിൽക്കൽ നിന്നാണ് അയാളാ കാഴ്ച്ച കാണുന്നത്.

ഭക്ഷണശാലയുടെ ചുവരിനോടു ചേർന്ന് തറയിൽ ചുരുണ്ടു കൂടിക്കിടക്കുന്ന ഒരു മനുഷ്യൻ. അയാൾ ഭക്ഷണം കഴിച്ചിട്ട് ദിവസങ്ങളായെന്ന് എല്ലും തോലുമായിരിക്കുന്ന കോലം വിളിച്ച് പറയുന്നുണ്ട്. അത്രയും നേരം അവിടെ ചുറ്റിത്തിരിഞ്ഞിട്ടും അങ്ങനെയൊരാൾ കണ്ണിൽപ്പെടാഞ്ഞതിൽ അയാൾക്ക് അദ്ഭുതം തോന്നി. ആവശ്യത്തിന് സമയവും പണവുമുണ്ടായിട്ടും അയാൾക്ക് യാതൊന്നും വാങ്ങി കൊടുക്കാൻ പറ്റാത്തതിലുള്ള നിരാശയിൽ നിൽക്കുമ്പോഴാണ് ശുഭ്രവസ്ത്രധാരിയായ കടയുടമ കൈയ്യിൽ ഒരു താലം നിറയെ ഭക്ഷണവുമായി അയാൾക്ക് നേരെ നടന്നു പോകുന്നത് കണ്ടത്. അയാൾക്കു വല്ലാത്ത ആശ്വാസം തോന്നി. തന്റെ വിഷമം ദൈവം മനസ്സിലാക്കിയതു പോലെ. അയാൾ നോക്കി നിൽക്കെ, നിലത്തു കിടക്കുന്നവനെ ഒന്ന് നോക്കുക പോലും ചെയ്യാതെ കടയുടമ മുന്നോട്ട് നടക്കുന്നു. പ്ലാറ്റഫോമിന്റെ അറ്റത്തെ മരച്ചുവട്ടിൽ അയവെട്ടി കിടക്കുന്ന പശുവിനു മുന്നിൽ ആ പാത്രം വെച്ച് അയാൾ കൈ കൂപ്പി നിന്നു.







# ചക്കയാണ് താരം

ഇബ്രാഹിം വക്കുളങ്ങര

മുള്ളുണ്ടെങ്കിലും ഗുണമുള്ളവനാണ് ചക്ക.
എങ്കിലും ഈച്ചകളിൽ നിന്ന് രക്ഷ നേടാൻ
ചിലപ്പോഴൊന്നും ചക്കക്കാവുന്നില്ല.
ഈച്ചകളുടെ കടന്നുകയറ്റവും അതിക്രമങ്ങളും
ചക്കയൊഴിച്ചുള്ളവർക്ക് നിസ്സാരം തന്നെ.
വിഷമില്ലാതെ ആരുടേയും തലോടലുമേൽക്കാതെ
വളർന്നതാണ് .
+ഇന്നലെകളിൽ തള്ളി കളഞ്ഞവർ
പരിഹസിച്ചവർ ഒറ്റപ്പെടുത്തിയവർ
ഈച്ചകളുടെ പുറകെ കൂടി ആ രഹസ്യവും
കണ്ടെത്തിയിരിക്കുന്നു വിഷമില്ല ചക്കക്ക്
വിഷമില്ല.
മുള്ളുണ്ടെങ്കിലും ഗുണമേയുള്ളു
എണ്ണിയാലൊടുങ്ങാത്ത ഗുണങ്ങൾ.
പ്രതിരോധശേഷിയുടെ മുന്നണി പോരാളിയത്രെ
കുറ്റബോധം കൊണ്ടുംബഹുമാനം
കൊണ്ടും സ്നേഹം കൊണ്ടും ചക്കയെ
വാഴ്ത്തിപ്പാടുകയാണ് മാലോകരിപ്പോൾ.
ചക്ക ആദരിക്കപ്പെടുകയാണ് എങ്ങും.

# സൃഷ്ടിയും നൈതികതയും



പ്രിയവ്രതൻ സത്യവ്രതൻ

എന്റെ നീതി ബോധവും, ധാർമ്മിക ബോധവും, സദാചാര മാനദണ്ഡങ്ങളും ആയിരിക്കില്ല എന്റെ അയൽക്കാരനുള്ളത്. ഇന്നലത്തെ (പൊതു) നീതി ബോധമല്ല ഇന്നുള്ളത്.

നാളെ അതു മാറുകയും ചെയ്യാം. നിഷ്പക്ഷമായി തുല്യ നീതി ഉറപ്പാക്കുന്ന സംവിധാനങ്ങളെയും, പരിശ്രമങ്ങളെയും സ്വാഗതം ചെയ്യുന്നു. വിയോജിക്കുന്നതു സർഗ്ഗസൃഷ്ടി നടത്തുന്ന വ്യക്തി സാമൂഹിക മാറ്റങ്ങൾക്കു വേണ്ടി നിലകൊള്ളണം എന്ന പഴയ വാദത്തോടു തന്നെയാണ്. നൈതികയോടുള്ള ആഭിമുഖ്യം മറ്റൊരു വിധത്തിൽ പറഞ്ഞാൽ സാമൂഹിക പ്രതി ബദ്ധത തന്നെയല്ലേ?

തനിക്കു ചുറ്റിലും, അതുപോലെ തന്നിൽ പോലും നടക്കുന്ന വ്യവഹാരങ്ങളെ തന്റെ ആവിഷ്കാരങ്ങളിലൂടെ പ്രതിഫലിപ്പിക്കുമ്പോൾ, സ്വാഭാവികമായി കടന്നു കൂടുന്ന നൈതികതയും, ബോധപൂർവം കടത്തിവിടുന്ന നൈതികതയും, സൃഷ്ടി നുകരുന്ന അസ്വാദകനിൽ ഉണ്ടാക്കുന്ന ചലനങ്ങൾ വ്യത്യസ്തമായിരിക്കും എന്നു ഞാൻ കരുതുന്നു. ഒന്ന് സ്വാഭാവികവും, മറ്റേതു കൃത്രിമവും ആണല്ലോ? നീതി ശാസ്ത്രത്തോടുള്ള വിധേയത്തം, സൃഷ്ട്യുന്മുഖമായ മനസ്സിനെ ഏതൊക്കെയോ ദിശകളിലേക്ക് തിരിച്ചു വിടാം. ഈ തിരിച്ചുവിടൽ ചിലപ്പോൾ സമൂഹത്തിനു നന്മ ചെയ്തേക്കാം. എന്നാൽ സൃഷ്ടിയെ സംബന്ധിച്ച് അത് ഗുണം ചെയ്യുമെന്ന് കരുതുക വയ്യ.

അതിരുകൾ ഭേദിക്കുന്ന ആവിഷ്കാരങ്ങൾ ഉരുത്തിരിയുന്നത്, സൃഷ്ടിപരതയെ സംബന്ധിച്ച് നിയന്ത്രണങ്ങൾ ഇല്ലാത്ത മനസ്സിൽ നിന്നാണെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. സ്വാതന്ത്ര്യം – അതാണ് സർഗ്ഗാത്മകതയുടെ ആത്മാവെന്നു കരുതുന്നതിൽ തെറ്റുണ്ടോ? ഇത്തരം ആവിഷ്കാരങ്ങൾ ചിലപ്പോൾ പൊതു നൈതികതയ്ക്കു എതിരായി നീങ്ങുക പോലും ചെയ്യാം. അതിന്റെ കാരണം സാധാരണ മനസ്സുകൾക്ക് അപ്രാപ്യമാകുന്നതിൽ അത്ഭുതമില്ല.







# പ്രതിബന്ധങ്ങളെ വകഞ്ഞു മാറ്റി ബിനേഷ് ബാലൻ ഉന്നതമായ ലണ്ടൻ സ്കൂൾ ഓഫ് ഇകണോമിക്സിൽ

മണമ്പൂർ സുരേഷ്

മുൻ രാഷ്ട്രപതി കെ ആർ നാരായണനും, ഡോ കെ എൻ രാജും പഠിച്ച ലോക പ്രസിദ്ധമായ ലണ്ടൻ സ്കൂൾ ഓഫ് ഇകണോമിക്സിലേക്ക് ഒരു ആദിവാസി വിദ്യാർഥി  കടന്നു വരികയാണ്, അഭിമാനപൂർവ്വം. ഇതാണ് ബിനേഷ് ബാലൻ. പല പല പ്രതിബന്ധങ്ങൾ പറഞ്ഞു ഈ സമർത്ഥനായ വിദ്യാർത്ഥിയുടെ ഗവ: സ്കൊളർഷിപ് അപേക്ഷ തടഞ്ഞു വയ്ക്കുക ആയിരുന്നു കേരളാ സെക്രട്ടേറിയേറ്റിലെ ഉദ്യോഗസ്ഥ പ്രഭുക്കൾ.

ഒരു നീണ്ട യാത്രയ്ക്ക് ശേഷം സാമ്രാജ്യം പോലെ പരന്നു കിടക്കുന്ന സസക്സ് യൂണിവേഴ്സിറ്റിയുടെ ക്യാമ്പസ്സിൽ എത്തി കാണുമ്പോൾ സന്തോഷത്തിന്റെ, ആത്മ വിശ്വാസത്തിന്റെ, ആശ്വാസത്തിന്റെ കൊടിമുടി കീഴടക്കിയ ആളെപ്പോലായിരുന്നു ബിനേഷ്.

രണ്ടു മന്ത്രിസഭ, രണ്ടു മന്ത്രിമാർ (UDF  PK ജയലക്ഷ്മി, LDF  AK ബാലൻ) ഇവർ നേരിട്ട് ഓർഡർ കൊടുത്തിട്ടും അതിസമർത്ഥനായ ബിനേഷ് ബാലൻ എന്ന ആദിവാസി വിദ്യാർത്ഥിയെ പീഡിപ്പിച്ചു രസിക്കുകയായിരുന്നു കേരള സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥർ. "സംസ്കാരമില്ലാത്ത നീ എന്തിനാണ് ലണ്ടൻ സ്കൂൾ ഓഫ് ഇകണോമിക്സിൽ പോകുന്നത്" എന്നായിരുന്നു ഈ ജാതിക്കോമരങ്ങൾക്ക് അറിയേണ്ടത്. അവർ ഇന്നാ സെക്രട്ടേറിയെറ്റിലെ സീറ്റിൽ ഇല്ല. പക്ഷെ ബിനേഷ് ബാലൻ ലണ്ടനിൽ ലണ്ടൻ സ്കൂൾ ഓഫ് ഇകണോമിക്സും സസക്സ് യൂണിവേഴ്സിറ്റി കൂടി സംയുക്തമായി നടത്തുന്ന ആന്ത്രപോളജിയുടെ ബിരുദാനന്തര ബിരുദത്തിനു പഠിക്കാൻ ലണ്ടനിൽ എത്തിയിരിക്കുന്നു.

ഇവിടെ തന്നെ പീഡിപ്പിച്ച തന്റെ വിലപ്പെട്ട വർഷങ്ങൾ നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് ഒരു മധുര പ്രതികാരം കൂടി ബിനേഷ്ബാലൻ തയാറാക്കുന്നുണ്ട്, അതിതാണ്:

മാസ്ടർ ഡിഗ്രീ മാത്രമല്ല, ഡോക്ടറേറ്റും തുടർന്നും പഠിച്ചിട്ടേ ഇവടന്ന് പോകുന്നുള്ളൂ എന്നാണ് ബിനേഷ് പറയുന്നത്. വലിയ ആത്മ വിശ്വാസത്തിന്റെ വാക്കുകളാണത്. അതെ ആദിവാസികളുടെ മദ്ധ്യത്തിൽ നിന്നും ഉയർന്നു  വരുന്ന ഒരു താരമാണ് ബിനേഷ് ബാലൻ.

അവസാനം ഇന്ത്യയിൽ മൊത്തം 20 പേര്ക്ക്  മാത്രം കൊടുക്കുന്ന നാഷണൽ ഓവർസീസ് സ്കോളർഷിപ്പും വാങ്ങിയാണ് ഇപ്പോൾ ആഭിമാനത്തോടെ ബിനേഷ് ബാലൻ ലണ്ടൻ സ്കൂൾ ഓഫ് ഇക്കനോമിക്സിലേക്കെത്തി നിൽക്കു ന്നത്.

# സമയ യന്ത്രം

സിന്ധു സതീഷ് കുമാർ



പുതിയ ഒരറിവുമായിട്ടാണ് മോൾ ഇന്ന് സ്ക്കൂളിൽ നിന്നും വന്നത്. ഭൂതകാലത്തിലേക്ക് തിരിച്ചു സഞ്ചരിക്കാൻ പറ്റുന്ന ഒരു മെഷീൻ ഉണ്ടത്രേ. ആദ്യം തമാശയായി കരുതിയെങ്കിലും ഒന്ന് ഗൂഗിൾചെയ്തു നോക്കാമെന്നുവെച്ചു .അപ്പോൾ മനസിലാക്കാൻ കഴിഞ്ഞത്എച്ച്. ജി. വെൽസ്1895ൽഎഴുതിയ കല്പിതകഥയാണെന്നും കഥാനായകൻ സമയയന്ത്രം ഉപയോഗിച്ച്ഭൂതത്തിലേക്കും ഭാവിയിലേക്കും ഒക്കെസഞ്ചരിച്ചുഎന്നുമുള്ളതാണ്.

ജീവിതം ഒരു റിമോട്ടുമായി മുന്നിൽ വരിക. എത്ര മനോഹരമായ ഭാവനയാണ്. ഭൂതകാലത്തിലേക്കു സഞ്ചരിക്കുവാൻ പറ്റുക എന്നതിനേക്കാൾ വലിയ ഒരു ഭാഗ്യമുണ്ടോ?കഴിഞ്ഞകാലം അത്മധുരമോ കയ്പുനിറഞ്ഞതോ എന്ത് തന്നെ ആയാലും വലിയ നഷ്ടങ്ങൾ തന്നെയാണ്. അത് കൊണ്ടാണല്ലോ ഏതുകയ്പുള്ള ഓർമകളും നമുക്ക് ഗൃഹാതുരത്വമായി മാറുന്നത്.

അങ്ങനെയാണ് സമയയന്ത്രത്തിൽ ഞാൻ യാത്രതുടങ്ങിയത്. വർത്തമാനത്തിൽ നിന്നും എത്രയും പെട്ടെന്ന് ഭൂതകാലക്കാഴ്ചകളിലേക്ക് എത്തുവാൻ തിടുക്കമായി . സമീപകാലത്തെയൊക്കെ വേഗത്തിൽ റീവൈൻഡ് ചെയ്തു മനോഹരവും വേദനിപ്പിക്കുന്നതുമായ ഓർമകളിലൂടെ കടന്നുചെന്ന്തിരിച്ചു വരുമ്പോൾ മായ്ച്ചുകളയാനും മാറ്റം വരുത്താൻ വേണ്ടതുമായ എല്ലാ സംഭവങ്ങളും ഓർമയിൽ കുറിച്ചിട്ടു തുടങ്ങി.

വളരെകുറഞ്ഞ സമയം മാത്രമാണ് സമയയന്ത്രം അനുവദിച്ചിട്ടുള്ളത്. അതിനാൽ വേഗത്തിൽ തന്നെ പോവേണ്ടതുണ്ട്. അറിയാതെയുംഅറിഞ്ഞതുമായ കൊച്ചുതെറ്റുകൾപോലുംചെയ്യാൻഇടവരുത്താതെനോക്കണം, കൂട്ടുകാർക്കിടയിലെ വഴക്കാളിയും, തൊട്ടാവാടിയുംഒക്കെആയിരുന്നുവെന്നപരാതികളൊക്കെമാറ്റണം.'ഗണപതിവാഹനരിപുനയന'എന്ന് പ്രൈമറി സ്ക്കൂളിൽനമ്പൂതിരി മാഷ്വിളിച്ചപ്പോഴൊക്കെ ദേഷ്യം തോന്നിയതിനു ക്ഷമ ചോദിക്കണം

മനസിനെ ഏറെ പൊള്ളിച്ച ചിലകളിക്കൂട്ടുകാരുടെ വിയോഗങ്ങൾ ഇപ്പോഴും കടങ്കഥകൾമാത്രം.. പതിനഞ്ചാം വയസിൽ ഒരു മണ്ണെണ്ണവിളക്കിൽ സ്വയം എരിഞ്ഞു തീരുവാനും മാത്രം എന്ത് മനോവ്യഥയായിരുന്നു പ്രിയക്കൂട്ടുകാരി മിനിമോൾക്കുണ്ടായിരുന്നത്?.. പതിനാലാം വയസിൽ വീട്ടുമുറ്റത്തെ പ്ലാവിൻ കൊമ്പിൽ ഒരുമുഴം കയറിൽ ജീവിതം അവസാനിപ്പിക്കാനും മാത്രം എന്ത്പ്രാരാബ്ധമായിരിക്കാം ശശിക്കുണ്ടായിരിക്കുക? ഉത്തരംകിട്ടാത്ത പലചോദ്യങ്ങൾക്കുമുള്ള മറുപടിയാവുംഈയാത്ര...കാഴ്ചകൾ ഒരുപാട്കടന്നു ഞാൻ ഇപ്പോൾ എത്തിയിരിക്കുന്നത് ലോകത്തിലെ ഏതൊരു ജീവിക്കും ഏറ്റവും കൂടുതൽ സംരക്ഷണം നൽകപ്പെടുന്ന സ്ഥലത്താണ്. ഒരു നെന്മണിയോളം ചെറുതാണ് ഞാനിപ്പോൾ... സ്നേഹത്തിന്റെയും ലാളനയുടെയും ഊഷ്മളതയിൽ സ്വയം മറന്നു ഒഴുകുകയാണ്. അച്ഛനും അമ്മയും കൂടപ്പിറപ്പുകളും എനിക്കായി കാത്തിരിക്കുകയാണ്. അവരുടെ കൊച്ചുവർത്തമാനങ്ങളിൽ നിന്നും അറിയാം അവർ എന്ത്മാത്രം എനിക്കായ് കൊതിക്കുന്നുവെന്നു .

ഏതാനും നിമിഷങ്ങൾ മാത്രമാണ് പിറക്കാൻ ബാക്കി. ജീവന്റെ ഓരോ അണുവിലും വരാനിരിക്കുന്ന മനോഹരമായ നാളുകൾ ആസ്വദിക്കുവാനും ഉൾക്കൊള്ളുവാനുമുള്ള സ്വപ്നങ്ങളുംപ്രതീക്ഷകളും മാത്രമാണിനി. ഭൂമിയും ചിത്രശലഭങ്ങളും താരാട്ടുംമാത്രമാണ്ചിന്തകളിൽ. അതിന്കാതോര്തിരിക്കുമ്പോഴാണ്അച്ഛന്റെയും അമ്മയുടെയും ചില ആധികൾ ശ്രദ്ധയിൽപെട്ടത്.

ഒരു പെൺകുഞ്ഞു ജനിക്കുന്നു എന്ന് പറയുമ്പോൾ ആധിയാണത്രെ അവർക്കു! അതെന്താണ്.. എന്റെ വരവിനായി തേനുംവയമ്പും വെച്ച്കാത്തിരിക്കുന്ന അവർക്കെന്തിനാണ് ആധി? പിന്നീടവർ പറഞ്ഞതിലൊക്കെ ചില പേരുകൾ തുടർച്ചയായി കേട്ട്കൊണ്ടിരുന്നു. നിർഭയ, ജിഷ ,സൗമ്യ എന്ന് തുടങ്ങി കുറെപേരുകൾ..എനിക്കൊരു പേര്തിരഞ്ഞെടുക്കുവാനാണെങ്കിൽ ഇത്രയേറെ ആശങ്ക എന്തിന്?കൂടുതൽ കാതോർത്തപ്പോൾ ഒരു പ്രത്യേകവാക്ക് ചിലസ്ഥലപ്പേരുകളുടെ വാലായി അവർ പറഞ്ഞുകൊണ്ടേയിരുന്നു. സ്ഥലപ്പേര് മാത്രംചേർത്ത് ചിലപെൺകുട്ടികളെ പറ്റിയുംപറഞ്ഞു. പീഡനം.. ഓരോരോരോസ്ഥലങ്ങളിലായിനടന്ന സംഭവങ്ങളാണത്രെ അത്..പൂജാരിയെന്നോ ഉസ്താദെന്നോ പാസ്റ്ററെന്നോ ഭേദമില്ലാതെ, ദൈവത്തിന്റെ അടുത്ത് നിൽക്കുന്നവർ എന്ന് പറയപ്പെടുന്നവരാണത്രെഅതിൽ ഏറ്റവും മുന്നിലുംപറക്കമുറ്റാത്ത പെൺകുഞ്ഞുങ്ങൾവരെ ജീവിതം മടുത്തുആത്മാഹൂതിചെയ്യുന്നുണ്ട ത്രേ. മൃതശരീരങ്ങൾക്കുവരെ രക്ഷയില്ലാത്ത നാട്ടിലാണ് പിറക്കേണ്ടതെന്നുവരെ കേൾക്കാനിടയായി..

ഇരുളിന്റെമറവിലെ ഒറ്റക്കൈയ്യൻമാർ, വെളിച്ചത്തിലെ സദാചാരമുതലാളിമാർ... ഏതു കൊടുംകുറ്റവാളിയെയും രക്ഷിച്ചുസ്വന്തം അടിമക്കണ്ണുകളാക്കാൻ പാകത്തിന്രാഷ്ട്രീയകച്ചവടക്കാരും അവർക്കുനേരെകറുത്തതുണികൊണ്ട്കണ്ണുകൾ മൂടിനീതിദേവതയും ഒക്കെയാണ് അവിടെകാത്തിരിക്കുന്നത്..എല്ലായിടത്തും നിയന്ത്രണങ്ങളാണത്രെ അവിടെ , ഉടുക്കുന്നതുണി മുതൽ കഴിക്കുന്ന ഭക്ഷണം വരെ..

ഒരുപുനർചിന്തയിലാണ് ഞാനിപ്പോൾ.. ആപത്തുകൾനിറഞ്ഞവരാൻ ഇരിക്കുന്നവലിയ ജീവിതം വേണോ ക്ഷണികമായ എന്നാൽഏറ്റവും സുരക്ഷിതമായ ഈകുഞ്ഞു ജീവിതം വേണോ. ഞാൻതീരുമാനിച്ചു, ജീവിക്കുന്ന കാലമത്രയും ഒരു രാജകുമാരിയെപ്പോലെ ലാളനകൾ മാത്രം ഏറ്റുവാങ്ങി ഈപ്പൃപ്പക്കുള്ളിൽ കഴിയുന്നതല്ലേ ഏറ്റവും വലിയഭാഗ്യം?എന്റെ പിറവിക്കായി കാത്തിരിക്കുന്നഎല്ലാവരോടും ക്ഷമ ചോദിക്കുവാനൊരുങ്ങുമ്പോഴാണ്, സമയയന്ത്രത്തിൽ കയറിയ നിമിഷത്തെപറ്റി ഓർത്തത്..ഭൂതകാലം കണ്ടുതിരിച്ചു വരുന്നതും കാത്തിരിക്കുന്ന മകളില്ലേഅവിടെ..മകളെ മാപ്പുതരിക, ഇതാ എന്റെ സമയയന്ത്രം ഞാൻ നിനക്കായി അയക്കുന്നു, മടങ്ങിവരുക ലോകത്തിലെ ഏറ്റവും സുരക്ഷിതമായഇടം ഇതാണ്...

നന്ദി..

# ഓർമ്മയിലെ അമ്മ

ബീന പുഷ്കാസ്

കഴിഞ്ഞു പോയ മദേസ് ഡേയുടെ പശ്ചാത്തലത്തിൽ ഞാനെന്റെ അമ്മയെ ഓർക്കുകയാണ്. അമ്മ എനിക്ക് ആരായിരുന്നു ? അച്ഛമ്മ .... അച്ഛമ്മയായിരുന്നു എനിക്ക് അമ്മ. ഓർമ്മകൾ പോലും എന്തെന്നറിയാത്ത പ്രായത്തിൽ പെറ്റമ്മയെ നഷ്ട്ടമായ എനിക്ക് കിട്ടിയ നിധിയാണ് അച്ഛമ്മ.

പ്രസവിച്ചതുകൊണ്ട് മാത്രം ഒരു സ്ത്രീ അമ്മയാകില്ല. പ്രസവിച്ചില്ല എന്ന കാരണത്താൽ അമ്മയാവാതിരിയ്ക്കാനും കഴിയില്ല. അതാണ് എന്റെ അനുഭവം.

ദൈവം എനിയ്ക്ക് നൽകിയ ഏറ്റവും വലിയ സമ്മാനം അതാണ് എന്റെ 'അച്ചമ്മ'. അച്ചമ്മയായിരുന്നു എനിയ്ക്ക് 'അമ്മ'. എനിയ്ക്ക് മാത്രമല്ല, മറ്റ് പലർക്കും. അച്ചമ്മ അമ്മയായിരുന്നു. ജന്മം കൊണ്ടല്ല, കർമ്മം കൊണ്ട് . . . . . . .

എങ്ങനെ ജീവിയ്ക്കണം എന്ന് അച്ചമ്മ എന്നോട് പറഞ്ഞില്ല. അച്ചമ്മ ജീവിച്ചു. അത് കണ്ട് വളരാൻ എന്നെ അനുവദിച്ചു. അമ്മ എന്ന എന്റെ അച്ചമ്മയായിരുന്നു എന്റെ വഴികാട്ടി. അച്ചമ്മയുടെ പാതയിലൂടെ ഞാൻ സഞ്ചരിച്ചു. അച്ചമ്മയായിരുന്നു എന്റെ എല്ലാം.

അച്ചമ്മയായിരുന്നു എന്റെ ശരി, എല്ലാത്തിനും എനിക്ക് പ്രചോദനം, എന്റെ ഗുരു, എന്നും എന്റെ റോൾ മോഡൽ. അമ്മയിൽ ഞാൻ എന്നെ കണ്ടു. അമ്മയെ പോലെ ആകാൻ ഞാൻ ശ്രമിച്ച്, എന്നിലുണ്ടായിരുന്ന അമ്മയുടെ വിശ്വാസം എന്റെ ദിനങ്ങൾ തിളക്കമുള്ളതും വർണ്ണശബളവുമാക്കി തീർത്തു.

ഇന്ന് ഞാനും ഒരമ്മയാണ് . . . . . . . അമ്മമാരുടെ ജീവിതത്തിലെ വലിയൊരു ഭാഗം അമ്മമാർ നമുക്കായി തന്നു. 10 മാസം ശരീരത്തിനുള്ളിലും പിന്നീട് വർഷങ്ങളോളം കണ്ണിലെ കൃഷ്ണമണി പോലെയും സംരക്ഷിച്ചു. അമ്മ ഉണ്ണാതെ നമ്മെ ഊട്ടി. അമ്മ ഉറങ്ങാതെ നമ്മെ ഉറക്കി. നാൾക്കുനാളുള്ള നമ്മുടെ വളർച്ചയിൽ അമ്മ ആനന്ദിച്ചു.




നമ്മൾ വളർന്നു. ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക്. ഇനി നമുക്ക് അമ്മയുടെ സഹായം വേണ്ട, അമ്മയുടെ ആവശ്യവുമില്ല. വാർദ്ധക്യത്തിലെത്തിയ അമ്മ, ഒരുപക്ഷേ ഇന്ന് വീടിന് ഒരു അലങ്കാരമായി പലർക്കും തോന്നാറില്ല. മറിച്ച് ഒരു ഭാരമായി പലർക്കും അനുഭവപ്പെട്ടേയ്ക്കും.

'കാലചക്രം തിരിയുന്നു'.

ഇന്ന് അമ്മമാർക്ക് നമ്മളെ (മക്കളെ) ആവശ്യമുണ്ട്. കാരണം, അമ്മയ്ക്ക് പ്രായമേറി, ആഹാരം കഴിയ്ക്കാനും കുറച്ചുദൂരം നടക്കാൻ ഒരു താങ്ങായും ഉറങ്ങും മുൻപ് അൽപ്പം സംസാരിയ്ക്കാനും . . . . അങ്ങനെ പലതിനും.

അമ്മ ആഹാരം കഴിയ്ക്കാൻ മടികാണിയ്ക്കുന്നു. കഴിയ്ക്കുമ്പോൾ ശരീരത്തിലും വസ്ത്രത്തിലും ഒക്കെ പറ്റിയ്ക്കുന്നു . . . . . . ഒരു നിമിഷം . . . . . . ഒന്ന് പിന്നോട്ട് ചിന്തിയ്ക്കു കുട്ടിക്കാലത്ത് നമ്മൾ കഴിയ്ക്കുമ്പോൾ ആഹാരം പെറുക്കി എറിഞ്ഞ് വീട് എത്ര വൃത്തികേടാക്കിയിരുന്നു. അമ്മ ഒരിയ്ക്കലും പരാതിയോ പരിഭവമോ പറഞ്ഞില്ല. മറിച്ച് കൊണ്ട്നടന്ന് കഥകൾ പറഞ്ഞ് തന്ന് നമ്മെ ഊട്ടി.

അമ്മയ്ക്ക് രാത്രി ഉറക്കം ഇല്ല. വെറുതേ പുലമ്പിക്കൊണ്ട് കിടക്കും . . . . . . ഓർക്കുക, കുട്ടിക്കാലത്ത് നമ്മെ ഉറക്കാനായി എത്ര താരാട്ട് പാട്ടുകളാണ് അമ്മ പാടിയത്. ആ അമ്മയ്ക്കൊപ്പം ഇന്ന് ഇത്തിരി സമയം ചിലവിട്ടുകൂടെ ?

ജീവിതത്തിന്റെ എത്രയോ ഭാഗം നമുക്കായി ജീവിച്ച അമ്മമാർക്കു വേണ്ടി നമ്മുടെ ജീവിതത്തിന്റെ ചെറിയൊരു ഭാഗം നൽകിക്കൂടെ ? ഇന്നവർക്ക് നമ്മുടെ ആവശ്യമുണ്ട്.

മരിച്ചുകഴിഞ്ഞ് ബലിതർപ്പണം നടത്തി, അന്നദാനവും കല്ലറയിൽ പൂവും വച്ചിട്ട് കാര്യമുണ്ടോ ? അതൊന്നും കാണാൻ അമ്മ ഇല്ലല്ലോ ? പകരം അമ്മ ജീവിച്ചിരിയ്ക്കുമ്പോൾ അവൾക്ക് ഇഷ്ടപ്പെട്ട ആഹാരം വച്ചുണ്ടാക്കിക്കൊടുത്ത് ഇഷ്ടവസ്ത്രങ്ങളോ ഒരു കുട പൂവോ നൽകി ഇഷ്ടപ്പെട്ടവർക്കൊപ്പം പുറംചുറ്റലോ, ഒരു പിറന്നാൾ ആഘോഷമോ ഒക്കെ അവർ എത്ര ആനന്ദിയ്ക്കും . . . . . . . .

ഭൂമിയിലെ നമ്മുടെ വിലപിടിപ്പുള്ള നിധിയാണ് അമ്മമാർ. സ്വർഗ്ഗത്തിൽ അമ്മയെ സ്നേഹിയ്ക്കാൻ ഒരു വഴിയേ ഉള്ളൂ. അത് ഭൂമിയിൽ അവരെ സ്നേഹിയ്ക്കുക എന്നതാണ്. മതിയാവോളം സ്നേഹിയ്ക്കുക.

എല്ലാ അമ്മമാരും സമ്പന്നരാണ്. മക്കളെ സ്നേഹിയ്ക്കുന്ന കാര്യത്തിൽ വളരെ സമ്പന്നർ. അവരെ സ്നേഹിയ്ക്കു. . . . . . അവർക്കായി കുറച്ചു സമയം മാറ്റിവയ്ക്കു . . .

ഇത് അമ്മമാർക്കായുള്ള എന്റെ സമർപ്പണം . . .



# അമ്മൂമ്മക്കിളി

## സിസിലി ജോർജ്ജ്

അടുക്കള മുറ്റത്തെ ഇരുമ്പൻ പുളിയിൽ മൂത്തത് നോക്കി പറിച്ചെടുത്ത് അലൂമിനിയം തട്ടത്തിലിട്ട് ദേവകിയമ്മൂമ്മ വരാന്തയിൽ കയറി. നല്ല മഴക്കോള് കാണുന്നു തെക്കുവശത്ത്. ഇന്നൊരു പക്ഷെ നല്ലൊരു മഴവരുന്ന ലക്ഷണമുണ്ട്. ഒരാഴ്ചയായി നിന്ന് തിളയ്ക്കുകയാണ് ചൂട്. പറമ്പിലെ പുല്ലൊക്കെ ഉണങ്ങിക്കരിഞ്ഞിരിക്കുന്നു. കഴിഞ്ഞ വർഷംവരെ നേരത്തിന് നനയുണ്ടായിരുന്നതൊക്കെ നിന്നുപോയി. തെക്കെ തൊടിയിൽ ആഞ്ഞിലിയിൽ നിറയെ പഴം പഴുത്ത് തൂങ്ങുന്നു. കാക്കകൾക്ക് കുശാലാണ്. അതിന്റെ ബഹളം കേൾക്കാനുണ്ട്.

ഇരുമ്പൻ പുളി നിറച്ച തട്ടം അടുക്കള വരാന്തയിൽ വച്ച് ആഞ്ഞിലിച്ചോട്ടിലേക്ക് നടന്നു. മഞ്ഞ മുളള് നിറഞ്ഞ ആഞ്ഞിലിപ്പഴങ്ങൾ താഴെ വീണ് ചതഞ്ഞരഞ്ഞ് കിടക്കുന്നു. പല്ലിമുട്ട പോലെ ആഞ്ഞിലിക്കുരുക്കളും നിറയെ വീണു ചിതറിക്കിടക്കുന്നു. കാക്ക തൊടാത്ത ഒരൊറ്റ പഴമില്ല താഴെ. വെറുതെ മേലേക്ക് നോക്കിനിന്നു. നാലാൾ ചുറ്റിപ്പിടിച്ചാൽ പിടിയെത്താത്ത മരത്തിന് നല്ല തടിവില കിട്ടും. വർഷങ്ങളായി ഒരു കാരണവരെ പോലെ പറമ്പിലെ പടിഞ്ഞാറെ കോണിൽ മറ്റൊരാഞ്ഞിലിയുമുണ്ട്. പണ്ട് വല്യമ്മാവന്റെ കാലത്ത് ഒരു പ്രശ്നവിധിയിൽ കണ്ടത് ഈ രണ്ട് ആഞ്ഞിലികളും പ്രണയിതാക്കളാണെന്നാണ്. പണ്ടെന്നോ വിധിവിഹിതമായി ഭൂമിയിൽ ജന്മമെടുത്ത് ഇണകൾ. എന്തായാലും പക്ഷിവൃന്ദത്തിന് സുഭിക്ഷത നൽകി മത്സരിക്കുന്ന രണ്ടാത്മാക്കൾ !! കുറച്ച് ആഞ്ഞിലിക്കുരുക്കൾ പെറുക്കിയെടുക്കണമെന്ന് ആശയുണ്ട്. വറുത്തെടുത്താൽ നല്ല രുചിയായിരിക്കും. പക്ഷെ ഈയിടെയായിട്ട് താഴേക്ക് കുനിയാൻ വയ്യ. തലചുറ്റം. കഴിഞ്ഞ പൗർണ്ണമിക്ക് ആകാശത്ത് ഉദിച്ചുയർന്നു നിന്ന പൂർണ്ണ ചന്ദ്രനെ കഴുത്തുയർത്തി നോക്കിനിന്നതോർമ്മയുണ്ട്. പിന്നെ കുറേകഴിഞ്ഞപ്പോൾ തെക്കിനിയിലെ മെത്തയിൽ കിടന്നാണ് കണ്ണ് തുറന്നത്. അടുത്ത്, പറമ്പിൽ കിളച്ചത് ശരിയായോന്നു നോക്കാൻവന്ന അപ്പുണ്ണി അന്തംവിട്ട് നിൽക്കുന്നു. കരയ്ക്കപ്പുറം താമസിക്കുന്ന നന്ദിനി മകനെ പറഞ്ഞുവിട്ടതാണ്, തൊടിയിലെ കിള തീർന്നോന്നറിയാൻ.

'ഇപ്പൊ എങ്ങനുണ്ട് വല്യമ്മേ'

'ന്ക്കെന്താ പറ്റ്യേന്റെ കുട്ട്യേ ?'

'ഒന്ന്വംല്യ . . . .. ഞാൻ അടുത്തെത്തീതോണ്ട് ഒന്നുംണ്ടായില്യ.'

'പൂർണ്ണചന്ദ്രനുദിക്കണ കാണാൻ പണ്ടും യ്ക്ക് ഇഷ്ടായിരുന്നു.'

'പടിപ്പുര മാളികേല് കട്ടിലിൽ കിടന്നാൽ കാണാലോ . . . . . ഞാൻ പിടിച്ചോണ്ട്, കൊണ്ടോയി കാണിക്കണോ ?'





'നിപ്പൊ വേണ്ട'

പിറ്റേന്ന് പരിശോധനയൊക്കെ കഴിഞ്ഞ് ഗോവിന്ദൻ ഡോക്ടർ പറഞ്ഞു . . . . . 'ഒന്ന് സൂക്ഷിക്കണം. മേലെയും താഴെയും പെട്ടെന്ന് നോക്കരുത്' 'ഊം . . . . ങ്ങനേംണ്ടോ . . . . രോഗങ്ങള്'.

ഡോക്ടർ ചിരിച്ചു. പിന്നെ അപ്പുണ്ണിയോടെന്തൊക്കെയോ പറഞ്ഞു.



തിരിച്ചു നടന്ന്, കാവൽ നിൽക്കുന്ന സിമന്റുതൂണുകളിൽ പിടിച്ചുപിടിച്ച് ഉമ്മറത്ത് കയറി. ചാരുകസേരയിൽ കാലു താഴ്ത്തിയിട്ട് കിടന്ന് ഒരല്പം മയങ്ങിപ്പോയി.

'അമ്മൂമ്മേ . . . . . വാതിലൊക്കെ തുറന്നിട്ട് ഇവിടെത്തന്നെ കിടന്നുറങ്ങ്വാ . . . .'

പെട്ടെന്ന് കണ്ണ് തുറന്നു. മുന്നിൽ സതിമോളാണ്.

'ആ . . . . കുട്ടി വന്നോ ?'

'ഞാൻ സരസൂനേം കൊണ്ട് വന്നതാ. അമ്മൂമ്മ ഊണ് കഴിച്ചോ ? അമ്മ ചേനക്കാളൻ കൊടുത്തയച്ചിട്ടുണ്ട് . . . . . വാ . . . . .

സതിക്കുട്ടിയുടെ കൂടെ അടുക്കളയിലേക്ക് നടന്നു. ഇപ്പൊ ഇടയ്ക്കിടെ ഓടിവരുന്നതവളാണ്. കോളേജ് പഠനത്തിനിടിയിൽ ദേവകി അമ്മൂമ്മക്ക് വേണ്ടി ഒക്കെ ചെയ്യാൻ ആ കുട്ടിക്ക് സന്തോഷമാണ്. അമ്മൂമ്മയിൽ നിന്ന് പഴങ്കഥകൾ കേൾക്കാൻ ഉത്സാഹമുള്ള പുതുതലമുറയിലെ ഒരുത്തുതമാണവൾ. 'സൈബർ യുഗത്തിന്റെ ഒട്ടനവധി നേട്ടങ്ങൾ സ്വായത്തമാക്കിയ അവൾ ഈ പഴഞ്ചൻ ചിന്തകളൊക്കെ ഉൾക്കൊള്ളുന്നത്, ഏതൊരു രീതിയിലാണാവോ ? അപ്പുണ്ണി പറഞ്ഞു.

കയ്യിൽ വാഴയിലക്കീറിൽ കരുതിയ ആഞ്ഞിലിക്കുരുക്കൾ അവൾ ചരുവത്തിലെ വെള്ളത്തിൽ തിരുമ്മിക്കഴുകി മണൽ മാറ്റിയെടുത്തു. ചെറിയ കൈതോലപ്പായ മുറ്റത്തെടുത്തിട്ട് ആഞ്ഞിലിക്കുരുക്കൾ അതിൽ ചിതറിയിട്ടു.

'ഉണങ്ങട്ടെ . . . . . ഞാനിന്ന് ഇത് വറുത്ത് തരാം'

'വേണ്ട കുട്ട്യേ . . . . എനിക്കിപ്പൊ ആ മോഹമൊന്ന്വംല്യ'

'നുണ പറയണ്ട . . . . ഞാൻ കാണാറ്ണ്ട് . . . . ആഞ്ഞിലിച്ചോട്ടില്'

'അത് വെറ്തെ . . . . സമയം പോണ്ടേ ?'

'കാമുകന്റേം കാമുകീടേം ചോട്ടിലെ കുരുക്കളുണ്ട് ട്ടോ . '

പെട്ടെന്ന് അമ്മൂമ്മ ഉറക്കെചിരിച്ചു. പഴങ്കഥകളൊക്കെ അവൾക്ക് പറഞ്ഞുകൊടുത്ത, അവളുടെ കുഞ്ഞുകുട്ടിക്കാലം അമ്മൂമ്മ ഓർത്തു. കഥകൾ കേൾക്കാൻ എന്തൊരിഷ്ടായിരുന്നു ഇവൾക്ക്. പറഞ്ഞാലും പറഞ്ഞാലും മതിയാവാതെ, പിന്നേം പിന്നേം അവൾ നിർബന്ധിച്ചു കൊണ്ടിരിക്കും.

'ഊണ് കാലായിട്ടോ . . . . . വന്നേക്കു'

സരസു വാതിൽപ്പടിയിൽ വന്ന് വിളിച്ചു. പത്തായപ്പുറത്ത് നാക്കിലയിൽ ചോറും കറികളുമൊക്കെ വിളമ്പിവച്ചിരുന്നു. പപ്പടം കാച്ചിയതെടുത്ത് പൊട്ടിച്ച് വായിലിട്ട് സതിക്കുട്ടി അമ്മൂമ്മയെ പത്തായപ്പെട്ടിപ്പുറത്തിരുത്തി. 'ചേനക്കാളൻ . . . . നന്നായിട്ടുണ്ട് . . . . ട്ടോ . . . . .'

അമ്മൂമ്മ പറഞ്ഞു ! നാക്കിനിപ്പൊ രുചിക്കുറവാ . . . .



ആകാംക്ഷയോടെ സതി ചോദിച്ചു. വെയിലും കാറ്റും കിട്ടാൻ അവൾ ജനലുകൾ തുറന്നിട്ടു. ചെറിയ കാറ്റടിച്ചപ്പോൾ മരങ്ങൾ ചില്ലകളിളക്കി ആനന്ദിച്ചു. രാവിലെ വൈകി എഴുന്നേറ്റ് കാപ്പിക്കപ്പുമായി അലസതയോടിരുന്നപ്പോൾ സതി അത്ഭുതപ്പെട്ടു. ഒരു കുഞ്ഞു മഞ്ഞക്കിളി ഇരുമരങ്ങളിലും ചാടിക്കളിച്ച് ചിറകുവിരിച്ചാനന്ദിക്കുന്നു.



വയസ്സായില്ലേ്യ'

'വയസ്സായോ ? അമ്മൂമ്മ ഇനി ഇവിടെ ഒറ്റക്കിരിക്കണ്ട. വരു ! എന്റെ കൂടെ . . . . . അമ്മയും പറഞ്ഞു'

'വരട്ടെ . . . . . കുട്ട്യേ . . . . സരസുണ്ടല്ലോ ഇവിടെ . . . . '

'അവൾക്കൊന്നും ഇവിടെ നിൽക്കാൻ പറ്റോ ? എന്തിനാ അത് ? വന്നൂടെ എന്റെ കൂടെ ?'

അവസാനം മനമില്ലാമനസ്സോടെ അമ്മൂമ്മ കൂടെപ്പോയി. പഴയ വീടും പത്തായപ്പുരയും അതോടെ ആളൊഴിഞ്ഞ വീടായി. നാട്ടിൽ പിന്നീട് ആ വീടിന് ഒരു പേരും വീണു. 'ആഞ്ഞിലിപ്പറമ്പ്'. വർഷങ്ങൾ പഴക്കമുള്ള ആഞ്ഞിലികൾ രണ്ടും നിറയെ കായ്ച്ചു. കാക്കകൾക്കും മറ്റനേകം പക്ഷികൾക്കും അത് ഭക്ഷണമായി ചുവട്ടിൽ വീണ് പൊട്ടിമുളച്ച ആഞ്ഞിലിത്തൈകൾ പലതും വളർന്നുപൊങ്ങി. ക്രമേണ അവിടെ ആഞ്ഞിലിക്കാട് പടർന്നുയർന്നു. അമ്മൂമ്മ മരണം കീഴടക്കുന്നതിനു മുമ്പ്, ആ പുരയിടം സതിക്കുട്ടിക്കായി എഴുതിവച്ചിരുന്നു. സതിയുടേയും അപ്പുണ്ണിയുടേയും വിവാഹം കഴിഞ്ഞ് വർഷങ്ങളായി. അമ്മൂമ്മ സ്നേഹപൂർവ്വം നൽകിയ പറമ്പ് വിറ്റുകളയാൻ മനസ്സുണ്ടായിട്ടല്ല. പക്ഷെ, വർഷംതോറും നാട്ടിൽ വരാനും പറമ്പിന്റേയും പഴയ വീടിന്റേയും സംരക്ഷണം വേണ്ടപോലെ നടത്താനും അവർക്ക് പറ്റാതായി. കാടും പടലും പടർന്നുകയറിയ പറമ്പ് പിന്നീട് ഒരു 'ഭൂമാഫിയ' യ്ക്ക് അവർ കൈമാറി. നാടൊട്ടുക്ക് സ്ഥലം വാങ്ങി ഫ്ളാറ്റ് പണിയിൽ മുഴുകിയ അവർ വളർന്ന് മുറ്റിനിന്ന ആഞ്ഞിലിക്കാട് വെട്ടിമാറ്റാൻ ആളെ അയച്ചു.

സ്ഥലം വാങ്ങിയവരോട് സതി ഒന്നേ ആവശ്യപ്പെട്ടിരുന്നുള്ളൂ. ആ ഫ്ളാറ്റുകളിൽ ഒരു ടു ബെഡ് റൂം ഫ്ളാറ്റ് – അവരത് സമ്മതിക്കുകയും ചെയ്തിരുന്നു. വർഷങ്ങൾക്കുള്ളിൽ ഫ്ളാറ്റുകൾ പണി തീർന്നു. വിവരമറിഞ്ഞതു മുതൽ സതിക്ക് ഒരേ ആശ. നാട്ടിൽ പോയി ഫ്ളാറ്റ് കാണണം. കണ്ടാൽ പോര, അവിടെ താമസിക്കണം. മുത്തശ്ശിക്കഥകൾ കേട്ടുവളർന്ന അവൾക്ക് ഏറ്റവും പ്രിയപ്പെട്ട ആഞ്ഞിലിക്കാട് എന്നും ഓർമ്മയിൽ പച്ചപിടിച്ചു നിൽക്കുന്നു. അവിടെ ഫ്ളാറ്റ് സമുച്ചയം ഉയരുന്നതും അതൊരു സുന്ദര വാസസ്ഥലമാകുന്നതുമൊക്കെ അവളുടെ മനസ്സിലെന്നും ആഗ്രഹങ്ങളായിരുന്നു. അതിന്ന് യാഥാർത്ഥ്യമായിരിക്കുന്നു.

സതിയും അപ്പുണ്ണിയും മക്കളോടൊത്ത് നാട്ടിലെത്തി. തിരിച്ചറിയാൻ കഴിയാത്തവിധം അവിടമാകെ മാറിപ്പോയിരുന്നു. സ്വപ്നസൗധങ്ങൾ നിറഞ്ഞ ഒരത്യാധുനിക നഗരം പോലെ നാട്ടിൻപുറത്തിന്റെ മുഖച്ഛായതന്നെ മാറ്റിമറിച്ചു, ആ മന്ദിരങ്ങൾ. ആകാശംമുട്ടെ വളർന്നുനിന്ന ആഞ്ഞിലിമരങ്ങൾ പടർത്തിയിരുന്ന ഇരുൾ ഇന്നവിടെയില്ല. ആഞ്ഞിലിപ്പഴങ്ങൾ തിന്നുമദിച്ച പക്ഷികളും അങ്ങോട്ട് തിരിഞ്ഞുനോക്കാതായി. സതിക്ക് സന്തോഷം തോന്നിയെങ്കിലും ചിലപ്പോഴൊക്കെ പഴയ ഓർമ്മകൾ അവളെ കുത്തിനോവിച്ചു. ആഞ്ഞിലിച്ചുവട്ടിൽ പ്രേമസായൂജ്യം നുണഞ്ഞ് വാർദ്ധക്യത്തിലും സ്വപ്നം മെനഞ്ഞുകഴിഞ്ഞ അമ്മൂമ്മയുടെ ദിനങ്ങൾ ! ആകാശം മുട്ടിനിന്ന വൃക്ഷരാജാക്കന്മാർ മനസ്സിൽ നിറച്ചുതന്നിരുന്ന പ്രേമസാമ്രാജ്യം !! ഗ്രാമീണാന്തരീക്ഷത്തിൽ അലിഞ്ഞുചേർന്ന നിഷ്കളങ്കത !!! അങ്ങനെയങ്ങനെ ഒരുപാട് കാര്യങ്ങൾ നഷ്ടമായിരിക്കുന്നു. വൻനഗരത്തിന്റെ മടുപ്പ് മാറ്റാൻ ഓടിവരാനൊരിടമുണ്ടായിരുന്നതും പൊയ്പ്പോയി.

പട്ടണത്തിൽ എക്സിബിഷൻ കാണാൻ പോയപ്പോൾ അനേകം ചെടികൾക്കും പൂക്കൾക്കുമിടയിൽ നിന്ന് ഒരു ആഞ്ഞിലിയുടെ 'ബൊൺസായ്' രൂപം അവൾ വാങ്ങി.

'ഒന്നുംകൂടെ വാങ്ങ്' അപ്പുണ്ണി പറഞ്ഞു.

'ശരി – രണ്ടെണ്ണം വേണം അല്ലേ ?'

അങ്ങിനെ രണ്ട് കുഞ്ഞുമരങ്ങൾ വാങ്ങി അവൾ ഫ്ളാറ്റിലെത്തി. അവരുടെ ഫ്ളാറ്റിരുന്ന സ്ഥലം സൂക്ഷിച്ചുനോക്കിയാൽ മുമ്പ് ഒരാഞ്ഞിലിമരം നിന്ന അതേസ്ഥാനത്തു തന്നെയായിരുന്നു. സതി ഏതാണ്ട് തിട്ടപ്പെടുത്തി ഒരു മരം വച്ചു. മറ്റേത് വയ്ക്കുന്നത് അടുത്തുതന്നെയാകട്ടെ. അങ്ങനെ രണ്ട് മരത്തിന്റെ കുഞ്ഞുരൂപങ്ങളും പരസ്പരം ശാഖയുരുമ്മി ആ മുറിയിൽ ചേർന്നുനിന്നു. മരത്തിന് ശുശ്രൂഷകൾ ചെയ്യുമ്പോൾ അമ്മൂമ്മയെ അവൾക്ക് ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല. അമ്മൂമ്മയുടെ കുഞ്ഞുരൂപം ആ മരങ്ങൾക്കിടയിലൂടെ നൂന്ന് നടക്കുന്നെന്ന് അവൾക്ക് പലപ്പോഴും തോന്നി. ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ അഭ്യസ്തവിദ്യയായ ഒരാൾക്ക് തോന്നാൻ പാടില്ലാത്തതാണ്; എന്നിട്ടും !!!

ഫ്ളാറ്റിൽ സതി തന്റെ അമ്മയെ കൂടെക്കൂട്ടി. അമ്മയ്ക്കും വയസ്സായിത്തുടങ്ങിയിരിക്കുന്നു. കുഞ്ഞുമരത്തിന്റെ രൂപം കണ്ട് അമ്മ ചിരിച്ചു. വലിയ ആഞ്ഞിലികൾ നിറയെ, ചെറിയ ചക്കകൾ ഉതിർത്തിരുന്നത് ആവോളം ആസ്വദിച്ചിരുന്നതന്റെ ബാല്യയൗവ്വനങ്ങൾ അവരും ഓർത്തു. എത്രയോ തലമുറകൾക്ക് തണലേകി, താരുണ്യമാസ്വദിച്ച വൃക്ഷരാജാക്കന്മാർ കുഞ്ഞുങ്ങളായി പുനർജ്ജനിച്ചിരിക്കയാണെന്ന് തോന്നും പലപ്പോഴും. സതി തിരിച്ച് വിദേശത്തേക്ക് പ്ലെയിൻ കയറിയപ്പോഴും ഫ്ളാറ്റിൽ അമ്മ ഉണ്ടായിരുന്നു. വർഷങ്ങൾ പിന്നേയും ഓടിയകന്നു. മരം വളർന്നില്ല. നീണ്ടുവരുന്ന ശാഖകൾ സതി പറഞ്ഞപോലെ കോതിക്കളഞ്ഞും, കൂട്ടിപ്പിണച്ചു കെട്ടിയും അമ്മ ശുശ്രൂഷിച്ചു. പിന്നെപ്പിന്നെ അമ്മയും അവശയായി. എന്നിട്ടും ആഞ്ഞിലിച്ചട്ടിക്കരികിലി രിക്കുമ്പോൾ അവർക്ക് സുഖം തോന്നി. പറമ്പിൽ ഉയർന്നുപന്തലിച്ചുനിന്ന വൻമരങ്ങൾ കൂട്ടായിവന്ന് താമസിക്കുന്നെന്നവർക്കും തോന്നി.

ഒരിക്കൽ അവർ ഒരാഞ്ഞിലിയിൽ ഒരു കുഞ്ഞു ചക്ക കണ്ട് ആനന്ദതുന്ദിലയായി. ഫോണിൽ വിവരമറിഞ്ഞ് സതിക്കും ആ ചക്ക കാണാൻ ആശ തോന്നി. നാട്ടിൽ വന്ന് അതൊന്ന് കാണണമെന്ന് വല്ലാതാഗ്രഹിച്ചു. അമ്മൂമ്മയും അമ്മയും പിന്നെ താനും സ്നേഹം പകർന്നതൊരേ മരത്തിനാണെന്ന ചിന്ത അവളെ നാട്ടിലെത്തിച്ചു. കുഞ്ഞുകായ് ഫലവുമായി നിന്ന കുഞ്ഞുമരം അവൾ ആകാംക്ഷയോടെ നോക്കിനിന്നു. ഒരു മരമേ കായ്ച്ചുള്ളു.

'എന്തേ നീ കായ്ക്കാത്തത് ?'

ആകാംക്ഷയോടെ സതി ചോദിച്ചു. വെയിലും കാറ്റും കിട്ടാൻ അവൾ ജനലുകൾ തുറന്നിട്ടു. ചെറിയ കാറ്റടിച്ചപ്പോൾ മരങ്ങൾ ചില്ലകളിളക്കി ആനന്ദിച്ചു. രാവിലെ വൈകി എഴുന്നേറ്റ് കാപ്പിക്കപ്പുമായി അലസതയോടിരുന്നപ്പോൾ സതി അത്ഭുതപ്പെട്ടു. ഒരു കുഞ്ഞു മഞ്ഞക്കിളി ഇരുമരങ്ങളിലും ചാടിക്കളിച്ച് ചിറകുവിരിച്ചാനന്ദിക്കുന്നു.

'അമ്മൂമ്മേ . . . . .' അവൾ വികാരവിവശയായി വിളിച്ചു.



SAM
SAM TRAVEL & TOURS
Appointed Agents For All Major Airlines
IATA
Fully Bonded for Your Protection and Peace of Mind
SAM TRAVEL & TOURS
Established 1973
www.samtravel.co.uk
Specialist in Low Cost Worldwide Airtickets
"EXPERIENCE THE BEAUTY OF BACKWATERS OF GOD'S OWN COUNTRY"
Special Packages to Kerala, Goa and Dubai
For Malayalam Speaking Staff
020 8478 8288
For Best Fares To
Cochin – Calicut
Trivandrum
Your One Stop Travel Shop
714 Romford Road London E12 6BT
sales@samtravel.co.uk
0208 478 8911
www.samtravel.co.uk
Emirates
Cathay Pacific
Etihad
PIA
Qatar Airways
Jet Airways
malaysia
Royal Brunei
Kuwait Airways
British Airways
Asiana Airlines
Airfrance
Continental Airlines
KLM
SriLankan
Gulf Air




MAUK Ponnonam 2017
Onam Offer 10% off on Groceries
From 25th Aug to 16th Sep 2017
We guarantee low prices on all your Onam shopping
GREEN STOP
STOP
STOP
GROCERY • VEGETABLES • FRESH FRUITS • DAIRY PRODUCTS • FRESH FISHES
WIDE RANGE OF FRESH FISH FROM SRILANKA & INDIA
VISIT US INSIDE FOR MORE VARIETIES OF SEA FOODS
FRESH FISH AVAILABLE
£4.99
515 Barking Road
East Ham, London E6 2LN
Tel: 0208 472 2448
www.greenstop.co.uk
Nirapara
Pavizham
Eastern
Double Horse
EASTHAM : 515 Barking Road, Eastham London, E6 2LN
GANTSHILL : 639-643 Cranbrook Rd, Ilford IG2 6SX


ONE STOP SHOP FOR ALL YOUR
PROPERTY NEEDS
since 1999
SWAYAM
www.swayam.co.uk
East Ham | Redbridge
Onam greetings
www.swayam.co.uk
Redbridge
4 High View Parade,
Redbridge Lane East,
Redbridge,Essex, IG4 5ER.
Tel: 0208 550 3543
East Ham
146 High Street North
East Ham, London, E6 2HT.
Tel: 0208 471 7049
info@swayam.co.uk
BNI
PRS
DPS
NLA
UK ALA
| SALES | LETTINGS | MANAGEMENT | MAINTENANCE | MORTGAGES |